2016 ഡിസംബർ 10
വാല്യം 09
ലക്കം 23

# ബിലീവേഴ്സ് ജേണൽ

BELIEVERS JOURNAL
RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Price Rs: 10/- Pages: 12

# ഫിഡൽ കാസ്ട്രോ: മനം മാറിയ വിപ്ലവകാരി

പ്രകാശ് പി. കോശി



ക്യൂബയുടെ മുൻ ഭരണാധികാരി ഫിഡൽ കാസ്ട്രോയുടെ മരണവാർത്തയ്ക്ക് ലോക നേതാക്കളിൽ നിന്ന് സമ്മിശ്ര പ്രതികരണങ്ങളാണ് ലഭിച്ചത്. കാനഡയുടെ പ്രധാനമന്ത്രി ജസ്റ്റിൻ ട്രുഡോ കാസ്ട്രോയെ അസാധാരണ നേതാവ് എന്ന് വിളിച്ചു. റഷ്യൻ പ്രസിഡന്റ് വ്ലാദ്മീർ പുടിന് കാസ്ട്രോ ശക്തനും ബുദ്ധിമാനുമായ നേതാവായിരുന്നു. UN സെക്രട്ടറി ജനറൽ ബാൻ കിമൂണിന് കാസ്ട്രോ സാമൂഹിക നീതിയുടെ ഉറച്ച ശബ്ദമായിരുന്നു.

യു. എസ്. പ്രസിഡന്റ് വളരെ നയതന്ത്രപരമായിട്ടാണ് കാസ്ട്രോയുടെ മരണത്തോട് പ്രതികരിച്ചത്. “വേർപാടിന്റെ ഈ സമയത്ത്, ക്യൂബക്കാർക്കു വേണ്ടി ഞങ്ങൾ സൗഹൃദത്തിന്റെ കരം നീട്ടുന്നു” ഒബാമ പറഞ്ഞു.

എന്നാൽ യു. എസ്. നിയുക്ത പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ പ്രതികരണം അമേരിക്കൻ നയത്തിന്റെ പ്രതിഫലനം ആയിരുന്നു.

“ഇന്ന് ലോകം അതിക്രൂരനായ ഒരു സ്വേച്ഛാധിപതിയുടെ വേർപാടിന് സാക്ഷിയാകുന്നു. സ്വന്തം ജനതയെ ആറ് ദശാബ്ദകാലം അടിച്ചമർത്തിയ കാസ്ട്രോ ലോകത്തിന് ദാനം ചെയ്തത്, ഒരു വധശിക്ഷ സ്ക്വാഡും, ചിന്തിക്കാൻ പറ്റാത്ത തരത്തിലുള്ള ദുരിതവും ദാരിദ്ര്യവും മനുഷ്യാവകാശ ധ്വംസനവും ആണ്. ക്യൂബ ഇന്ന് ഒരു ഏകാധിപത്യ രാജ്യമായി തുടരുകയാണെങ്കിലും ഭീകരതയുടെ നീണ്ട വർഷങ്ങൾക്കുശേഷം ക്യൂബൻ ജനത അവസാനം അവർ അർഹിക്കുന്ന സ്വാതന്ത്ര്യത്തിലേക്ക് വരും എന്ന് ഞാൻ ആശിക്കുന്നു” ട്രംപ് പറഞ്ഞു.

ക്യൂബയിൽ നിന്നു അമേരിക്കയിലേക്ക് കുടിയേറി സെനറ്റർ ആയ മാർക്കോ റൂബിയോ ശക്തമായ ഭാഷയിലാണ് പ്രതികരിച്ചത്. “ഒരു കാര്യം സത്യമാണ്. ചരിത്രം കാസ്ട്രോയ്ക്ക് മാപ്പ് കൊടുക്കില്ല. സ്വന്തം ജനതക്കുമേൽ ദുഃഖവും ദുരിതവും അടിച്ചേൽപ്പിച്ച പൈശാചികനും അതിക്രൂരനുമായ ഒരു സ്വേച്ഛാ ധിപതിയായി ചരിത്രം ഇയാളെ ഓർക്കും” മാർക്കോ റൂബിയോ പറഞ്ഞു.

ക്യൂബയിലെ ഒരു റോമൻ കത്തോലിക്ക കുടുംബത്തിൽ ജനിച്ച് ജെസ്യൂട്ട് സ്കൂളിൽ പഠിച്ചു വളർന്ന കാസ്ട്രോ അമേരിക്കൻ പിന്തുണയോടെ ക്യൂബ ഭരിച്ചിരുന്ന ബാറ്റിസ്റ്റാ എന്ന സ്വേച്ഛാധിപതിയുടെ ഗവൺമെന്റിനെ 1959-ൽ ഗറില്ലാ യുദ്ധ മുറയിലൂടെ പുറത്താക്കി. കമ്മ്യൂണിസ്റ്റ് ആശയങ്ങളിൽ വിശ്വസിച്ചിരുന്ന കാസ്ട്രോ അധികാരത്തിലേറിയതിനുശേഷം ആദ്യമായി ചെയ്തത് കത്തോലിക്ക സ്കൂളുകൾ അടച്ചുപൂട്ടുക എന്നതായിരുന്നു. ഇതിൽ കാസ്ട്രോ പഠിച്ച സ്കൂളും ഉൾപ്പെട്ടിരുന്നു. പള്ളികൾ അടച്ചുപൂട്ടുക, സഭാ സ്വത്തുക്കൾ കണ്ടുകെട്ടുക, പുരോഹിതരെ ജയിലിലടയ്ക്കുകയോ, രാജ്യത്തുനിന്ന് പുറത്താക്കുകയോ ചെയ്യുക എന്നിവ ക്യൂബൻ വിപ്ലവസമത്ത് സാധാരണമായിരുന്നു. 1976-ൽ ഭരണഘടന ഭേദഗതിയിലൂടെ ക്യൂബയെ കാസ്ട്രോ ഒരു നിരീശ്വരരാജ്യമായി പ്രഖ്യാപിച്ചു. കാസ്ട്രോയുടെ ഭരണത്തിൽ ജനങ്ങൾക്ക് വിദ്യാഭ്യാസം ലഭി

04

## അസംബ്ലീസ് ഓഫ് ഗോഡ് ജനറൽ കൺവൻഷൻ ജനുവരി 17 ന് ആരംഭിക്കും

**പുനലൂർ:** അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് ജനറൽ കൺവൻഷൻ ജനുവരി 17 ചൊവ്വ മുതൽ 22 ഞായർ വരെ പുനലൂർ എ.ജി ഗ്രൗണ്ടിൽ നടക്കും. 17ന് വൈകിട്ട് ആറിനു നടക്കുന്ന പ്രാരംഭ പൊതുയോഗത്തിൽ സൂപ്രണ്ട് പാസ്റ്റർ ടി.ജെ സാമുവേൽ ജനറൽ കൺവൻഷൻ ഉദ്ഘാടനം ചെയ്യും. ചൊവ്വ മുതൽ ശനി വരെ ദിവസവും വൈകിട്ട് 6 മുതൽ 9 വരെ നടക്കുന്ന പൊതുയോഗങ്ങളിൽ അഭിഷിക്തരായ ദൈവദാസന്മാർ പ്രസംഗിക്കും.

ജനറൽ കൺവൻഷന്റെ വിജയകരമായ നടത്തിപ്പിനുവേണ്ടി ഡിസ്ട്രിക്ട് ട്രഷറാർ പാസ്റ്റർ എ. രാജൻ ജനറൽ കോ- ഓർഡിനേറ്ററായുള്ള വിപുലമായ കമ്മറ്റി രൂപികരിച്ച് പ്രവർത്തനം ആരംഭിച്ചു. പബ്ലിസിറ്റി പാസ്റ്റേഴ്സ് എ. ഷാജി, പി.കെ യേശുദാസ്, ജോസ് ടി. ജോർജ്, ടി. ഫിലിപ്പ്. പന്തൽ പാസ്റ്റേഴ്സ് ഓ. സജിമോൻ, സജി ടി. ഏബ്രഹാം. മീഡിയാ ഷാജൻ ജോൺ ഇടയ്ക്കാട് പാസ്റ്റേഴ്സ് ജോൺസൺ സാമുവേൽ, സാം. യു ഇളമ്പൽ. വാളന്റീയേഴ്സ് പാസ്റ്റേഴ്സ് ബി.സി ചന്ദ്രൻ, ബ്ലസ്സൻ ജോൺ, താമസ സൗകര്യം പാസ്റ്റേഴ്സ് ഏബ്രഹാം തോമസ്, ഡി. ജോയി, ലൈറ്റ്& സൗണ്ട് പാസ്റ്റേഴ്സ് കെ. വൈ വിൽഫ്രഡ് രാജ്, കെ. എസ് സുരേഷ് പ്രാർത്ഥന പാസ്റ്റേഴ്സ് മാത്യൂസ് കോശി, ടി.ഒ പത്രോസ്, ജോസഫ് കുര്യൻ, ടി. എസ്. സ്റ്റ്യുവർട്ട് ഗതാഗതം പാസ്റ്റേഴ്സ് ഷാബു ജോൺ, ബിജി ഫിലിപ്പ്, കർതൃമേശ പാസ്റ്റേഴ്സ് തോമസ് മാത്യു, പി.ജി. ഡാനിയേൽ, സാംകുട്ടി ജോൺ, സനൽ കുമാർ, സ്നാനം പാസ്റ്റേഴ്സ് ജോസ് തോമസ്, രാജൻ ഏബ്രഹാം, കെ.വൈ വിൽഫ്രഡ് രാജ്, അഷേഴ്സ് പാസ്റ്റേഴ്സ് എം. ഡി തോമസുകുട്ടി, ടി.വി തങ്കച്ചൻ, പി.എം ശമുവേൽ, ആർ.ടി തോമസ്, റോബിൻസൺ.ഡി സ്റ്റേജ് അറേഞ്ച്മെന്റ് പാസ്റ്റേഴ്സ് കെ.സി ജേക്കബ്, ടി.സി. റോയി, രഞ്ജിത് തമ്പി, ആരോഗ്യം പാസ്റ്റേഴ്സ് പ്രസാദ്



പാസ്റ്റർ ടി.ജെ സാമുവേൽ

04

## ശ്രീമതി മേരി ഏബ്രഹാം നിത്യതയിൽ



**കുമ്പനാട്:** ഐ. പി. സി. മുൻ പ്രസിഡന്റ് പാസ്റ്റർ റ്റി. എസ്. ഏബ്രഹാമിന്റെ സഹധർമ്മിണി മേരി ഏബ്രഹാം (91) നിത്യതയിൽ. വാർദ്ധക്യ സഹജമായ അസുഖങ്ങളെത്തുടർന്നാണ് നിര്യാണം സംഭവിച്ചത്. ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ ആദ്യകാല പ്രവർത്തകരിൽ പ്രധാനിയായിരുന്ന കുമ്പനാട് പുഴിക്കാലായിൽ പാസ്റ്റർ പി. റ്റി. ചാക്കോയുടെയും അന്നമ്മ ചാക്കോയുടെയും സീമന്തപുത്രിയായി 1925-ലാണ് മേരി ഏബ്രഹാം ജനിച്ചത്. ബാല്യത്തിൽ തന്നെ യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ചു. പ്രാഥമിക വിദ്യാഭ്യാസം വിദ്യാഭ്യാസത്തിനുശേഷം മാതാപിതാക്കളോടൊത്ത് ആന്ധ്രായിലെ ഏലൂരിലേക്ക് എത്തി. സ്കൂൾ, കോളേജ് പഠനശേഷം 1942-ൽ സെക്കന്തരബാദിലെ സെന്റ് ജോൺസ് ബ്രിഗേഡ് സ്കൂളിൽ അധ്യാപികയായി. 1950 ഏപ്രിൽ 27-ന് പാസ്റ്റർ റ്റി. എസ്. ഏബ്രഹാമിന്റെ ജീവിതപങ്കാളിയായി. ഔദ്യോഗിക ജീവിതത്തിൽ DEO ആയി സ്ഥാനകയറ്റം ലഭിച്ചു. എങ്കിലും 1980-ൽ മിസിസ്സ് കെ. ഇ. ഏബ്രഹാമിന്റെ മരണത്തെത്തുടർന്ന് ജോലി രാജി വയ്ക്കുകയും കുമ്പനാട്ടേക്ക് മടങ്ങുകയും ചെയ്തു.

04

## സാക്ഷി



കറൻസിരഹിത ലോകം വരുമോ?

*വരും എന്നതിന് സംശയം വേണ്ട. ബൈബിൾ പറഞ്ഞത് വള്ളിപുള്ളി വിടാതെ എല്ലാം സംഭവിക്കും.*

## ന്യൂ ഇൻഡ്യാ ബൈബിൾ ചർച്ച് ജനറൽ കൺവൻഷൻ



**പായിപ്പാട്:** ന്യൂ ഇൻഡ്യാ ബൈബിൾ ചർച്ച് ജനറൽ കൺവൻഷൻ 2017 ഫെബ്രുവരി 16 - 19 വരെ പായിപ്പാട് ന്യൂ ഇൻഡ്യാ ബൈബിൾ സെമിനാരി ബോയ്സ് ഹോസ്റ്റൽ ഗ്രൗണ്ടിൽ വച്ചു നടക്കും. ഡോ. അലക്സാണ്ടർ ഫിലിപ്പ് , ഡോ. ജെയ്സൺ തോമസ്, ഡോ. ബി. വർഗ്ഗീസ്, പാസ്റ്റർ പി. സി. ചെറിയാൻ, പാസ്റ്റർ വർഗീസ് ഏബ്രഹാം, പാസ്റ്റർ പി. എസ്. ഡോർജ്, പാസ്റ്റർ വി. സി. യോഹന്നാൻ, ഇവാ. റെജി കെ. തോമസ്, സിസ്റ്റർ ഷോളി വർഗീസ് മാങ്കുളങ്ങര എന്നിവർ വിവിധ യോഗങ്ങളിൽ പ്രസംഗിക്കും. ന്യൂ ഇൻഡ്യാ ബൈബിൾ ചർച്ച് ഗായക സംഘത്തോടൊപ്പം നിരണം ഹീലിംഗ് മെലഡീസും ഗാന ശുശ്രൂഷ നിർവ്വഹിക്കും. ബൈബിൾ ക്ലാസ്, പവ്വർ മീറ്റിംഗ്, പാസ്റ്റേഴ്സ് കോൺഫറൻസ്, വനിതാ സമ്മേളനം, സണ്ടേസ്കൂൾ യുവജന

04

## WME 68-ാമത് കരിയംപ്ലാവ് കൺവൻഷൻ ഒരുക്കങ്ങൾ ആരംഭിച്ചു



**കരിയംപ്ലാവ്:** ഇൻഡ്യയിലെ WME സഭകളുടെ 68-ാമത് ദേശീയ ജനറൽ കൺവൻഷൻ 2017 ജനുവരി 9 മുതൽ 15 വരെ കരിയംപ്ലാവ് ഹെബ്രോൻ സ്റ്റേഡിയത്തിൽ നടക്കും. WME ജനറൽ പ്രസിഡന്റ് പാസ്റ്റർ ഒ. എം. രാജുക്കുട്ടിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ജനറൽ കൗൺസിൽ ഒരുക്കങ്ങൾ വിലയിരുത്തി. 1948-ൽ ചെറിയ തോതിൽ ആരംഭിച്ച കരിയംപ്ലാവ് കൺവൻഷൻ ഇന്ന് ഇൻഡ്യയിലെ പ്രധാന പെന്തെക്കോസ്തു സംഗമമായി വളരുവാൻ സഹായിച്ച ദൈവത്തിന് സ്തോത്രങ്ങൾ അർപ്പിച്ചുകൊണ്ട് ജനറൽ സെക്രട്ടറി പാസ്റ്റർ കെ. എം. പൗലോസിന്റെ പ്രാർത്ഥനയോടെയാണ് കൗൺസിൽയോഗം ആരംഭിച്ചത്. ഈ വർഷവും കൺവൻഷന്റെ വിജയകരമായ നടത്തിപ്പുകൾക്കായി വിപുലമായ ക്രമീകര

04

ബിലീവേഴ്സ് ജേണൽ

പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്

ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ

വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്

ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു

മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്

ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി

സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ

കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു

മലബാർ കോർഡിനേറ്റർ
പാസ്റ്റർ ജോബിൻ കെ. ജോൺ

ബിലീവേഴ്സ് ജേണൽ
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ആയുഷ്കാലം: 2000 രൂപ
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in



**അറിയിപ്പ്**

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ


എഡിറ്റോറിയൽ

# ജനറൽ കൺവൻഷനുകൾ എന്തിന്?



ബ്രദർ രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

ഇനി വരുന്നത് ജനറൽ കൺവൻഷൻ കാലം. മിക്കവാറും എല്ലാ പെന്തെക്കോസ്ത് പ്രസ്ഥാനങ്ങളും (സ്വതന്ത്ര സഭകൾ ഉൾപ്പെടെ) വർഷം തോറും ജനറൽ കൺവൻഷനുകൾ നടത്താറുണ്ട്. ഈ ജനറൽ കൺവൻഷനുകൾ കൊണ്ട് എന്ത് പ്രയോജനം എന്ന ചോദ്യം പലപ്പോഴും ഉയർന്നുവരാറുമുണ്ട്. ഇതിന്റെ ഉത്തരം രണ്ട് നിലകളിൽ നൽകുവാൻ കഴിയും. ഒന്ന്, നെഗറ്റീവ് ആണ്. പോസിറ്റീവായ ഉത്തരത്തിൽ വലിയ കാര്യങ്ങളൊന്നും ഇല്ലാ എന്നത് യാഥാർത്ഥ്യം.

ഐ. പി. സി. പ്രസ്ഥാനത്തിന്റെ കുമ്പനാട് കൺവൻഷൻ, തിരുവല്ലയിലെ ചർച്ച് ഓഫ് ഗോഡ് കൺവൻഷൻ, പുനലൂരിലെ അസംബ്ലീസ് ഓഫ് ഗോഡ് കൺവൻഷൻ എന്നിവയാണ് പ്രധാനം. തിരുവല്ല ശാരോൻ, പായിപ്പാട് ന്യൂ ഇന്ത്യാ ബൈബിൾ ചർച്ച്, ചിങ്ങവനം ന്യൂ ഇന്ത്യാ ചർച്ച് ഓഫ് ഗോഡ്, പാക്കിൽ ചർച്ച് ഓഫ് ഗോഡ് കേരളാ റീജിയൻ, കരിയംപ്ലാവ് ഡബ്ല്യൂ. എം. ഇ. തുടങ്ങിയ ജനറൽ കൺവൻഷനുകളും പ്രധാനപ്പെട്ടവ തന്നെ. കോടിക്കണക്കിന് രൂപയാണ് ഈ കൺവൻഷനുകൾക്കായി ചെലവഴിക്കപ്പെടുന്നത്. ആത്മീയ ശുശ്രൂഷകൾ അരങ്ങേറിയിരുന്ന നമ്മുടെ കൺവൻഷനുകൾ ഇന്ന് ചടങ്ങായി മാറിയിരിക്കുന്നു എന്നതാണ് യാഥാർത്ഥ്യം. ദൈവീക നിയോഗവും ശുശ്രൂഷയും ഇല്ലാത്തവർ സ്റ്റേജുകളിൽ നടത്തുന്ന പ്രകടനങ്ങൾ പലപ്പോഴും അലോരസമായി മാറുന്നു എന്നതാണ് സത്യം. പണം കൊടുത്ത് സ്റ്റേജ് കൈവശമാക്കുന്നവരുടെ പ്രകടനങ്ങളും തഥൈവ!

ആരംഭകാലങ്ങളിൽ ദൈവാത്മ നിയോഗപ്രകാരം നടത്തപ്പെട്ടിരുന്ന ശുശ്രൂഷകളിലൂടെ വിടുതൽ പ്രാപിച്ചിരുന്നത് അനേകായിരങ്ങളായിരുന്നു. ദൈവാത്മ സാന്നിധ്യത്താൽ ഒരാഴ്ചയിലധികം നീണ്ടുനിന്ന ജനറൽ കൺവൻഷനുകളും ഇവിടെ നടന്നിരുന്നു. കുമ്പനാട് കൺവൻഷന് പന്തൽ ഇടുമ്പോൾ കാൽ നാട്ടുന്നവർപോലും അഭിഷേകം പ്രാപിച്ചവരായിരിക്കണം എന്ന നിഷ്കർഷ അന്നത്തെ നേതൃത്വത്തിന് ഉണ്ടായിരുന്നു. അതുകൊണ്ടു തന്നെ പരിശുദ്ധാത്മ നിയന്ത്രണത്തിലും സാന്നിധ്യത്തിലും ആയിരുന്നു ജനറൽ കൺവൻഷനുകൾ. ഇന്ന് ഈവന്റ് മാനേജ്മെന്റ് പ്രോഗ്രാമായി പല ജനറൽ കൺവൻഷനുകളും മാറിയിരിക്കുന്നു.

പ്രസ്ഥാനവൽക്കരിക്കപ്പെട്ട പെന്തെക്കോസ്ത് സഭകൾക്ക് നേതൃനിരയിലുള്ളവരെ കൺവൻഷൻ സ്റ്റേജുകളിൽ ഉൾക്കൊണ്ടേ പറ്റുകയുള്ളൂ. അതുകൊണ്ട് തന്നെ പ്രസംഗചാതുര്യവും ആത്മനിയോഗവുമില്ലാത്തവരെയും പൊതുജനത്തിന് സഹിക്കേണ്ടി വരുന്നത് സ്വാഭാവികം. ഇത്തരം സാഹചര്യങ്ങളെ അതിജീവിക്കത്തക്കനിലയിൽ ശുശ്രൂഷ ഉള്ളവർക്ക് പ്രാധാന്യം നൽകി പ്രോഗ്രാമുകൾ ക്രമീകരിക്കുവാൻ നേതൃത്വത്തിലുള്ളവർ തയ്യാറാകണം. വാർദ്ധക്യ കാല പെൻഷൻ വാങ്ങി ഭവനത്തിൽ വിശ്രമിക്കേണ്ട പലരെയും അക്കമോഡേറ്റ് ചെയ്യുമ്പോൾ പിൻ തള്ളപ്പെടുന്നത് യുവ ശുശ്രൂഷകരാണ്. സഭയുടെ ഭാവി യുവജനങ്ങളിൽ ആണെന്നുള്ള തിരിച്ചറിവോടെ അവർക്കും പ്രാധാന്യം നൽകിയുള്ള പ്രോഗ്രാമുകൾ ക്രമീകരിക്കുവാൻ എല്ലാ പ്രസ്ഥാനങ്ങളുടെയും നേതൃത്വം തയ്യാറാകണം. നമ്മുടെ സഭായോഗങ്ങളിലും കൺവൻഷനുകളിലും ഒന്നും യുവജനങ്ങളെ ലക്ഷ്യമാക്കി ആത്മീയ പ്രോഗ്രാമുകൾ വേണ്ടത്ര നടത്തപ്പെടുന്നില്ല എന്നത് സത്യം തന്നെ. അതുകൊണ്ടാണ് മുഖ്യധാര പെന്തെക്കോസ്ത് പ്രസ്ഥാനങ്ങളിലെ യുവജനങ്ങൾ ന്യൂജനറേഷൻ ദുരുപദേശ സംഘങ്ങളുടെ വലയിൽ അകപ്പെടുന്നത്. കാലത്തിന്റെ ചുവരെഴുത്ത് വായിക്കുവാൻ കഴിയുന്ന നേതാക്കന്മാർക്ക് മാത്രമേ ആത്മീയ കാഴ്ചപ്പാടോടെ മുന്നേറുവാൻ കഴിയൂ.

നാം ചിന്തിക്കുന്നതിനപ്പുറം ഒരു പ്രതികൂലത്തിന്റെ സാധ്യതകൾ സഭയെ സംബന്ധിച്ചിടത്തോളം തള്ളിക്കളയുവാൻ പാടില്ല. അതുകൊണ്ട് തന്നെ വിശ്വാസികളെയും ശുശ്രൂഷകരെയും വചനത്തിൽ ഉറപ്പിക്കുവാനും ആത്മാവിൽ ശക്തരാക്കുവാനും കഴിയുന്നതാണ് ഇന്നിന്റെ ആവശ്യം. അതിന് പ്രാപ്തരായ നേതൃത്വമാണ് മിക്കവാറും എല്ലാ പെന്തെക്കോസ്ത് പ്രസ്ഥാനത്തിനും ഉള്ളത്.

ജനറൽ കൺവൻഷനിലൂടെ ലഭിക്കുന്ന ഗുണങ്ങളിൽ പ്രധാനമാണ് കൂട്ടായ്മ. ഒരു വർഷത്തിനുശേഷം വിവിധ വയലുകളിൽ നിന്നും ഒന്നിച്ചുകൂടി ആരാധിക്കുവാൻ കഴിയുന്നത് സന്തോഷകരമായ അനുഭവം തന്നെയാണ്. ഒരു വിദേശ മലയാളി എന്ന നിലയിൽ ഈ സീസൺ ഗൃഹാതുരത്വം ഉള്ള ഓർമ്മകളാണ് എന്നിലേക്ക് എത്തിക്കുന്നത്. അതുകൊണ്ട് തന്നെ ഓരോ കൺവൻഷൻ സീസണുകളിലും കുമ്പനാട്ടും തിരുവല്ലയിലും പുനലൂരുമൊക്കെ ഓടിയെത്തുവാൻ ശ്രമിക്കാറുമുണ്ട്. നമുക്കാവശ്യം ഒരു മടങ്ങിവരവും അതിൽ നിന്നുളവാകുന്ന ആത്മീയ ഉണർവ്വുമായിരിക്കണം. ഈ കൺവൻഷൻ സീസൺ അതിനുതകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

യുവജന പംക്തി

# പുതിയ തലമുറയുടെ ഭാവി മാതാപിതാക്കൾ അറിയേണ്ടത്



ബിനു വടശ്ശേരിക്കര

വളരെ പ്രതീക്ഷയോടെയാണ് മാതാപിതാക്കൾ എബിനെ അവർ MBBS ന് അയച്ചത്. അവരെക്കാളും മക്കൾ ഉന്നത വിദ്യാഭ്യാസം നേടി സമൂഹത്തിൽ മാന്യരായി ജീവിക്കുന്നത് കാണാനുള്ള ആഗ്രഹം ഒന്നു മാത്രമായിരുന്നു ഇതിന്റെ പിന്നിൽ.

ഗൾഫിൽ ജനിച്ചു വളർന്ന എബിൻ ബാംഗ്ലൂരിൽ പഠനത്തിനു എത്തിയപ്പോൾ അതു അവനു പുതിയൊരു ലോകം ആയിരുന്നു. ഗൾഫിലെ അടച്ച മുറികൾക്ക് പുറത്തേയ്ക്ക് ഉള്ള യാത്രകൾ അവനെ പുളകിതനാക്കി. കൂട്ടുകാരും ഒപ്പം കൂടിയപ്പോൾ ജീവിതം അടിപൊളിയായി. എല്ലാ മാസവും ലഭിക്കുന്ന പണം ആയിരുന്നു. എബിന്റെ ആശ്രയം. മാതാപിതാക്കളോടുള്ള ബന്ധം സാവധാനത്തിൽ കുറഞ്ഞു തുടങ്ങി. ലഭിക്കുന്ന പണം പരമാവധി ചിലവഴിക്കാൻ കൂട്ടുകാർ പല വഴികളും കണ്ടെത്തി. അത്യാവശ്യം കോളേജിൽ പോകാൻ ഒരു ബൈക്കും കൂടി ആവശ്യമായി വന്നപ്പോൾ മാതാപിതാക്കൾ ഏറ്റവും നല്ലത് തന്നെ വാങ്ങി നൽകി. എന്നാൽ ഒരു അർദ്ധരാത്രിയിൽ ഫോൺ തുടരെ ബെൽ അടിച്ചപ്പോൾ ആ പിതാവ് ഉറക്കത്തിൽ നിന്നും ചാടി എഴുന്നേറ്റു. ഫോൺ എടുത്തു. എബിൻ ഒരു അപകടം പറ്റി. അല്പം സീരിയസാണ് എന്ന് മാത്രം പറഞ്ഞ് ഫോൺ കട്ടായി. ബന്ധുക്കളെയും ചാർച്ചക്കാരെയും വിളിച്ച് ആശുപത്രിയിലേക്ക് അയച്ചു. അടുത്ത ദിവസം മാതാപിതാക്കളും ബാംഗ്ലൂരിലേക്ക് പറന്നു. എന്നാൽ അവരെ കാത്തിരുന്നത് എബിന്റെ ചേതനയറ്റ ശരീരം ആയിരുന്നു. കൂട്ടുകാരുമായി രാത്രി കറങ്ങി നടന്ന് മദ്യപിച്ച് യാത്ര ചെയ്തതാണ് അപകട കാരണം എന്ന് കേട്ടപ്പോൾ അവർക്കുപോലും വിശ്വസിക്കാനായില്ല. ചില മാതാപിതാക്കളുടെ ധാരണ പണം മാത്രമാണ് മക്കൾക്ക് ആവശ്യം എന്നാണ്. ചിലർ കരുതുന്നത് വിദ്യാഭ്യാസം ഉണ്ടെങ്കിൽ എല്ലാം ആയി എന്നുമാണ്. ഇതു രണ്ടും തെറ്റാണ്. എന്താണ് കുഞ്ഞുങ്ങളുടെ അനുഗ്രഹീത ഭാവിക്കായി മാതാപിതാക്കൾ നല്കേണ്ടത്.

**1. തലമുറയെ ഉയർത്തുന്നത് ദൈവമാണ്**

പലരുടെയും ധാരണ വിദ്യാഭ്യാസം ഉണ്ടെങ്കിൽ എല്ലാം ആയി എന്നാണ്. വിദ്യാഭ്യാസം ഒരിക്കലും ഒരാളെ ഉയർത്തുന്നില്ല. വചനം പറയുന്നു “ദൈവം ഒരുത്തനെ ഉയർത്തുകയും മറ്റൊരുത്തനെ താഴ്ത്തുകയും ചെയ്യുന്നു”. ദൈവം നൽകുന്ന ഉയർച്ചകൾ മാത്രമാണ് നിലനിൽക്കുന്നത്. ചെറുപ്രായത്തിൽ തന്നെ ദൈവവുമായുള്ള ബന്ധത്തിൽ തലമുറ പണിയപ്പെടുമെങ്കിൽ ദൈവം കുഞ്ഞുങ്ങളെ അനുഗ്രഹിക്കും. വചന പഠനം നമ്മുടെ കുഞ്ഞുങ്ങൾക്ക് ഉയർച്ച നല്കും. ജീവന്റെ അപ്പമായ യേശുവിനെ ഭക്ഷിക്കുന്ന കുഞ്ഞുങ്ങൾക്ക് സമൃദ്ധിയായ ജീവൻ ഉണ്ടാകും.

**2. ജീവിതയാത്രയിൽ കൂടെയിരിക്കുന്ന നല്ല മിത്രമായ യേശു**

മാതാപിതാക്കൾ എന്ന നിലയിൽ നമുക്ക് കുഞ്ഞുങ്ങളെ സംരക്ഷിക്കാൻ പലതും ചെയ്യാൻ കഴിയും. എന്റെ കുഞ്ഞുങ്ങൾ എന്റെ കൈയ്യെത്തും ദൂരത്തിനു അപ്പുറത്തേക്ക് പോകുമ്പോൾ അവരെ സംരക്ഷിക്കാൻ കഴിയുന്നത് യേശുവിന് മാത്രമാണ്. യേശുവിന്റെ സാന്നിധ്യം കുഞ്ഞുങ്ങളുടെ ഭാവി മാനിക്കും. നല്ല സുഹൃത്ത് ആയ യേശുവിനെ കുഞ്ഞുങ്ങൾക്ക് ചെറു പ്രായത്തിൽ തന്നെ നല്കണം. എങ്കിൽ മാത്രമേ പ്രതിസന്ധികൾ, രോഗങ്ങൾ, പരാജയങ്ങൾ ഇവയെ തരണം ചെയ്യുവാൻ കുഞ്ഞുങ്ങൾക്ക് കഴിയുകയുള്ളൂ. നൈൽ നദിയിൽ വലിച്ചെറിയപ്പെട്ട ആയിരക്കണക്കിന് കുഞ്ഞുങ്ങൾ മരണമടഞ്ഞപ്പോൾ അതെ നൈൽ നദിയിൽ എറിയപ്പെട്ട മോശ കുഞ്ഞ് രക്ഷപ്പെട്ടത് അവന്റെ ചുറ്റും ഒരു സംരക്ഷണ കവചം ഉണ്ടായിരുന്നതിനാൽ മാത്രമാണ്. നമ്മുടെ കുഞ്ഞുങ്ങൾക്ക് ചുറ്റും പരിശുദ്ധാത്മാവിന്റെ സംരക്ഷണവലയം തീർക്കാൻ മാതാപിതാക്കൾക്ക് കഴിയണം. ആ പരിശുദ്ധാത്മാവിന്റെ സംരക്ഷണ വലയത്തിൽ കുഞ്ഞുങ്ങൾ നിർഭയമായിരിക്കും.

**3. ജീവിതത്തിന്റെ അർത്ഥവും വിലയും**

എന്താണ് ജീവിതത്തിന്റെ അർത്ഥവും വിലയും എന്നത് ചെറുപ്രായത്തിൽ തന്നെ കുഞ്ഞുങ്ങളെ ബോധ്യമാക്കണം. ഇത് പറഞ്ഞു നൽകേണ്ടത് മാതാപിതാക്കളാണ്. ഡോക്ടറോ എഞ്ചിനീയറോ ആകുക എന്നതിലുപരിയായി ദൈവഹിതം നിറവേറ്റുന്ന ദൈവരാജ്യകെട്ടുപണിയുടെ ഭാഗമായി വളർന്നുവരുവാൻ കുഞ്ഞുങ്ങളെ ഉത്സാഹിപ്പിക്കണം. വെറുതെ ഒരു ജീവിതം അല്ല സമൂഹത്തിനും കുടുംബത്തിനും ദൈവരാജ്യത്തിനും പ്രയോജനമുള്ളവരാകാൻ പഠിപ്പിക്കണം. “we have only one life; that will soon pass away, what we have done for Christ will last for ever” എന്ന ടോസറിന്റെ വാക്കുകൾ പ്രസക്തമാണ്.

**4. സ്നേഹവും മാതൃകയും നൽകുക**

മാതാപിതാക്കൾ മക്കൾക്ക് നൽകേണ്ട പ്രധാനപ്പെട്ട ഒന്ന് സ്നേഹമാണ്. “സ്നേഹം നൽകിയാൽ സ്നേഹം തിരികെ കിട്ടും” എന്നതാണ് സത്യം. പണം നൽകിയാൽ തിരികെ കിട്ടുന്നതും പണം തന്നെ ആയിരിക്കും. കുഞ്ഞുങ്ങൾക്കായി പണം സമ്പാദിക്കാൻ ഓടുമ്പോൾ അല്പം സ്നേഹം നൽകാൻ കഴിയാതെ വന്നാൽ നഷ്ടപ്പെടുന്നത് നമ്മുടെ കുഞ്ഞുങ്ങളാണ്. വൃദ്ധസദനങ്ങളിലേക്ക് അയക്കപ്പെടുന്ന മാതാപിതാക്കളുടെ എണ്ണം കൂടിവരികയാണ്. കാരണം പണം നൽകിയപ്പോൾ പലർക്കും സ്നേഹം നൽകാൻ കഴിഞ്ഞില്ല. മാതൃകയുള്ള മാതാപിതാക്കളാകാൻ കഴിയുമ്പോൾ മാത്രമാണ് നല്ലൊരു തലമുറയെ വാർത്തെടുക്കാൻ കഴിയുന്നത്. ആത്മീക കാര്യങ്ങൾക്ക് മാതാപിതാക്കൾ നൽകുന്ന പ്രാധാന്യം കുഞ്ഞുങ്ങൾ പാഠമാക്കും. വീടുകൾ ദൈവാലയമായി മാറുമ്പോൾ തലമുറ

04

## എനിക്കും പറയാനുണ്ട്

# നോട്ട് ക്ഷാമകാലത്തിലെ ചില ചിതറിയ ചിന്തകൾ



പാസ്റ്റർ സാംകുട്ടി മാത്യു
ചീഫ് എഡിറ്റർ

ഇന്ന് എവിടെയും നോട്ട് ക്ഷാമത്തെക്കുറിച്ചുള്ള ചർച്ചകളാണ്. 1000, 500 നോട്ടുകളുടെ നിരോധനം രാജ്യപുരോഗതിയെ ലാക്കാക്കിയുള്ള ധീരമായ നടപടിയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദിയെ അനുകൂലിക്കുന്നവർ പറയുമ്പോൾ ജനദ്രോഹ നടപടിയെന്ന് പ്രതിപക്ഷ കക്ഷികൾ ഒന്നടങ്കം പറയുന്നു. കള്ളപ്പണത്തിനെതിരെയുള്ള ഈ നീക്കം മൂലമുണ്ടായ ബുദ്ധിമുട്ടുകൾ താല്കാലികമാണെന്നും അമ്പത് ദിവസത്തിനുള്ളിൽ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാകുമെന്നും പ്രധാനമന്ത്രി പറയുന്നു. എന്നാൽ ഗൃഹപാഠം ചെയ്യാതെയുള്ള ഈ നീക്കം സാധാരണ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതാണെന്നും കള്ളപ്പണത്തിന് തടയിടുന്നതിന് ഇത് ഗുണകരമാകില്ല എന്നും മുൻപ്രധാനമന്ത്രിയും ധനകാര്യ വിദഗ്ദ്ധനുമായ ഡോ. മൻമോഹൻ സിംഗ് പാർലമെന്റിൽ വ്യക്തമാക്കി.

ധൃതഗതിയിലെടുത്ത തീരുമാനമായിപ്പോയി ഇതെന്ന ആരോപണത്തെ ശരിവയ്ക്കുന്നതാണ് വിവിധ സ്ഥലങ്ങളിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ. നോട്ട് ക്ഷാമം മൂലം സാധാരണക്കാർക്ക് ഉണ്ടായ ബുദ്ധിമുട്ടുകൾ ചില്ലറയല്ല. വിവാഹം, ശവസംസ്കാരം, ചെറുകിട ബിസിനസ്സുകൾ, ചികിത്സ ഇവയ്ക്കെല്ലാം തടസ്സങ്ങൾ നേരിടുന്ന റിപ്പോർട്ടുകൾ തുടരെ വരുമ്പോൾ വൻകിട മുതലാളിമാർ ഈ ബുദ്ധിമുട്ടുകൾ ഇല്ലാതെ യഥേഷ്ടം മുന്നേറുകയാണ്. കള്ളപ്പണത്തിനെതിരെയുള്ള പോരാട്ടത്തിൽ സാധാരണക്കാരനെതിരെ ഉള്ള നീക്കമായി നോട്ട് നിരോധനത്തെ ചിലർ വ്യാഖ്യാനിച്ചപ്പോൾ അത് ശരിയാണോ എന്ന് സംശയിച്ചുപോകത്തക്ക നിലയിലാണ് ലക്ഷകണക്കിന് കോടി രൂപയുമായി രക്ഷപ്പെടുന്ന വൻകിടക്കാരുടെ കഥകൾ എത്തുന്നത്.

നോട്ട് നിരോധനം സഭകളെ ബാധിച്ചുവോ? മിക്ക സഭകളിലും വരുമാനം കുറഞ്ഞു എന്നൊക്കെ പലരും പറഞ്ഞുകേട്ടു. നിരോധനത്തിന് മുമ്പുള്ള കാലത്ത് വളരെ അപൂർവ്വമായി മാത്രം സഭകൾ സന്ദർശിക്കുന്നവരായിരുന്നു ആയിരത്തിന്റെയും അഞ്ഞൂറിന്റെയും നോട്ടുകൾ. പിന്നെ എങ്ങനെയാണ് നിരോധനകാലത്ത് വരുമാനം കുറയുക എന്നത് എന്നെ അലട്ടുന്ന ഒരു ചോദ്യമാണ്. എന്റെ മാതൃസഭയിൽ നോട്ട് നിരോധനം മൂലം വരുമാനത്തിൽ കാര്യമായ കുറവൊന്നും കഴിഞ്ഞ മാസം ഉണ്ടായില്ല എന്നതാണ് യാഥാർത്ഥ്യം. സാധാരണക്കാരായ വിശ്വാസികൾ ദൈവത്തിനുള്ളത് കൃത്യമായി കൊടുത്തുവെന്ന് പറയാം. അഞ്ഞൂറും ആയിരവും നിരോധിച്ചത് സ്തോത്രകാഴ്ചയും ദശാംശവും ഒഴിവാക്കുന്നവർക്ക് പറഞ്ഞുനിൽക്കുവാൻ ഒരു കാരണമായി എന്നാണ് എനിക്കു തോന്നുന്നത്. മറ്റൊരു രസകരമായ കാര്യം മിക്കവരുടെയും ജീവിതചെലവ് വളരെ കുറഞ്ഞു എന്നുള്ളതാണ്. സ്വന്തം ഭൂമിയിൽ നഷ്ടമായിക്കൊണ്ടിരുന്ന പലതും ഇന്ന് തീൻമേശയിലെ സ്വാദിഷ്ടഭോജനങ്ങളായി മാറിയിരിക്കുന്നു. ചേമ്പിന്റെയും ചേനയുടെയും തണ്ടും പപ്പായയും വാഴപ്പിണ്ടിയും കൂമ്പും ഒക്കെ ഇത്ര രുചിയുള്ളതാണെന്ന് മലയാളി തിരിച്ചറിഞ്ഞിരിക്കുന്നു എന്നുള്ളതും നോട്ട് നിരോധനത്തിന്റെ നല്ല വശമായി ഞാൻ കാണുന്നു.

നോട്ട് നിരോധനത്തിന്റെ ഉദ്ദേശ്യശുദ്ധിയെ ചോദ്യം ചെയ്യുവാൻ ഞാൻ ആളല്ല. എന്നാൽ കുറച്ചു കൂടി ഗൗരവമായി ഇത് കൈകാര്യം ചെയ്തിരുന്നെങ്കിൽ ഇന്നുണ്ടായ പ്രയാസങ്ങൾ പരിഹരിക്കപ്പെടുമായിരുന്നു. അമേരിക്കൻ സംവിധാനങ്ങളെ ഇവിടെ കൊണ്ടുവരുവാനുള്ള ശ്രമം ഒരു പരിധി വരെ നല്ലതാണ്. കറൻസി രഹിത സംവിധാനത്തിലൂടെ നികുതി വെട്ടിപ്പും കള്ളപ്പണവുമൊക്കെ തടയുവാനാണ് സർക്കാർ ശ്രമിക്കുന്നത്. എന്നാൽ അതിനുള്ള സാക്ഷരത നമ്മുടെ സാധാരണക്കാർക്കുണ്ടോ എന്നതും ചിന്തനീയമാണ്.

കറൻസി രഹിത സംവിധാനം നമ്മളെ എത്തിക്കുന്നത് ദൈവവചനത്തിലെ പ്രവചന നിവർത്തിയിലേക്കാണ്. മുദ്രയേൽക്കാത്തവന് വിൽക്കുവാനും വാങ്ങുവാനും കഴിയാത്ത നിലയിലേക്ക് മനുഷ്യകുലത്തെ എത്തിക്കുന്ന ഒരു ഭരണത്തെക്കുറിച്ച് വെളിപ്പാട് പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് മറക്കുവാൻ പാടില്ല. ആ ഒരു നിലയിലേക്ക് കാര്യങ്ങൾ എത്തണമെങ്കിൽ ലോകമെങ്ങും അത്തരം ഒരു സംവിധാനത്തിനുകീഴിൽ എത്തണം. ഇത് നാനോ ചിപ്പുകളുടെ കാലമാണല്ലോ. ഇതിനെക്കുറിച്ച് മുൻകാലങ്ങളിൽ നമ്മുടെ പ്രസംഗകർ പറയുമ്പോൾ പലരും അതിനെ നിസ്സാരമായി കണ്ട് തള്ളിക്കളഞ്ഞിരുന്നു. എന്നാൽ ഈ തലമുറയിൽ അതിന്റെ ഉപയോഗവും സാധ്യതകളും എല്ലാവർക്കും അറിയാവുന്ന നിലയിലേക്ക് എത്തിക്കഴിഞ്ഞു. ഒരു മനുഷ്യനെക്കുറിച്ചുള്ള സകല വിവരങ്ങളും നെൽമണിയേക്കാൾ വളരെ ചെറിയ ചിപ്പിൽ ഉൾക്കൊള്ളിച്ച് ശരീരത്തിൽ നിക്ഷേപിക്കാമെന്നത് തെളിയിക്കപ്പെട്ട ശാസ്ത്ര സത്യമാണ്. ഭരണകർത്താക്കളിൽ നിന്ന് രക്ഷപ്പെടുവാൻ കഴിയാത്ത നിലയിൽ മനുഷ്യനെ നിരീക്ഷണ വലയത്തിൽ ആക്കുവാനും ഈ സംവിധാനത്തിലൂടെ കഴിയും. അത്തരം ഒരു ലോകം വരുന്നുണ്ട്. അതിന്റെ മുന്നോടിയാണ് ഇന്ന് കാണുന്ന കാര്യങ്ങൾ.

ദൈവവചനം നന്നായി പഠിക്കുന്ന ഒരു ദൈവപൈതലിനെ സംബന്ധിച്ചിടത്തോളം ഇത്തരം നിരോധനങ്ങളോ ഒന്നും അവനെ ആശങ്കപ്പെടുത്താറില്ല. ക്ഷാമകാലത്ത് ഏലിയാവിനെ പോറ്റുവാൻ കഴിവുള്ളൊരു ദൈവം ജീവിക്കുന്നു എന്ന ബോധ്യം ഉള്ളവർക്ക് ഇതൊന്നും ബാധകമല്ല. ശുശ്രൂഷകൾക്കും സഭാനടത്തിപ്പിനുമൊക്കെ പണമാണ് പ്രധാന ആവശ്യമെന്ന നിലയിലാണ് നമ്മുടെ ചിന്തകളിന്ന് ക്രമീകരിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ അതിലെല്ലാം ഉപരി ആവശ്യമായിരിക്കുന്നത് ദൈവാശ്രയം ആയിരിക്കണം എന്നത് മറന്നുകൂടാ.

ലോകം ഒരു കമ്പോളമായി വളർന്ന് പടരുകയാണ്. ഈ കമ്പോളത്തെ നയിക്കുവാൻ എല്ലാവരുടെയും വിശ്വാസം നേടിയെടുത്ത് ഒരു നേതാവ് വരും. എന്നാൽ അതിനുമുമ്പ് ദൈവസഭ ഇവിടെനിന്ന് എടുക്കപ്പെടും. സഭയുടെ പ്രത്യാശാപുരുഷനായ ക്രിസ്തു തന്റെ കാന്തയെ ചേർക്കുവാൻ മടങ്ങിവരും. ഈ ചിന്ത ദിനംപ്രതി നമ്മെ ഭരിക്കണം. പെരുവെള്ളം ഒഴുകിയെത്തുമ്പോൾ അതിനെ തടയുവാൻ ആർക്കും കഴിയില്ല. അതുപോലെയാണ് ലോകത്തിന്റെ അവസ്ഥയും. അത് നാശത്തിലേക്ക് അതിവേഗം ഓടുകയാണ്. തടയുവാൻ ഒരു ശാസ്ത്രത്തിനോ ഒരു നേതാവിനോ കഴിയുകയില്ല. കാരണം ദൈവവചനത്തിന്റെ നിവർത്തി നടക്കാതിരിക്കുവാൻ സാധ്യമല്ലല്ലോ.

## വേദ പഠനം

# ഇടയ ലേഖനങ്ങൾ
## (The Pastoral Epistles)



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

–തുടർച്ച–

### തിമൊഥെയൊസ് ലേഖനം

**2. നടപ്പിലും–** നടപ്പ് എന്നത് ജീവിത രീതിയെ വെളിപ്പെടുത്തുന്നു. മാതൃകയുള്ള ദൈവഭക്തന്മാർ നടപ്പിലും സമ്പൂർണ്ണവിശുദ്ധിയും വേർപാടും പാലിക്കും. ദൈവീക ജീവിതമാണ് ഓരോരുത്തരുടെയും ശക്തിയും അധികാരവും മഹത്വവും വെളിപ്പെടുത്തുന്നത് 1 പത്രോസ് 1:15. പത്രോസ് അത് പ്രസ്താവിക്കുന്നുണ്ട്. കൂടാതെ യാക്കോബും വ്യക്തമാക്കുന്നുണ്ട് യാക്കോ: 3:13.

**3. സ്നേഹത്തിലും,** സ്നേഹം എന്നു പറയുമ്പോൾ പലവിധത്തിലുള്ള സ്നേഹമുണ്ട്, വികാരപരമായും ലൈംഗീകപരമായും സ്നേഹത്തെ വർണ്ണിക്കുവാൻ കഴിയും. എന്നാൽ ഇവിടെ ദൈവീക സ്നേഹമാണ് ഉദ്ദേശിക്കുന്നത് യോഹ: 15:13. യഥാർത്ഥ സ്നേഹത്തെ കുറിച്ച് യേശു പറഞ്ഞിരിക്കുന്നത് യോഹന്നാൻ തന്റെ സുവിശേഷത്തിൽ വിവരിച്ചിട്ടുണ്ട്. സ്നേഹം തെറ്റിയാൽ സകലത്തെയും ബാധിക്കും. എന്തിനെയും സ്നേഹിക്കുന്നത് ആത്മീകമോ, ദൈവീകവുമോ അല്ല, എങ്ങനെയും സ്നേഹിക്കുന്നത് അപ്രകാരമുള്ളതല്ല, സ്നേഹവും കാമവും മോഹവും ഒരു തരം ആസക്തിയായി കാണാം. അതുകൊണ്ട് ശുദ്ധമായ ഹൃദയത്തോടുള്ള സ്നേഹമാണ് ഒരു യുവസഹോദരന് ആവശ്യം.

**4. വിശ്വാസത്തിലും–** വിശ്വാസം എന്നത് എല്ലാ മേഖലയിലും സ്വാധീനവും ശക്തിയും ഉള്ളതാണ്. വിശുദ്ധ ബൈബിളിൽ വളരെ പ്രാധാന്യത്തോടെ നൽകിയിരിക്കുന്ന ഒന്നാണ് വിശ്വാസം. വിശ്വാസം എന്നതിന് ഹൃദയത്തിന്റെ കണ്ണെന്നും കാതെന്നും കൈയെന്നും നിർവ്വചിച്ചിട്ടുണ്ട്. വിശ്വാസത്തിലൂടെ മാത്രമേ ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുകയുള്ളൂ. എബ്രായ ലേഖനത്തിൽ വിശ്വാസത്തിന് പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്. വിശുദ്ധ തിരുവെഴുത്തിൽ പല തരത്തിലുള്ള വിശ്വാസത്തെ കുറിച്ച് പറഞ്ഞിട്ടുണ്ട്.

1. നിറഞ്ഞ വിശ്വാസം, അ.പ്രവ:6:5
2. നിലനിൽക്കുന്ന വിശ്വാസം, അ.പ്രവ.14:5
3. ഉറച്ച വിശ്വാസം, അ.പ്രവ:16:5
4. വലിയവിശ്വാസം, മത്താ:15:28
5. സന്തോഷിക്കുന്ന വിശ്വാസം, ഫിലി:1:25
6. പ്രവർത്തിക്കുന്ന വിശ്വാസം, 2തെസ്സ:1:11
7. വ്യാജമില്ലാത്ത വിശ്വാസം, 2തിമൊ:1:5
8. പൂർണ്ണ ഉറപ്പുള്ള വിശ്വാസം, എബ്രാ:10:22
9. പ്രാർത്ഥിക്കുന്ന വിശ്വാസം, യാക്കോ:5:15
10. ഇത്രവലിയ വിശ്വാസം, മത്താ:8:10
11. അല്പ വിശ്വാസം, മത്താ: 8:26



**5. നിർമ്മലതയിലും –** വാക്ക്, നടപ്പ്, സ്നേഹം, വിശ്വാസം ഇവയൊക്കെ ബാധിക്കുന്നത് നിർമ്മലതയെയാണ്. നിർമ്മലത എന്നത് വിശുദ്ധിയാണ്. അത് പ്രവർത്തിയിലും സ്വഭാവത്തിലും ഉണ്ടായിരിക്കണം. പൗലോസ് മൂപ്പന്റെ സ്വഭാവങ്ങളെ കുറിച്ച് പറയുമ്പോൾ അതിനെകുറിച്ച് സൂചിപ്പിച്ചിട്ടുണ്ട് 1 തിമൊ:3:2. ഒരു ശുശ്രൂഷകൻ എപ്പോഴും പരീക്ഷകളും പ്രലോഭനങ്ങളും കടന്നു വരുമ്പോൾ അതിൽ നിന്നും ജോസഫിനെപ്പോലെ ഒളിച്ചോടണം.

അതെ, സഭാ ശുശ്രൂഷകൻ മാതൃകാജീവിതം നയിക്കുന്ന വ്യക്തിയായിരിക്കണം. അത് വാക്കിലും, നടപ്പിലും സ്നേഹത്തിലും വിശ്വാസത്തിലും നിർമ്മലതയിലും വിശ്വാസികൾക്ക് മാതൃകയായിരിക്കണം. പൗലോസ് തിമൊഥെയൊസിലൂടെ ആഗ്രഹിക്കുന്നതും പ്രതീക്ഷിക്കുന്നതും ഈവക കാര്യങ്ങളാണ്.

ഒരു ശുശ്രൂഷകന് ദൈവഭക്തി, കൂട്ടുവിശ്വാസികളോടുള്ള സ്നേഹം, സത്യസന്ധത, പെരുമാറ്റത്തിൽ ഭവ്യത, വിനയം തുടങ്ങിയ ഗുണങ്ങൾ മാതൃകപുലർത്തുവാൻ സഹായിക്കുന്നതാണ്. തുടർന്നു പൗലോസ് പ്രബോധിപ്പിക്കുന്നത്, വായന, പ്രബോധനം, ഉപദേശം എന്നിവയിൽ ശുശ്രൂഷിക്കുക, ദൈവവചന ഘോഷണത്തിനും ഉപദേശത്തിനും അത്യാവശ്യമായ സംഗതികളാണ് വായന, പ്രബോധനം, ഉപദേശം തുടങ്ങിയവ.

വായന എന്നത് പലരീതിയിലുണ്ട്, പരത്തി വായിക്കുക, ധ്യാനിച്ചു വായിക്കുക, മനസ്സിലാക്കി വായിക്കുക എന്നിങ്ങനെ വേർതിരിക്കാം. അന്നു ഇന്നത്തെ പോലെ വായിക്കുവാൻ പുസ്തകങ്ങളോ എഴുത്തുകളോ ഇല്ല, പക്ഷെ പൗലോസ് ഇവിടെ പറയുന്നത് വായന, വായിക്കുന്നവരാണ് നേതാക്കന്മാർ. ഫ്രാൻസിസ് ബേക്കൻ എന്ന പ്രസിദ്ധനായ മനുഷ്യൻ പറഞ്ഞിരിക്കുന്നത്; വായന ഒരു പൂർണ്ണമനുഷ്യനെ സൃഷ്ടിക്കുന്നു, എഴുത്താകട്ടെ ഒരു യഥാർത്ഥ മനുഷ്യനെയും "പ്രസംഗകർ വായനാശീലമുള്ളവരായിരിക്കണം. പാപികളുടെ മാനാസാന്തരത്തിനും വിശ്വാസികളുടെ സ്ഥിരതയ്ക്കും ദൈവവചനം വളരെ ആവശ്യമാണ്.

പൗലോസ് തിമൊഥെയൊസിനു നൽകുന്ന നിർദ്ദേശം വായന, പ്രബോധനം, ഉപദേശം എന്നിവയിൽ ഉറ്റിരിക്കുക എന്നാണ്. വായനയെ കുറിച്ച് തിരുവചനത്തിൽ വായിക്കുമ്പോൾ യിസ്രായേൽ മക്കൾ ദൈവവചനത്തെ വളരെ ഭക്തിയോടും തികഞ്ഞ ഭയത്തോടും ബഹുമാനത്തോടുമാണ് കണ്ടതും കൈകാര്യം ചെയ്തിരുന്നതും. ദൈവത്തിന്റെ ഹിതത്തെയും മനസ്സിനെയും ഉദ്ദേശത്തെയും വെളിപ്പെടുത്തുന്നതാണ് ദൈവവചനം. ദൈവവചനം സൃഷ്ടിക്കുന്നു. ഉല്പ:1:3, സങ്കീ:33:6,9; 147:15,18 പ്രവർത്തിക്കുന്നു, യെശ:55:11, നിർമ്മൂലമാക്കുന്നതിനും പൊളിക്കുന്നതിനും, പണിയുന്നതിനും നടുന്നതിനും ശക്തിയുണ്ട്, യിരെ:1:10.

യെഹൂദന്മാരുടെ എല്ലാ കൂടിവരവുകളിലും ദൈവവചനം വായിച്ചിരുന്നു, മോശെ യിസ്രായേൽ ജനങ്ങൾക്കു നൽകിയ ഉപദേശം, "ആകയാൽ നിങ്ങൾ എന്റെ ഈ വചനങ്ങളെ നിങ്ങളുടെ ഹൃദയത്തിലും മനസ്സിലും സംഗ്രഹിച്ച് കൈമേൽ അടയാളമായി കെട്ടുകയും അവ നിങ്ങളുടെ കണ്ണുകൾക്കു മദ്ധ്യേ പട്ടമായിരിക്കുകയും വേണം, വീട്ടിൽ ഇരിക്കുമ്പോഴും വഴി നടക്കുമ്പോഴും കിടക്കുമ്പോഴും എഴുന്നേല്ക്കുമ്പോഴും നിങ്ങൾ അവയെ കുറിച്ച് സംസാരിച്ച് നിങ്ങളുടെ മക്കളെ പഠിപ്പിക്കണം. ആവർ:11:18,19.

(തുടരും)

## ചോദ്യോത്തരവേദി

# യേശുക്രിസ്തു രണ്ടാമത് ഇരങ്ങാലക്കുടയിലെ 'മുരിയാടി'ൽ വന്നുവെന്ന് വിശ്വസിക്കുന്ന പ്രസിദ്ധ സിനിമാനടൻ സ്ഫടികം ജോർജ്

*ചോദ്യം:* സിനിമാഭിനയം തൊഴിലാണങ്കിലും, സ്ഫടികം ജോർജ് ചെറുപ്പം മുതലെ ഒരു ഭക്തനായിരുന്നു. ചെറുപ്പം മുതലേ സുവിശേഷ പ്രസംഗങ്ങളൊക്കെ നടത്തുമായിരുന്നു. ആത്മീയതകൂടികൂടി ഇപ്പോൾ യേശുക്രിസ്തു രണ്ടാമത് വന്ന് ചാലക്കുടിക്കടുത്ത് മുരിയാട് ഉണ്ടെന്ന് ജോർജ് വിശ്വസിക്കുന്നു. എമ്പറർ ഇമ്മാനുവേൽ ചർച്ചിലെ അംഗമാണ് അദ്ദേഹം. **എമ്പറർ ഇമ്മാനുവേൽ** സഭയെക്കുറിച്ച് കൂടുതലറിയുവാൻ ആഗ്രഹിക്കുന്നു.

**– ജോൺസൺ, വയനാട്**



ജോർജ്ജ് ഫിലിപ്പ്
തെക്കേക്കര

*ഉത്തരം:* അപ്പൊസ്തലന്മാർ സ്ഥാപിച്ച തെസ്സലോനിക്യ സഭയിലെ വിശ്വാസികൾക്കും **ആത്മീയത മൂത്തപ്പോൾ** കർത്താവിന്റെ വരവ് അടുത്ത ദിവസങ്ങളിൽ നടക്കും എന്നു വിശ്വസിച്ചിരുന്നു. അവരെ ബോധവൽക്കരിക്കുന്ന വചനങ്ങളാണ് തെസ്സലോനിക്യർക്ക് എഴുതിയ രണ്ടാം ലേഖനം രണ്ടാം അദ്ധ്യായം. കൊരിന്തിലെ ചില സഭാംഗങ്ങൾ മരിച്ചവരുടെ പുനരുത്ഥാനം ഇല്ല എന്ന് വിശ്വസിച്ചിരുന്നു. അവരെ ബോധവൽക്കരിക്കുകയാണ് 1 കൊരിന്ത്യർ 15:12-34 വരെയുള്ള വചനങ്ങൾ.

ഇരട്ടയാർ സ്കൂളിലെ ഡ്രോയിംഗ് മാസ്റ്ററായിരുന്ന ജോസഫ് പൊന്നറയാണ് **എംപറർ ഇമ്മാനുവേൽ** പ്രസ്ഥാനത്തിന്റെ സ്ഥാപകൻ. തുടക്കത്തിൽ ചില കത്തോലിക്ക പുരോഹിതന്മാരുടെ സഹകരണം പൊന്നറയ്ക്കുണ്ടായിരുന്നു. ഇപ്പോഴില്ല. ഇപ്പോഴത്തെ ആസ്ഥാനം ഇരിങ്ങാലക്കുടയിലെ മുരിയാട് എന്ന സ്ഥലത്താണ്. ജോലി ഉപേക്ഷിച്ചും വസ്തുവകകൾ വിറ്റും പലരും ഇവരോട് ദിവസവും ചേർന്നുകൊണ്ടിരിക്കുന്നു. കേരളത്തിൽ ഇവർക്ക് 120 പ്രാദേശിക സഭകളുണ്ട്. കൂടാതെ ബാംഗ്ലൂർ, ചെന്നൈ, ഗോവ, മാംഗ്ലൂർ എന്നിവിടങ്ങളിലും പ്രവർത്തനങ്ങൾ ഉണ്ട്. ആസ്ട്രേലിയ, ബ്രിട്ടൻ, അയർലന്റ്, അമേരിക്ക മുതലായ രാജ്യങ്ങളിലും ഇവർക്ക് പ്രാദേശിക ഘടകങ്ങളുണ്ട്. ഇരിങ്ങാലക്കുടയിൽ വലിയൊരു കെട്ടിടത്തിലാണ് ഇവരുടെ ആസ്ഥാനം. ഇരുപതിനായിരത്തോളം അംഗസംഖ്യ ഇപ്പോഴുണ്ട്. ആസ്ഥാന മന്ദിരത്തിന്റെ പേര് സീയോൻ.

**ഇവരുടെ പഠിപ്പിക്കലുകൾ**

1) കർത്താവിന്റെ രണ്ടാം വരവ് ഇല്ല. മനുഷ്യപുത്രന്റെ വീണ്ടും വരവ് വാനമേഘങ്ങളിൽ കാത്തിരിക്കുന്നവർ ഇളിഭ്യരാകും. കാരണം, ഇപ്പോൾ തന്നെ മശിഹാ ചാലക്കുടി ഇരിങ്ങാലക്കുടയിലുള്ള 'മുരിയാട്' എന്ന സ്ഥലത്തുണ്ട്. തക്കസമയത്ത് മുരിയാട് സ്വയം വെളിപ്പെടുത്തുന്നതുവരെ ആരാണ് മശിഹാ എന്നറിഞ്ഞുകൂടാ (അത് വേണമെങ്കിൽ സിനിമാ നടൻ സ്ഫടികം ജോർജിനും ആകാം).

2) പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ ആളത്വങ്ങളുള്ള ഏകസത്യദൈവ വിശ്വാസം നിഷേധിക്കുന്നു.

3) കത്തോലിക്ക സഭയുടെ മറിയത്തിനെപ്പറ്റിയുള്ള ദൈവശാസ്ത്ര പഠിപ്പിക്കലുകൾ തെറ്റാണ്. മറിയത്തിന് വേണ്ടത്ര പ്രാധാന്യം കത്തോലിക്ക സഭ കൊടുത്തിട്ടില്ല. പരിശുദ്ധാത്മാവ് വരെ വാഴ്ത്തുന്ന അമ്മയാണ് മറിയം.

4) മറിയം ഭർത്താവായ യോസഫിനും അമ്മയായിരുന്നു.

5) യേശുവും പിതാവും പഴയനിയപ്രവാചകന്മാരും മുരിയാടിലെ എംപറർ ഇമ്മാനുവേൽ സഭയിലുണ്ട്.

6) ലോകത്തിന്റെ സൃഷ്ടിയിൽ വിശുദ്ധ അമ്മ പിതാവിനോടുകൂടെ ഉണ്ടായിരുന്നു.

7) യേശുക്രിസ്തു ദൂതന്മാരേക്കാൾ അല്പം താഴ്ത്തപ്പെട്ടവനായി ലോകത്തിൽ വന്നപ്പോൾ പരിശുദ്ധ അമ്മയാകട്ടെ പ്രധാനദൂതൻ കുമ്പിട്ടു വണങ്ങാൻ തക്കവണ്ണം ദൈവകൃപയാൽ നിറഞ്ഞുനിന്നിരുന്നു. സ്വർഗ്ഗത്തിൽ മുഖ്യദൂതനേക്കാൾ ഉന്നതൻ ദൈവം മാത്രം എങ്കിൽ പരിശുദ്ധ അമ്മയുടെ സ്ഥാനം ദൈവത്തേക്കാൾ ഉന്നതമാണ്.

8) മുരിയാടിലുള്ള ഇവരുടെ ആസ്ഥാന മന്ദിരത്തിന് സീയോൻ എന്നാണ് പേര്. മോശെയും യോഹന്നാനും മുരിയാടിലുണ്ട്.

9) ലോകം അവസാനിക്കുവാൻ പോകുകയാണ്.

10) വെളിപ്പാടു പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന 144000 പേർ മാത്രമേ രക്ഷ പ്രാപിക്കുകയുള്ളൂ. ജോസഫ് പൊന്നറ പറയുന്നതുപോലെ അനുസരിക്കുന്ന സീയോനിലെ (ഇരിങ്ങാലക്കുടയിലെ കെട്ടിടത്തിലെ) നിവാസികൾ മാത്രമാണ് രക്ഷ പ്രാപിക്കുക.

എംപറർ ഇമ്മാനുവേൽ സംഘം ഒരു പണസമാഹരണ പ്രസ്ഥാനമാണെന്നും, ഒന്നുകിൽ ഒരു കൂട്ട ആത്മഹത്യ അല്ലെങ്കിൽ നേതാവിനെ എല്ലാവരുംകൂടി അവസാനം തല്ലിക്കൊല്ലും എന്ന് അവിടുന്ന് പിരിഞ്ഞുപോയവർ സാക്ഷ്യപ്പെടുത്തുന്നു. മോർമോൺ, യഹോവ സാക്ഷികൾ തുടങ്ങിയ കൾട്ടുകളോട് മാത്രമേ ഈ പ്രസ്ഥാനത്തെ താരതമ്യപ്പെടുത്താൻ സാധിക്കുകയുള്ളൂ. യേശുവിനെ പ്രസംഗിച്ചു നടന്ന യോഹന്നാൻ ഉപദേശി കുമാരഗുരുദേവനായതും, വിദ്വാൻകുട്ടി യുയേമ സഭയുണ്ടാക്കിയ ചരിത്രവും ശാന്തമ്മ ദൈവവും കേരളത്തിലുണ്ടല്ലോ! വചനം ഇപ്രകാരം രേഖപ്പെടുത്തുന്നു: "പലരും നമ്മുടെ ഇടയിൽനിന്ന് പുറപ്പെട്ടുവെങ്കിലും നമുക്കുള്ളവർ ആയിരുന്നില്ല. നമുക്കുള്ളവർ ആയിരുന്നെങ്കിൽ നമ്മുടെ ഉപദേശങ്ങളോടും കല്പനകളോടും നിലകൊള്ളുമായിരുന്നു. നമ്മുടെ ഉപദേശങ്ങളും കല്പനകളും അവർക്ക് മനസ്സിലാകാത്തതിനാൽ അവർ നമുക്കുള്ളവരല്ല എന്ന് വ്യക്തമാകുന്നു" (1 യോഹന്നാൻ 2:19, സ്വതന്ത്രപരിഭാഷ).

01 അസംബ്ലീസ് ഓഫ് ഗോഡ് ജനറൽ...

കോശി, സുനിൽ ദാസ്, ബേബി ചെറിയാൻ, ഫിനാൻസ് പാസ്റ്റേഴ്സ് കെന്നഡി പോൾ, ഇ. ലോറൻസ്, സി.ജെ സാമുവേൽ സോഷ്യൽ വർക്ക് ജിനു കെ. വർഗീസ്, വിൻസന്റ് സാം, ഭക്ഷണം പാസ്റ്റർ വി.വൈ. ജോസ്കുട്ടി, ബ്രദർ സുനിൽ പി. വർഗീസ്. കലണ്ടർ പാസ്റ്റർ ജോസ് തോമസ്, സംഗീതം പാസ്റ്റർ സുനിൽ സോളമൻ & എ.ജി ക്വയർ എന്നിവർ വിവിധ കമ്മറ്റികൾക്ക് നേതൃത്വം നൽകും.

ജനുവരി 17ന് ചൊവ്വ മുതൽ 21 ശനി വരെ ദിവസവും വൈകിട്ട് 6 മണിമുതൽ 9 മണിവരെ പൊതുയോഗങ്ങൾ നടക്കും. 17 ചൊവ്വ രാവിലെ 9.30 മുതൽ വൈകിട്ട് 5 വരെ കോൺഫൻസും ബുധൻ, വ്യാഴം ദിവസങ്ങളിൽ രാവിലെ 9 മുതൽ വൈകിട്ട് 5 വരെ ശുശ്രൂഷക സമ്മേളനവും നടക്കും. വെള്ളി രാവിലെ 9 മുതൽ ഉച്ചയ്ക്ക് 1 വരെ മിഷൻ സമ്മേളനവും ഉച്ചയ്ക്ക് 2.30 മുതൽ 4.30 വരെ ഓർഡിനേഷൻ ശുശ്രൂഷയും നടക്കും. ശനി രാവിലെ 9 മുതൽ ഉച്ചയ്ക്ക് 1 വരെ സൺഡേ സ്കൂൾ വാർഷികവും 2 മുതൽ 4.30 വരെ സി.എ സമ്മേനവും നടക്കും. ഞായർ രാവിലെ 9 മുതൽ ഉച്ചയ്ക്ക് 1 വരെ നടക്കുന്ന പൊതു സഭായോഗത്തോടെ ഈ വർഷത്തെ ജനറൽ കൺവൻഷൻ സമാപിക്കും. മലയാളം ഡിസ്ട്രിക്ടിന്റെ പ്രാദേശിക സഭകളിൽനിന്നായി പതിനയ്യാരത്തോളം പേർ പൊതു സഭായോഗത്തിൽ സംബന്ധിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്. ജനറൽ കൺവൻഷന്റെ ആഴ്ചയിൽ പ്രാദേശിക സഭകളിൽ പ്രത്യേക പരിപാടികൾ ആരും നടത്തെരുതെന്നും മുഴുവൻ സഭാജനങ്ങളും ജനറൽ കൺവൻഷനിൽ സംബന്ധിക്കണമെന്നും സൂപ്രണ്ട് പാസ്റ്റർ റ്റി.ജെ സാമുവേൽ സെക്രട്ടറി പാസ്റ്റർ തോമസ് ഫിലിപ്പ്, ട്രഷററും കൺവൻഷൻ ജനറൽ കോ-ഓർഡിനേറ്ററുമായ പാസ്റ്റർ എ. രാജൻ എന്നിവർ അഭ്യർത്ഥിച്ചിട്ടുണ്ട്.

01 WME 68-ാമത് കരിയംപ്ലാവ്....

ണങ്ങൾ ചെയ്യുവാൻ തീരുമാനിച്ചു. വിശാലമായ പന്തൽ, അഞ്ഞൂറു പേർക്ക് ഇരുന്നു ഭക്ഷിക്കാവുന്ന ഭക്ഷണശാല, വലുതും ചെറുതുമായ വാഹനങ്ങൾക്കു പ്രത്യേകം പാർക്കിംഗ് സൗകര്യം എന്നിവ തയ്യാറാക്കുന്നുണ്ട്.

സംബന്ധിക്കുന്ന മുഴുവൻ വിശ്വാസികൾക്കും ഭ ക്ഷണം നൽകുവാനുള്ള ക്രമീകരണം ചെയ്യുന്നതിനായി ഫുഡ് കമ്മറ്റിയെ ചുമതലപ്പെടുത്തി. പാസ്റ്റർ കെ. എം. പൗലോസ് ജനറൽ കൺവീനറായി 101 പേരടങ്ങുന്ന കമ്മറ്റി പ്രവർത്തനമാരംഭിച്ചു. വിവിധ സബ് കമ്മറ്റി കൺവീനർമാരായി പാസ്റ്റർമാരായ കെ. എം. പൗലോസ് (ഫിനാൻസ്), സി. പി. ഐസക് (ഹോസ്റ്റ്), ജെയിംസ് വി. ഫിലിപ്പ് (പ്രോഗ്രാം), ജി. ഗബ്രിയേൽ, സി. എം. സാബു (പ്രെയർ), എൻ. ജെ. ജോസഫ് (ട്രാൻസ്പോർട്ട്).

01 ന്യൂ ഇൻഡ്യാ ബൈബിൾ ചർച്ച്...

സമ്മേളനം, സ്നാന ശുശ്രൂഷ എന്നിവയും കൺവൻഷനോടു അനുബന്ധിച്ച് ക്രമീകരിച്ചിട്ടുണ്ട്. 19 ഞായറാഴ്ച നടക്കുന്ന കർത്തൃമേശയോടു കൂടിയ സംയുക്ത ആരാധനയോടെ കൺവൻഷൻ സമാപിക്കും. കൺവൻഷന്റെ അനുഗ്രഹീത നടത്തിപ്പിനായി വിവിധ കമ്മറ്റികൾ രൂപീകരിച്ചു പ്രവർത്തിച്ചു വരുന്നു.

02 യുവജന പംക്തി.....

അനുഗ്രഹിക്കപ്പെടും.

**5. സുരക്ഷിതത്വം ഉറപ്പാക്കുക**

എല്ലാ കുഞ്ഞുങ്ങളെയും നൈൽ നദയിൽ വലിച്ചെറിഞ്ഞ് കൊന്നുകളയാൻ കല്പന വന്നപ്പോൾ ഏറെക്കുറെ എല്ലാ മാതാക്കളും അതിന് തയ്യാറായി. കാരണം വീട്ടിലൊളിപ്പിച്ചാലും പടയാളികൾ കൊന്നുകളയും. ആയിരക്കണക്കിന് കുഞ്ഞുങ്ങളെ നൈൽനദിയിലെ മുതലകൾ ആഹാരമാക്കിയപ്പോൾ ഒരമ്മ തന്റെ കുഞ്ഞിനെ സംരക്ഷിക്കുവാനായി ഞാങ്ങണയുടെ ഒരു പെട്ടകം തീർത്തു. കീൽ തേച്ചു സുരക്ഷിതമാക്കി. ആ പെട്ടകത്തിൽ മോശകുഞ്ഞ് സുരക്ഷിതനായി. ചോദ്യം നമ്മുടെ കുഞ്ഞുങ്ങൾ സുരക്ഷിതരോ? നൈൽ നദി പോലെയാണ് ഇന്നത്തെ ലോകം. വായ് പിളർന്നിരിക്കുന്ന മാധ്യമങ്ങൾ, സെക്സ് റാക്കറ്റുകൾ, രാഷ്ട്രീയ കൊലയാളികൾ, ആൾദൈവങ്ങൾ, ദുരുപദേശകർ. അവരുടെ മധ്യത്തിൽ നമ്മുടെ കുഞ്ഞുങ്ങൾ സുരക്ഷിതരോ?

തലമുറയെ സംരക്ഷിക്കുനാൻ നാം നൽകുന്ന മരുന്നുകളോ, ഇൻഷുറൻസ് പോളിസികളോ മതിയാകില്ല. പരിശുദ്ധാത്മാവിന്റെ സംരക്ഷണം കുഞ്ഞുങ്ങൾക്ക് ചുറ്റും ഉണ്ടാകണം. പ്രാർത്ഥനയുടെ കവചം ഉണ്ടാകണം. യേശുവിന്റെ രക്തമാകുന്ന കീലിന്റെ സംരക്ഷണവും അനിവാര്യമാണ്. നാം കുഞ്ഞുങ്ങളിൽ സ്വപ്നം കാണേണ്ടത് ഡോക്ടറെയും എഞ്ചിനീയറെയും മാത്രമല്ല, മോശയെപ്പോലെ ദൈവജനത്തെ നയിക്കുന്ന നേതാക്കളെയും കാണണം. ഇന്നത്തെ സഭയുടെയും സമൂഹത്തിന്റെയും കാത്തിരിപ്പ് അതിനുവേണ്ടിയാണ്.

**കുറിപ്പ്**

സഭകളും കുടുംബങ്ങളും ക്രിസ്തു കേന്ദ്രീകൃതമായ തലമുറയെ വാർത്തെടുക്കുവാൻ ശ്രദ്ധിക്കണം. ആത്മീയ കൂട്ടായ്മകൾ, സൺഡേസ്കൂൾ, വി. ബി. എസ്സ്. തുടങ്ങിയ കാര്യങ്ങൾക്ക് മുൻതൂക്കം നൽകണം. വീടുകൾ ദൈവാലയമായി മാറണം. സഭകൾ ആരാധനാലയമായും. കച്ചവടങ്ങളും പൊയ്മുഖങ്ങളും കപടഭക്തിയും ദൂരെ എറിയണം. ഓരോ കുഞ്ഞും ഓരോ സുവിശേഷകരായി മാറട്ടെ.

09 വില്ല്യം ജെ. സെയ്മൂർ; നൂറ്റാണ്ടിന്റെ......

അയച്ചു കൊണ്ടിരുന്നു. എന്നാൽ 1910 ന്റെ അവ സാനത്തോടെ ഉണർവ്വിന്റെ തീ നാളങ്ങൾ അടങ്ങി. ഉപദേശപരമായി നേതൃത്വത്തിന് ചില വീഴ്ചകൾ സംഭവിക്കുകയും സെയ്മൂർപോലും തന്റെ കാഴ്ചപ്പാടുകളിൽ മാറ്റം വരുത്തുകയും ചെയ്തു ചരിത്രം പറയുന്നത് 1922-ൽ സെയ്മൂർ നിത്യതയിലേക്ക് ചേർക്കപ്പെടുന്നത് വരെ പിന്നീട് മറ്റ് വലിയ ദൈവീക പ്രവർത്തനങ്ങൾക്കും ശുശ്രൂഷകൾക്കും ഒന്നും നേതൃത്വം കൊടുത്തില്ലെന്നാണ്.

കഴിഞ്ഞ നൂറ്റാണ്ടിന്റെ ആരംഭത്തിൽ അസൂസാ സ്ട്രീറ്റിൽ നടന്നതു പോലുള്ള ഒരുണർവ്വ് ഇന്നു നടന്നിരുന്നെങ്കിൽ എന്നാഗ്രഹിച്ചു പോകുന്നു. അന്ന് നടന്ന സംഭവങ്ങളെ അല്പം വിശകലനം ചെയ്താൽ ചില പ്രത്യേകതകൾ നമുക്കു മനസ്സിലാക്കാം. വലിയ ഒരു കൂട്ടം വിശ്വാസികൾ ഉണർവ്വിനായ് ഒരുക്കത്തോടെ ആത്മദാഹത്തോടെ പ്രാർത്ഥിച്ചുകൊണ്ടിരുന്നു മറ്റൊന്ന്, ഉണർവ്വിന് മുമ്പായി പരിശുദ്ധാത്മ പ്രവർത്ത നങ്ങളെക്കുറിച്ചും ദൈവവചനത്തിൽ നിന്നും ആധികാരികമായി ജനത്തെ പഠിപ്പിച്ചുകൊണ്ടിരുന്നു. പാസ്റ്റർ സ്മേൽ ആരംഭിച്ച സായാഹ്നമീറ്റിങ്ങുകൾ, ഡെയ്മൂർ ഹൂസ്റ്റണിൽ അനേകരുടെ പരിഹാസം ഏറ്റുവാങ്ങി ദൈവവചനം പഠിച്ചതും എഡ്വേർഡ് ലീയുടെ ഭവനത്തിൽ ബൈബിൾ ക്ലാസ്സുകൾ സംഘടിപ്പിച്ചവരുമൊക്കെ ചിന്തിക്കുക. കൂടാതെ ദൈവം ഉണർവ്വിന് നേതൃത്വം നൽകാനായി തിരഞ്ഞെടുത്ത മനുഷ്യൻ, വളരെ താഴ്മയോടെ, പരിഹാസവും നിന്ദയുമെല്ലാം സഹിച്ചു ചരിത്രം സെയ്മൂറിനെക്കുറിച്ച് പറയുന്നത്. മറ്റ് പല ആ ത്മീക നേതാക്കളിലും ഇല്ലാതിരുന്ന എളിമയും വിനയവും ഒക്കെ അദ്ദേഹം സ്വജീവിതത്തിൽ പ്രദർശിപ്പിച്ചിരുന്നു എന്നാണ്. അതിലെല്ലാമുപരി ദൈവം ഉപയോഗിക്കണമെന്ന് ആഗ്രഹിക്കുന്നവർ, ജീവിതം ദൈവപാദത്തിൽ സമർപ്പിക്കണമെന്നും അവരുടെയിടയിൽ ഐക്യത ഉണ്ടാകണമെന്നും അദ്ദേഹം പഠിപ്പിച്ചു.

പ്രിയ വായനക്കാരേ, നൂറിലധികം വർഷം മുൻപ് പേലോസ് ഏഞ്ചൽസിൽ നടന്ന ഉണർവ്വ് താങ്കളുടെ പ്രാദേശിക സഭയിലോ, ഗ്രാമത്തിലോ, പട്ടണത്തിലോ നടക്കണമെന്ന് ആഗ്രഹിക്കരുതോ?- ഒരു സാധാരണ വിശ്വാസിയായ സെയ്മൂറിനെ ഉപയോഗിച്ച ദൈവം താങ്കളെയും ഉപയോഗിക്കില്ലെന്നാരു കണ്ടു?.

ഇന്ത്യയിലും ഒരുണർവ്വിന് സമയം അതിക്രമിച്ചു കഴിഞ്ഞു. പാപികൾ മാനസാന്തരപ്പെടാനും രോഗികൾ സൗഖ്യമാകാനും പട്ടണങ്ങളും, നഗരങ്ങളും രാജ്യവും കർത്താവിലേക്കു തിരിയാനും അത് മുഖാന്തിരമാകട്ടെ. ക്രിസ്തുവിനെ അറിയാതെ നശിച്ചുകൊണ്ടിരിക്കുന്ന ലക്ഷകണക്കിന് ആളുകൾക്ക് ക്രിസ്തുവിങ്കലേക്കു തിരിയട്ടെ. ഉണർവ്വിന്റെ ശക്തി നമ്മിൽ ഓരോരുത്തരിൽ നിന്ന് ആരംഭിക്കട്ടെ! ആ ജ്വാല ആളിക്കത്തട്ടെ! ആ പ്രകാശം ശക്തിയോടെ പരക്കട്ടെ! നമുക്ക് നമ്മുടെ മാതൃരാജ്യത്തിനായി പ്രാർത്ഥിക്കാം! ഉണർവ്വിനായി കാംക്ഷിക്കാം!

ലേഖനം

# ദുരുപദേശകരെ ഇങ്ങനെ തിരിച്ചറിയാം



സ്കറിയ. ഡി. വർഗീസ്,
വാഴൂർ, 9809807752

യേശുക്രിസ്തുവും ശിഷ്യന്മാരും മുന്നറിയിപ്പു നൽകിയതു പോലെ അനേകരെ വഞ്ചിച്ച് നിത്യമായ നാശത്തിലേക്കാനയിക്കുന്ന ദുരുപദേശകരെ ദൈവജനം വേർതിരിച്ചറിയേണ്ടത് അത്യാവശ്യമാണ് (മത്താ:24:4,25; 7:15; ഗലാത്യ:1:8,9; 2കൊരി:11:4).

(A) ദുരുപദേശ സംഘടനകളുടെ പൊതുവായ പ്രത്യേകതകൾ

**1. സത്യത്തിന്റെയും അസത്യത്തിന്റെയും മിശ്രിതം:** ഇവർ പറയുന്നതു മൊത്തമായി നുണയാകണം എന്ന് ഇല്ല. ഉപദേശ സത്യങ്ങളുമായി ചില ബന്ധങ്ങൾ ചിലപ്പോൾ ഇവർക്കു കാണും. ഏദനിൽ സംഭവിച്ചതും അതുതന്നെ. നന്മയും തിന്മയും തിരിച്ചറിയാനുള്ള കഴിവു ലഭിക്കും എന്നു പറഞ്ഞതു സത്യവും ദൈവത്തെപ്പോലെയാകും എന്നു പറഞ്ഞതു നുണയും.

**2. ദൈവവചനത്തിനു പുറത്തുള്ളതായ ഉപദേശങ്ങൾ:** യേശുക്രിസ്തു ചെയ്ത അടയാളങ്ങൾ മുഴുവനായി ബൈബിളിൽ രേഖപ്പെടുത്തിയിട്ടില്ല എങ്കിലും ഉപദേശിച്ചത് ഒന്നുപോലും വിട്ടുപോകാതെ മുഴുവനായും രേഖപ്പെടുത്തിയിട്ടുണ്ട് എന്ന സത്യം നാം അറിയാതിരിക്കരുത് (യോഹ 20:30,31).

**3. പുത്രന്റെയോ പരിശുദ്ധാത്മാവിന്റെയോ വ്യക്തിത്വം നിഷേധിക്കുക:** ഒന്നുകിൽ ക്രിസ്തുവിന്റെ പൂർണ്ണ ദൈവത്വമോ അല്ലെങ്കിൽ പൂർണ്ണ മനുഷ്യത്വമോ ഇവർ നിഷേധിക്കുക: ഒന്നുകിൽ ക്രിസ്തുവിന്റെ പൂർണ്ണ ദൈവത്വമോ അല്ലെങ്കിൽ പൂർണ്ണ മനുഷ്യത്വമോ ഇവർ നിഷേധിക്കും. പരിശുദ്ധാത്മാവിനെ ഇവരുടെ ഇച്ഛാനുസരണം ഉപയോഗിക്കാവുന്ന വെറും ശക്തി മാത്രമായി ഇവർ അവതരിപ്പിക്കും. (പിതാവും പുത്രനും പരിശുദ്ധാത്മാവും എന്ന ത്രിയേക ദൈവം നിലനിൽപ്പിൽ ഒരുമിച്ചും ശുശ്രൂഷകളിൽ സ്വതന്ത്രരുമാണ് എന്നാണ് വിശുദ്ധ ബൈബിൾ പഠിപ്പിക്കുന്നത്).

**4. രക്ഷാ ശാസ്ത്രത്തിൽ മായം കലർത്തും:** ഒരിക്കൽ ക്രിസ്തുവിനെ സ്വീകരിച്ചു കഴിഞ്ഞാൽ പിന്നെ എത്ര വലിയ പാപം ചെയ്താലും സ്വർഗ്ഗത്തിൽ എത്തിക്കൊള്ളും എന്നാണ് മിക്ക ദുരുപദേശകരും പഠിപ്പിക്കുന്നത്.

**5. ദൈവതുല്യനായ മാനുഷിക മേധാവി:** ഇവരുടെ പ്രവർത്തികളെല്ലാം ഈ മേധാവിക്കുമാത്രമായി എന്തോ അമാനുഷിക കഴിവുകൾ ഉണ്ട് എന്ന് മറ്റുള്ളവരെ ബോധ്യപ്പെടുത്തും വിധമായിരിക്കും.

6, അടിസ്ഥാന ഉപദേശങ്ങളിൽ ഒന്ന് എങ്കിലും ഇവർ നിരാകരിച്ചിരിക്കും(പ്രവൃത്തി:2:3842).

7. സ്ത്രീകൾ പ്രാർത്ഥന, പ്രവചനം എന്നിവ നടത്തുമ്പോൾ തലയിൽ മൂടുപടം ഇട്ടിരിക്കണം എന്ന പ്രമാണം ഇവരിൽ പലരും അംഗീകരിക്കില്ല (1കൊരി:11:13).

8. ആഭരണ ധാരണം, വേർപാടു പുലർത്താതെയുള്ള ജീവിതം എന്നിവയെ പ്രോത്സാഹിപ്പിക്കുകയും, വചന വിരുദ്ധമായ ജാതീയ ചടങ്ങുകളിൽ സഹകരിക്കുകയും ചെയ്യും. (ഉദാ: ശിശുസ്നാനം, അടിയന്തിരം, കെട്ടുമുറുക്ക്. ഓണം, വിഷു പോലുള്ള മതപരമായ ഉത്സവങ്ങൾ).

**(B) ദുരുപദേശ സംഘടനകൾ പെട്ടന്ന് ആകർഷകമാകാനുള്ള കാരണങ്ങൾ**

1. ദൈവത്തോടുള്ള മനുഷ്യന്റെ പൊതുവായ മത്സര മനോഭാവം (ഹവ്വ, ലോത്തിന്റെ ഭാര്യ, ഏലിയുടെ മക്കൾ).

2. വെളിച്ചത്തേക്കാൾ ഇരുട്ടിനോടുള്ള സ്നേഹം(യോഹ:3:19)

3. നിത്യമായവയെ പറ്റിയുള്ള അറിവില്ലായ്മ:(സ്വർഗ്ഗം, നിത്യനരകം, നിത്യശിക്ഷാവിധി).

4. അധമവാസനകളിലുള്ള മനുഷ്യന്റെ പൊതുവായ തൃപ്തി (ജഡമോഹം, കൺമോഹം).

**(C) വശീകരണ തന്ത്രങ്ങൾ**

1. പുറമേ കാണിക്കുന്ന വലിയ സ്നേഹവും മുഖസ്തുതിയും.

2. ബാഹ്യലോകം ഒറ്റപ്പെടുത്തുമ്പോൾ പെട്ടന്നു വരുന്ന കവിഞ്ഞൊഴുകുന്ന ഭൗതീക നന്മയെ പറ്റി പറഞ്ഞ് മോഹിപ്പിക്കുന്നു.

3. പാപം, നിത്യശിക്ഷാവിധി, പാപമോചകൻ എന്നീ അതീവ ഗൗരവമേറിയ കാര്യങ്ങൾ മറച്ചു പിടിക്കും. എങ്കിലും മദ്യപാനം, വ്യഭിചാരം, പുകവലി, ഇതര ലഹരികൾ എന്നിവ കുറക്കണം എന്ന് ഉപദേശിക്കും. എത്ര തവണ ജീവിത പങ്കാളിയെ മാറിയാലും സാരമില്ല എന്നു പറയും.

ഒരു കുറ്റവാളി എത്രതന്നെ വിദഗ്ദനായിരുന്നാലും ഒരു തെളിവ് എങ്കിലും ശേഷിപ്പിക്കും എന്നതുപോലെ എല്ലാ ദുരുപദേശ സംഘടനകളിലും മേൽവിവരിച്ച പല പ്രത്യേകതകളും കണ്ടിരിക്കും എന്നതിനാൽ വേർപെട്ട ദൈവജനം അത്യധികമായ ജാഗ്രതയോടെ സദാ ആയിരിക്കണം. തിരുവചനത്തിൽ പരിശുദ്ധാത്മാവ് ഇപ്രകാരം മുന്നറിയിപ്പു നൽകുന്നു "ഒരുത്തൻ ഈ ഉപദേശവും കൊണ്ട് അല്ലാതെ നിങ്ങളുടെ അടുക്കൽ വന്നുവെങ്കിൽ അവനെ വീട്ടിൽ കൈകൊള്ളരുത്; അവനു കുശലം പറകയും അരുത്"(യോഹ:10).

## 01 ഫിഡൽ കാസ്ട്രോ: മനം മാറിയ വിപ്ലവകാരി.....



...ച്ചു എങ്കിലും അടിസ്ഥാന സ്വാതന്ത്ര്യം നിരസിക്കപ്പെട്ടു. ഏത് സമയത്തും നിരീക്ഷിക്കപ്പെടാവുന്ന, അറസ്റ്റ് ചെയ്യപ്പെടാവുന്ന ഒരു പോലീസ് രാജിന്റെ പ്രജകൾ ആയിരുന്നു ക്യൂബൻ ജനത.

1959-ലെ വിപ്ലവത്തിൽ നൂറു കണക്കിന് ജനങ്ങൾ വധിക്കപ്പെട്ടു. അതിലേറെപേർ അപ്രത്യക്ഷരായി. ഏത് ലാറ്റിൻ അമേരിക്കൻ അധികാരികളേക്കാളും സ്വന്തം ജനതയെ ഏറ്റവും കൂടുതൽ പീഡിപ്പിച്ച നേതാവാണ് കാസ്ട്രോ. ക്യൂബയുടെ 20% ജനങ്ങളും ഈ വിപ്ലവം മൂലം രാജ്യം വിടേണ്ടിവന്നു. ഇതിൽ പലരും ബോട്ട് മുങ്ങിമരിച്ചു. ഭരണത്തെ എതിർക്കുന്നവർക്കുവേണ്ടി ലേബർ ക്യാമ്പുകളും പീഡന ക്യാമ്പുകളും തുറന്നു. ക്രൈസ്തവ വിശ്വാസത്തെ ക്യൂബയിൽ നിന്ന് തുടച്ചു നീക്കുവാൻ ശ്രമിച്ചു.

1991-വരെ സോവിയറ്റ് യൂണിയന്റെ തണലിൽ ലോക സാമ്രാജ്യത്ത ശക്തികളെ വെല്ലുവിളിച്ച ക്യൂബ 1991-ന് ശേഷം സാമ്പത്തിക പ്രതിസന്ധിയിലായി. സോവിയറ്റ് യൂണിയൻ തകർന്നത് ക്യൂബയ്ക്ക് വൻ തിരിച്ചടിയായി. അതുവരെ സഭാ പ്ര വർത്തനങ്ങളെ നിയന്ത്രിച്ചിരുന്ന കാസ്ട്രോ അയയാൻ തുടങ്ങി. വത്തിക്കാനുമായി ബന്ധം സ്ഥാപിക്കാൻ കാസ്ട്രോ ശ്രമിച്ചു. കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ വിശ്വാസികൾക്കും അംഗത്വം നൽകാൻ തുടങ്ങി. ഭരണഘടന ഭേദഗതിയിലൂടെ ക്യൂബയെ നിരീശ്വര രാഷ്ട്രത്തിൽ നിന്ന് ഒരു മതേതരരാജ്യമായി പ്രഖ്യാപിച്ചു. 1996-ൽ കാസ്ട്രോ വത്തിക്കാൻ സന്ദർശിച്ചു. പോപ്പിനെ ക്യൂബയിലേക്ക് ക്ഷണിച്ചു. 98-ൽ പോപ്പ് ക്യൂബ സന്ദർശിച്ചു. ഇതിനു ശേഷം ക്രിസ്മസ് ദേശീയ ഉത്സവമായി വീണ്ടും പ്രഖ്യാപിക്കപ്പെട്ടു.

പ്രായം ആകുന്തോറും കാസ്ട്രോ കമ്മ്യൂണിസത്തിൽ നിന്ന് അകലുകയായിരുന്നു. 2006-ൽ അധികാരം സഹോദരൻ റൗൾ കാസ്ട്രോയെ ഏൽപ്പിച്ചതിനുശേഷം അയാൾ ഇങ്ങനെ പറഞ്ഞു.

"ഒരു സാമൂഹിക ദർശനത്തിന്റെ വീക്ഷണത്തിൽ ജനങ്ങൾ എന്നെ ക്രിസ്ത്യാനി എന്നു വിളിച്ചാൽ അതെ ഞാൻ ക്രിസ്ത്യാനിയാണ്. എന്നാൽ ഒരു മതപരമായ വീക്ഷണത്തിൽ ഞാൻ ക്രിസ്ത്യാനി അല്ല".

ക്രമേണ കാസ്ട്രോ സഭകളുടെമേൽ ഉള്ള നിയന്ത്രണങ്ങൾ എടുത്തുകളഞ്ഞു. കാസ്ട്രോയുടെ വ്യക്തി വിശ്വാസം പലർക്കും ഒരു പ്രഹേളികയാണ്. കാസ്ട്രോ ബാല്യകാലത്തെ തന്റെ വിശ്വാസത്തിലേക്ക് തിരിച്ചുപോകുകയാണെന്ന് പലരും ചിന്തിച്ചിരുന്നു. തന്റെ അന്ത്യനിമിഷത്തിൽ കാസ്ട്രോ ദൈവത്തോടും മതത്തിനോടും അടുത്തു വന്നിരുന്നു എന്ന് ലാറ്റിൻ അമേരിക്കയിലെ പത്രങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. "ഫിഡൽ മതത്തോട് വളരെ അടുത്തു വന്നു. ജീവിതത്തിന്റെ അന്ത്യത്തിൽ യേശു ക്രിസ്തുവിനെ താൻ വീണ്ടും കണ്ടെത്തിയിരിക്കുന്നു. ഇത് എന്നെ അത്ഭുതപ്പെടുത്തുന്നില്ല. കാരണം എന്റെ പിതാവിനെ വളർത്തിയത് ജെസ്യൂട്ട് മിഷനറിമാരാണ്" കാസ്ട്രോയുടെ മകൾ അലീന പറഞ്ഞു.

ക്യൂബയിലെ കമ്മ്യൂണിസ്റ്റ് പത്രമായ ഗ്രാൻമായിൽ അടുത്ത കാലത്ത് കാസ്ട്രോ ഇങ്ങനെയെഴുതി "മതത്തിന്റെ നയങ്ങൾക്ക് രാഷ്ട്രീയത്തിന്റെ നയങ്ങളേക്കാളും ഗുണങ്ങൾ ഉണ്ട്. ലോകത്തിന്റെ മഹത്തരമായ കലാസൃഷ്ടികൾ മതവിശ്വാസികളാൽ സൃഷ്ടിക്കപ്പെട്ടതാണ്. ശാസ്ത്രത്തിന്റെ മഹത്തായ നേട്ടങ്ങൾക്ക് ബൈബിളിലെ ഉല്പത്തിയെ അടിസ്ഥാനമാക്കിയുള്ള സിദ്ധാന്തങ്ങളെ തള്ളിക്കളയാനാവില്ല". ഇത്തരം ലേഖനങ്ങൾ കാസ്ട്രോയുടെ മനംമാറ്റത്തിന്റെ തെളിവുകളാണ്. ഒരു ദിവസം ഇതൊക്കെ വെളിപ്പെടുത്തും എന്ന് കാസ്ട്രോ പറഞ്ഞെങ്കിലും, അത് ചെയ്യാതെ വിപ്ലവകാരി പോയി. അതുകൊണ്ട് തന്നെ തന്റെ അന്ത്യകാലത്തെ വിശ്വാസവും നിഗൂഢമായി ത്തന്നെ ഇരിക്കും.

മതവിശ്വാസത്തെ ഉന്മൂലനം ചെയ്യാൻ ശ്രമിച്ച കാസ്ട്രോ അതിൽ പരാജയപ്പെട്ടു. പീഡനത്തിലും ക്യൂബയിലെ സഭ വളർന്നുകൊണ്ടിരുന്നു. CVN ന്യൂസ് പ്രകാരം കഴിഞ്ഞ 20 വർഷകാലയളവിൽ ക്യൂബയിൽ 16000 പുതിയ സഭകൾ ഉടലെടുത്തു. എന്നിരുന്നാലും കഴിഞ്ഞ ആറുമാസത്തിൽ 1600 പ്രാവശ്യം സഭകൾ ഗവൺമെന്റിന്റെ ഇടപെടലിൽ ബുദ്ധിമുട്ട് അനുഭവിച്ചു. ഏ. ജി.യുടെ ഏകദേശം 2000- സഭകളെ നിയമ വിരുദ്ധമാക്കി.

ക്യൂബയിലെ കമ്മ്യൂണിസ്റ്റ്കാരെയും കത്തോലിക്കരേയും ഒരു പോലെ ചിന്തിപ്പിക്കുന്ന പ്രതിഭാസത്തിന് ക്യൂബ ഇന്ന് സാക്ഷിയാവുകയാണ്. സുവിശേഷ വിഹിത സഭകളുടെ അഭൂതപൂർവ്വമായ വളർച്ചയാണ് പ്രതിഭാസം.

## 01 ശ്രീമതി മേരി ഏബ്രഹാം നിത്യതയിൽ...

ബൈബിൾ കോളജ് അധ്യാപികയായും ലേഡീസ് ബൈബിൾ സ്കൂൾ പ്രിൻസിപ്പാൾ ആയും സേവനം ചെയ്തു. എല്ലാവരും സ്നേഹപൂർവ്വം മമ്മി എന്ന് വിളിച്ചിരുന്ന ശ്രീമതി മേരി ഏബ്രഹാം തികഞ്ഞ സുവിശേഷകയും അനേക ശിഷ്യസമ്പത്തിന്റെ ഉടമയുമാണ്. ദീർഘവർഷങ്ങൾ ഐ. പി. സി. സോദരീസമാജം പ്രസിഡന്റായി താൻ സേവനം അനുഷ്ഠിച്ചു. 66 വർഷങ്ങൾ നീണ്ട ദാമ്പത്യ ജീവിതത്തിൽ ഒടുവിലാണ് കർത്തൃദാസിയുടെ നിര്യാണം സംഭവിച്ചത്. സംസ്കാരശുശ്രൂഷ ഡിസംബർ 3-ന് കുമ്പനാട് ഹെബ്രോൻപുരത്തെ ശുശ്രൂഷകൾക്ക് ശേഷം ഹെബ്രോൻ സെമിത്തേരിയിൽ നടത്തി. മക്കൾ: ഐ. പി. സി. മുൻ ജനറൽ സെക്രട്ടറിയും ഇന്ത്യാ ബൈബിൾ കോളജ് & സെമിനാരി പ്രസിഡന്റും പഞ്ചാബ് റീജിയൻ പ്രസിഡന്റുമായ പാസ്റ്റർ വത്സൻ ഏബ്രഹാം ഏകമകനാണ്. മറ്റുമക്കൾ: ആനി ജേക്കബ് (കുവൈറ്റ്), സ്റ്റർള ലൂക്ക് (ഇന്ത്യാ ബൈബിൾ കോളജ് & സെമിനാരി അഡ്മിനിസ്ട്രേറ്റർ, ഷേർളി ചാക്കോ (യു. എസ്. എ). മരുമക്കൾ: മിസിസ്സ് റ്റി. ലാലി ഏബ്രഹാം (യു. എസ്. എ.), ജേക്കബ് തോമസ് (കുവൈറ്റ്), റിട്ട. മേജർ വി. ഐ. ലൂക്ക് (വൈസ് പ്രസിഡന്റ്, ഇന്ത്യാ ബൈബിൾ കോളജ് & സെമിനാരി), വിജയ് ചാക്കോ (യു. എസ്. എ.). കൊച്ചുമക്കൾ: സ്നേഹ, ജോയൽ, ജെസ്സി, ആൻ, ജാനറ്റ്, ആശ, സന്തോഷ്, ജോഷ്വാ

## കല്ലുകടി

### ബിരുദം വേണോ ബിരുദം

എവിടെയും വ്യാജന്റെ കാലമാണിത്. വ്യാജ മുട്ടയും വ്യാജ കാബേജുമൊക്കെ ഇറങ്ങുന്ന കാലമാണിത്. പത്താം ക്ലാസ്സ് പാസ്സാകാത്തവരും ഡോക്ടർ ബിരുദധാരികളായി വിലസുന്ന നമ്മുടെ നാട്ടിൽ ആത്മീയരംഗത്തും വ്യാജഡോക്ടർമാർ ധാരാളം. എന്നാൽ നിയമപരമായല്ലാതെ (പഠനം നടത്താതെ) തിയോളജിക്കൽ ഡിഗ്രി കൈവശം ആക്കി പേരിന്റെ അറ്റത്ത് M.Div എന്ന് ചേർക്കുന്ന ആളുകൾ ഇവിടെ ധാരാളമായി വർദ്ധിക്കുന്നു. പണ്ട് പൗലോസ് തിമൊഥെയൊസിനും തീത്തോസിനുമൊക്കെ ലേഖനം എഴുതുമ്പോൾ കർത്താവിൽ നിന്ന് പഠിച്ച് നിർവ്യാജ വിശ്വാസത്തിലും നിഷ്കളങ്കതയിലും ക്രിസ്തീയ ശുശ്രൂഷയിൽ മുന്നേറുവാനാണ് ഉപദേശിച്ചത്. എന്നാൽ ആധുനിക തീത്തോസാകട്ടെ കേരളത്തിൽ മാത്രമല്ല വിവിധ സംസ്ഥാനങ്ങളിലും വിദേശരാജ്യങ്ങളിലുമൊക്കെ ചുറ്റി നടന്ന് ബിരുദം വേണോ എന്ന് ചോദിച്ചു നടക്കുകയാണ്. തിസീസ് തയ്യാറാക്കുവാനും പഠിക്കുവാനും ഒന്നും സമയമില്ലെങ്കിലും തീത്തോസ് എല്ലാം ശരിയാക്കി കൊടുക്കും. അതിന് ചെലവ് അല്പം കൂടുമെന്നുമാത്രം. ഏതായാലും ഒരു അക്രെഡിറ്റേഷൻ ഏജൻസി കക്ഷിയുടെ സ്ഥാപനത്തിനു നൽകിയ അക്രെഡിറ്റേഷൻ റദ്ദാക്കായിതായി അറിയുന്നു. ഇപ്പോൾ പകരം വിദേശത്തുനിന്ന് എന്തെക്കൊയോ സമ്പാദിച്ചതായും തന്റെ സ്ഥാപനത്തിന് അംഗീകാരം കിട്ടിയതായും ഒക്കെയാണ് പ്രചരിപ്പിക്കുന്നത്. ചുളുവിൽ M.Div അടിച്ചെടുത്ത കുറെ നേതാക്കന്മാർ ഇവിടെ ഉണ്ട്. ഇങ്ങനെ പോയാൽ കാശുള്ള നായുടെ വാലിലും M.Div വരുന്ന സ്ഥിതിയാണ്. ഇത്രയും നാൾ ഇന്ത്യയിൽ നിന്ന് കൊടുത്തെങ്കിൽ ഇനി വിദേശത്തു നിന്ന് വരുത്തികൊടുക്കുമെന്ന ഭാവത്തിലാണ് കക്ഷിയുടെ നടപ്പ്. പണ്ട് തിരുവനന്തപുരത്തുനിന്ന് അഞ്ഞൂറ് രൂപ കൊടുത്താൽ ഡോക്ടറേറ്റ് നൽകുന്ന ഒരു കക്ഷിയുണ്ടായിരുന്നു. ടി. എസ്. ബാലൻ ഉണ്ടായിരുന്ന കാലത്ത് അത്തരം ഡോക്ടർമാരുടെ ലിസ്റ്റ് വെളിയിൽ വന്നിരുന്നു. ഇപ്പോൾ ചുമ്മാ ഡോ, M.Div ഇങ്ങനൊക്കെ പലതരത്തിലുള്ള അലങ്കാരങ്ങൾ അണിഞ്ഞ് നടക്കുന്ന പലരും നല്ല ഗാന്ധിതല മുടക്കി (ഡോളറും) വിലസുകയാണ്. വ്യാജഡോക്ടർമാർ പെരുകിയതുകൊണ്ടാവാം പെന്തെക്കോസ്തിൽ ആത്മീയരോഗികളുടെ എണ്ണവും കൂടിയിരിക്കുന്നത്.

**അടിക്കുറിപ്പ്:** എല്ലാ വ്യാജഭാവവും ഉപേക്ഷിക്കണം എന്ന ബൈബിൾ വചനം ഇവർ എങ്ങനെ പ്രസംഗിക്കും.

ധ്യാനം

# ഗെരസേന്യരുടെ ദൈവശാസ്ത്രം!!



ഷൈജു ഡാനിയേൽ, അടൂർ

ക്രിസ്തുവിനെയും അവിടുത്തെ സാന്നിധ്യത്തെയും അകറ്റി നിർത്തി കേവലം അത്ഭുതങ്ങളും വിടുതലുകളും പ്രതീക്ഷിക്കുന്ന ഒരു പ്രവണത എന്ന് വളരെ പ്രബലമായി നമുക്കിടയിൽ നിലനിൽക്കുന്നു. ക്രിസ്തുവിനെ കൂടെ നിർത്തുന്നതിലൂടെയും ക്രിസ്തുവിനെ തുടരാൻ അനുവദിക്കുന്നതിലൂടെയും സംഭവിക്കുന്ന നഷ്ടങ്ങളിലോ ത്യാഗങ്ങളിലോ സ്ഥായിയായ മാറ്റങ്ങളിലോ താല്പര്യമില്ലാതെ പ്രകടനപരമായ ചില വേഷം കെട്ടലുകൾ കൊണ്ട് മാത്രം തൃപ്തിപ്പെടുന്ന വികലമായ അനുഗമനം. അവിഹിത ആദായ മാർഗ്ഗത്തിലും അനീതിയുടെ കൂലിയിലും ക്രിസ്തുവിന്റെ കണ്ണുകൾ പതിക്കുന്നു എന്ന് തിരിച്ചറിയുമ്പോൾ അവനെ തന്ത്രപൂർവ്വം ഒഴിവാക്കാനുള്ള ശ്രമങ്ങൾ പിന്നീട് അവരിൽ നിന്നും ഉണ്ടാകും!!

ഗലീലയിൽ നിന്നും യേശു വേഗത്തിൽ ശിഷ്യന്മാരെയും കൂട്ടി ഗെരസേന്യ ദേശത്തേക്കു പടകു കയറി പോകുകയാണ്!! യഹൂദന്മാർ ആരും ഗെരസേന്യയിലേക്ക് പോകാറില്ല. കാരണം ഒരു പക്ഷെ പടകിൽ നിന്നും ഗെരസേന്യദേശത്തേക്കു കാലുകുത്തുമ്പോൾ യഹൂദന് നിഷിദ്ധമായ പന്നിക്കൂട്ടങ്ങളെ ആകും അവർ കാണുക!! പക്ഷെ ഇവിടെ യഹൂദ ഗോത്രത്തിന്റെ സിംഹം ഗെരസേന്യയിലെ പന്നിക്കൂട്ടങ്ങളിലേക്ക് നടന്നു കയറുമ്പോൾ യേശുവിനു പന്നികൾ അല്ലായിരുന്നു വിഷയം മറിച്ചു ബന്ധസ്ഥനായ ഒരുവന്റെ വിടുതലായിരുന്നു!! ആർക്കും ആ വഴി പോകുവാൻ കഴിയാതെ നീണ്ട ആണ്ടുകളായി ഭൂതഗ്രസ്തനായ മനുഷ്യന്റെ വാഴ്ച നിമിത്തം അടഞ്ഞു കിടന്ന വഴി യേശു അവിടെ തുറന്നു. ദീർഘനാളുകളായി ബന്ധിക്കപ്പെട്ടിരുന്ന ഭൂതഗ്രസ്തനായ മനുഷ്യനെ സ്വതന്ത്രനാക്കി!! സൗഖ്യമായവൻ യേശുവിന്റെ പാദത്തിൽ ഇരിക്കുന്നത് കണ്ട നാട്ടുകാർ വേഗത്തിൽ സംഘം ചേർന്ന് യേശുവിനെതിരായി തിരിഞ്ഞു- നി വേഗം ഇവിടെ വിട്ടുപോകണം!! കാരണം ക്രിസ്തുവിന്റെ ഗെരസേന്യയിലേക്കുള്ള പ്രവേശനം അവർക്കു വലിയ ഒരു നഷ്ടം വരുത്തി വച്ചു... അവരുടെ രണ്ടായിരം പന്നികൾ കടലിൽ ചാടി ചത്തു!! ഭൂതഗ്രസ്തൻ വിടുവിക്കപ്പെട്ടതിൽ അവർക്കു പ്രശ്നമില്ലെങ്കിലും പന്നികളെ നഷ്ടപ്പെടുത്തികൊണ്ടുള്ള ഒരു ക്രിസ്തുസാന്നിധ്യത്തിനു താല്പര്യമില്ലാത്ത ഗെരസേന്യർ!!

നിലവിലിൽ തിന്മയുടെ വാഴ്ചയാണ് നിലനിൽക്കുന്നത് എങ്കിലും അവിടെ ക്രിസ്തു വരുത്തുന്ന പരിവർത്തനങ്ങളെ മനഃപൂർവ്വമായി നിഷേധിക്കുന്ന ഒരു വിഭാഗം. ഇനിയും യേശുവിനെ ഇവിടെ തുടരുവാൻ അനുവദിച്ചാൽ ഇത്തരത്തിൽ ഉള്ള മാറ്റങ്ങൾ തുടർന്നും ഉണ്ടാകും... പക്ഷെ ഞങ്ങൾക്ക് മാറ്റങ്ങളിൽ താലപര്യം ഇല്ല... നീ വേഗം ഇവിടം വിട്ടുപോകണം!! യേശുവിന്റെ സാന്നിധ്യം വരുത്തുന്ന മാറ്റങ്ങളിൽ ഭയപ്പെട്ടു മനഃപൂർവ്വം യേശുവിനെ പുറത്താക്കാൻ ശ്രമിക്കുന്ന ഒരു തലമുറയുടെ ചിത്രമാണിവിടം!! യേശു മൂലം സൃഷ്ടിക്കപ്പെടുന്ന മാറ്റങ്ങളിൽ ഇവർ എന്തിനു ഭയക്കണം??...... കാരണം യേശുവിന്റെ സാന്നിധ്യം തിന്മയുടെ വിളയാട്ടങ്ങളെ അവസാനിപ്പിക്കും!!... യേശുവിന്റെ സാന്നിധ്യം സാത്താന്യ സംഘങ്ങളോട് കൈകോർത്തു കൊണ്ട് നടത്തുന്ന കൂട്ടുകച്ചവടങ്ങളെ നിർത്തലാക്കും... യേശുവിനെ ഗെരസേന്യദേശത്തു തുടരാൻ അനുവദിച്ചാൽ ഇന്ന് ഗെരസേന്യർ തുടരുന്ന പലതും ചോദ്യം ചെയ്യപ്പെടാം. അവരുടെ നീതിരഹിത പ്രവണതകളിലേക്കു യേശുവിന്റെ നോട്ടം എത്തിയേക്കാം. അവരുടെ അന്യായ ഇടപാടുകളിൽ യേശു കൈകടത്തിയേക്കാം. ഞങ്ങൾ ഇപ്പോൾ തുടരുന്നതിൽ തുടരാനാണ് ഞങ്ങൾക്ക് താല്പര്യം... യേശു വരുത്തുന്ന മാറ്റങ്ങളിൽ ഞങ്ങൾക്ക് താല്പര്യമില്ല...അതുകൊണ്ട് നീ ഞങ്ങളെ വിട്ടുപോകേണം!!

ഭൂതശാന്തിയും രോഗശാന്തിയും ശാരീരിക വിടുതലുകളും സാമ്പത്തിക ഉയർച്ചകളും ഒക്കെ ഞങ്ങൾക്ക് വേണം. എന്നാൽ ചിലതു വിട്ടുകളയാനും ചില ത്യാഗങ്ങൾ സഹിക്കാനും തയ്യാറല്ല. അജ്ഞാനകാലത്തിലെ മോഹങ്ങളിൽ തുടർന്നുകൊണ്ട് അത്ഭുതങ്ങളും വിടുതലുകളും സ്വീകരിക്കുവാനാണ് ഇവർക്കിഷ്ടം. ആത്ഭുതങ്ങൾ നടക്കണം - പക്ഷെ ദൈവികതക്കെതിരെയുള്ള ഞങ്ങളുടെ പ്രവർത്തികളെ ചോദ്യം ചെയ്യാൻ പാടില്ല!! വീര്യപ്രവർത്തികൾ നടക്കണം- പക്ഷെ മാറ്റം വരുത്തുന്ന ദൈവസാന്നിധ്യം പുറത്താക്കപ്പെടണം... ഇതാണ് ഗെരസേന്യഭക്തരുടെ ദൈവശാസ്ത്രം!! യേശുവിലൂടെ സൃഷ്ടിക്കപ്പെടുന്ന നല്ല മാറ്റങ്ങളെ ഹൃദയപൂർവ്വം തിരസ്ക്കരിക്കുന്ന നവ ഗെരസേന്യ ദേശമാണ് ഞങ്ങളുടെ ആനന്ദം...!! യേശുവിനെ പുറത്താക്കി അവനു പ്രവേശനം നിഷേധിക്കുന്ന നവ ഗെരസേന്യ വിടുതൽ സംഘങ്ങൾ ക്രിസ്തു വരുത്തുന്ന മാറ്റങ്ങളിൽ ക്ഷുഭിതരാണ്!! അവരുടെ അനന്ത വ്യാപാര സാധ്യതകൾ യേശു ചുഴറ്റുന്ന ചാട്ടവാറിൽ തകർന്നടിയാൻ സാധ്യതയുണ്ട്... അതുകൊണ്ടു ഇവിടെ വിട്ടു പോകേണം!!

# ഐ. പി. സി. ജനറൽ കൺവൻഷൻ കമ്മറ്റി ഭാരവാഹികളെ തെരഞ്ഞെടുത്തു

കൺവൻഷന്റെ വിപുലമായ ക്രമീകരണങ്ങൾക്ക് നേതൃത്വം വഹിക്കുന്നതിന് വിവിധ കമ്മറ്റികൾ രൂപീകരിക്കപ്പെട്ടു. കുമ്പനാട്ടു നടന്ന ജനറൽ കൗൺസിലാണ് സബ് കമ്മറ്റികളെ തിരഞ്ഞെടുത്തത്. പാസ്റ്റർ ജേക്കബ് ജോൺ (ജനറൽ പ്രസിഡന്റ്), പാസ്റ്റർ വിൽസൺ ജോസഫ് (വൈസ് പ്രസിഡന്റ്), പാസ്റ്റർ ഡോ.കെ.സി.ജോൺ (ജനറൽ സെക്രട്ടറി), പാസ്റ്റർ തോമസ് ഫിലിപ്പ് (ജോയിന്റ് സെക്രട്ടറി), സജി പോൾ (ട്രഷറർ) എന്നിവരെ കൂടാതെ വിവിധ കമ്മറ്റികൾക്ക് നേതൃത്വം വഹിക്കുന്നവർ ചെയർമാൻ, കൺവീനർ എന്ന ക്രമത്തിൽ:**പ്രെയർ:** പാസ്റ്റർമാരായ കെ.കെ.ജോർജ്ജ്, വർഗീസ് മാത്യു, സുധീർ വർഗ്ഗീസ്, വി.എ. സണ്ണി, **റിസപ്ഷൻ:** വി.ജി.തോമസുകുട്ടി, സണ്ണി അലക്സാണ്ടർ, പി.ഇ. ജോർജ്ജ്, രാജു മാത്യു, **അക്കോമഡേഷൻ & പാർക്കിംഗ്:** ജോൺ പി. ചെല്ലപ്പൻ, റെജി ജോസഫ്, സാം കുട്ടി ചാക്കോ, കെ.പി. ജോസ്, **വിജിലൻസ്:** എബി പെരുംപെട്ടി, പി.എ.ജോർജ്ജ്, ഷാജി വളഞ്ഞവട്ടം, ഷിജോ പി.ജെ. **പബ്ലിസിറ്റി:** എം.വി.ഫിലിപ്പ്, കുര്യൻ ജോസഫ്, ഗ്ലാഡ്സൺ ജേക്കബ്, ജോജി ഐപ്പ് മാത്യൂസ് **സംഗീതം:** സാം കുഴിക്കാല, റോയി പൂവക്കാല, കെ.റ്റി. ജോഷ്വാ, ബിനോയ് ഇടക്കല്ലൂർ, **രജിസ്ട്രേഷൻ:** വർഗീസ് മാത്യു, ജോൺ സാമുവേൽ, ജെയിംസ് എബ്രഹാം മാവേലിക്കര, തോമസ് മാത്യു ചാരുവേലിൽ, **പന്തൽ ലൈറ്റ് & സൗണ്ട്:** സജി പോൾ, വർഗീസ് ചാക്കോ, പീറ്റർ മാത്യു വല്യത്ത്, പി.വി.കുട്ടപ്പൻ, **ട്രാൻസ്പോർട്ട്:** അഡ്വ. ജോൺസൺ കെ സാമുവേൽ, വിത്സൺ ജോയ്സ്, ജെസ്റ്റിൻ രാജ്, ജെയിംസ് ജോർജ്ജ്, **ഫുഡ്:** ബാബു കുമ്പനാട്, ഏബ്രഹാം ജോർജ്, മോൻസി കിഴക്കേടത്ത്, ജി. കുഞ്ഞച്ചൻ, **ഫിനാൻസ്:** തോമസ് ജോർജ്ജ്, ഈപ്പൻ തോമസ്, ബിജു വർഗീസ് രാമക്കൽമേട്, പീറ്റർ മാത്യു കല്ലൂർ, **കൗൺസിലിംഗ്:** കെ.പി.തോമസ്, അലക്സ് വെട്ടിക്കൽ, സിനോജ് ജോർജ്ജ്, റ്റി.എ. തമ്പി, **സൺഡേസ്കൂൾ & യൂത്ത്:** ജയിംസ് ചാക്കോ, ജോർജ് ദാനിയേൽ, ജോസ് കെ. എബ്രഹാം, ബെന്നി പുള്ളോലിക്കൽ, **തിരുവത്താഴം :** ഗർസിം പി.ജോൺ, ജേക്കബ് ജോർജ്, ജോൺ റിച്ചാർഡ്, എബ്രഹാം ജോർജ്ജ്. കൺവൻഷനുള്ള സംഭാവനകൾ 2016 ഡിസംബർ 31 ന് മുൻപ് നൽകുന്നവരുടെ ലിസ്റ്റുകൾ മാത്രമെ പാട്ടുപുസ്തകത്തിൽ പ്രസിദ്ധീകരിക്കുകയുള്ളുവെന്ന് ഭാരവാഹികൾ അറിയിച്ചു.

# ഐ. പി. സി. മലബാർ മേഖല കൺവൻഷൻ സമാപിച്ചു



ഐ. പി. സി. മലബാർ മേഖല കൺവൻഷനിൽ പാസ്റ്റർ ഫിലിപ്പ് പി. തോമസ് മുഖ്യപ്രഭാഷണം നടത്തുന്നു

# 34-ാമത് പെന്തെക്കോസ്തൽ കോൺഫറൻസിന്റെ സ്മരണിക ജനുവരിയിൽ വിതരണം ആരംഭിക്കും




**ഡാളസ്:** ജൂൺ 30 മുതൽ ജൂലൈ 3 വരെ ഡാളസിൽ നടന്ന 34-ാമത് പി സി എൻ എ കെ കോൺഫറൻസിൽ നാഷണൽ കൺവീനർ പാസ്റ്റർ ഷാജി കെ. ഡാനിയേൽ പ്രകാശനം നിർവഹിച്ച "മൈൽ സ്റ്റോൺ" എന്ന സുവനീറിന്റെ വിതരണം 2017 ജനുവരിയിൽ ആരംഭിക്കും. അമേരിക്കയിൽ മലയാളി പെന്തെക്കോസ്തുകാരുടെ എല്ലാ ഭവനങ്ങളിലും സുവനീർ ലഭിക്കത്തക്ക ക്രമീകരണങ്ങളാണ് ചെയ്തിരിക്കുന്നത്. സുവനീർ ആവശ്യമുള്ളവർ വിലാസവും ഫോൺ നമ്പറും താഴെ പറയുന്ന വിലാസത്തിലോ ഈമെയിൽ മുഖേനയോ അറിയിക്കേണ്ടതാണ്. ലഭിക്കേണ്ട എണ്ണം അറിയിച്ചാൽ നിങ്ങളുടെ ചർച്ചുകളിൽ എത്തുന്നതായിരിക്കും. പരസ്യം തന്നവർ എത്രയും പെട്ടന്ന് തുക നൽകേണ്ടതാണ്. റവ. ഷാജി കെ. ഡാനിയേൽ, ബ്രദർ റ്റിജു തോമസ്, ബ്രദർ തോമസ് വർഗീസ്, ബ്രദർ ജോൺസ് പി മാത്യൂസ്, ബ്രദർ രാജൻ ആര്യ പ്പള്ളിൽ, ബ്രദർ വെസ്ലി മാത്യു, ബ്രദർ ഷാജി മണിയാറ്റ്, റവ. മോനി മാത്യു, ബ്രദർ റോയി മേപ്രാൽ, റവ. റോയി വകത്താനം, റവ. ഈശോ ഫിലിപ്പ്, ബ്രദർ ജോയി തുമ്പമൺ, ബ്രദർ ഏബ്രഹാം മോനീസ് ജോർജ്ജ് തുടങ്ങിയവർ സ്മരണികയുടെ എഡിറ്റോറിയൽ ബോർഡിൽ പ്രവർത്തിക്കുന്നു. വിലാസം: പിസിഎൻഎകെ 2016, പി. ഒ. ബോക്സ് 620742, അറ്റ്ലാന്റാ, ജോർജിയ 30362, യു. എസ്.എ. ഈമെയിൽ: പിസിഎൻഎകെ2016സുവിനീർ അറ്റ് ജീമെ യിൽ.കോം. കൂടുതൽ വിവരങ്ങൾക്ക്: ബ്രദർ ജോൺസ് പി. മാത്യൂസ് 423.991.7175, ബ്രദർ രാജൻ ആര്യപ്പള്ളിൽ 678.571.6398

# സഭാവാർത്തകൾക്ക് കുവൈറ്റിൽ നിന്ന് വെബ്സൈറ്റ്

**കുവൈറ്റ്:** മലയാളി പെന്തെക്കോസ്ത് സഭകളുടെ വാർത്തകൾ ഉൾപ്പെടുത്തികൊണ്ട് sabavarthakal.com എന്ന സൈറ്റ് നിലവിൽ വന്നു. ഉദ്ഘാടനം ഐ. പി. സി. കുവൈറ്റ് റീജിയൻ പ്രസിഡന്റ് പാസ്റ്റർ എം. എ വർഗീസ് നിർവ്വഹിച്ചു. പാസ്റ്റർമാരായ നൈനാൻ ജോർജ്, ഷാജി സ്കറിയാ, സജി ഏബ്രഹാം, രജി ജേക്കബ് എന്നിവർ പ്രസംഗിച്ചു.

# ഐ. പി.സി സോദരി സമാജം സംസ്ഥാന ക്യാമ്പ്




**അടൂർ:** സോദരി സമാജം സംസ്ഥാന ക്യാമ്പ് ഐ. പി. സി സംസ്ഥാന അദ്ധ്യക്ഷൻ പാസ്റ്റർ കെ. സി. തോമസ് ഉദ്ഘാടനം ചെയ്തു. പാസ്റ്റർ റ്റി. ഇ. വർഗ്ഗീസ് അദ്ധ്യക്ഷത വഹിച്ചു. പൊതുയോഗത്തിൽ പാസ്റ്റർ പി. ജെ. ദാനിയേൽ അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ സി. സി. ഏബ്രഹാം(സംസ്ഥാന ജോയിന്റ് സെക്രട്ടറി) പ്രസംഗിച്ചു. വിവിധ സെക്ഷനുകളിൽ സഹോദരിമാരായ ജോയമ്മ വർഗ്ഗീസ്, മേഴ്സി ദാനിയേൽ, ആനി സ്റ്റീഫൻ(യു.എസ്.എ) കുഞ്ഞമ്മ ബഞ്ചമിൻ, പാസ്റ്റർമാരായ വർഗീസ് ബേബി, വർഗീസ് മത്തായി എന്നിവർ സംസാരിച്ചു. രാത്രിയോഗത്തിൽ പാസ്റ്റർ ഫിലിപ്പ് പി. തോമസ് പ്രസംഗിച്ചു സമാപന ദിനത്തിൽ പാസ്റ്റർമാരായ ദാനിയേൽ ജോർജ്, പാസ്റ്റർ ബഞ്ചമിൻ വർഗ്ഗീസ്(സീനിയർ ജനറൽ മിനിസ്റ്റർ) അദ്ധ്യക്ഷത വഹിച്ചു. സഹോദരിമാരായ ആനി സ്റ്റീഫൻ(യു.എസ്. എ), ലില്ലി റെജി എന്നിവർ പ്രസംഗിച്ചു. സംസ്ഥാന സോദരി സമാജം ക്വയർ ഗാനശുശ്രൂഷ നിർവ്വഹിച്ചു. സഹോദരിമാരായ ഏലിയാമ്മ തോമസ്, ലില്ലി റെജി, ജോയമ്മ വർഗ്ഗീസ്, മേഴ്സി ദാനിയേൽ, ഒമേഗ സുനിൽ, സൂസൻ ചെറിയാൻ, എൻ. സി. ശമുവേൽ, ജോയമ്മ ബേബി എന്നിവർ നേതൃത്വം നൽകി.

# പിസിനാക്ക് 2017 ഒഹായോ കോൺഫറൻസ് മുപ്പത്തിനാലംഗ ലോക്കൽ കമ്മറ്റി തിരഞ്ഞെടുത്തു

രാജൻ ആര്യപ്പള്ളിൽ, നാഷണൽ മീഡിയ കോർഡിനേറ്റർ



**ഒഹായോ:** 2017 ജൂൺ 29 മുതൽ ജൂലൈ 2 വരെ കൊളമ്പസ് ഓഹായോയിൽ ഗ്രെയിറ്റർ കൊളമ്പസ് കൺവൻഷൻ സെന്ററിൽ വെച്ച് നടക്കുന്ന 35-ാമത് പിസിനാക്ക് കോൺഫറൻസിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി 34 പേരടങ്ങുന്ന വിപുലമായ ലോക്കൽ കമ്മറ്റിയേയും സബ് കമ്മറ്റികളേയും തിരഞ്ഞെടുത്തു. ലോക്കൽ കൺവീനർമാരായി പാസ്റ്റർ ജോയി വർഗീസ്, പാസ്റ്റർ ഡേവിഡ് സൈമൺ, ലോക്കൽ കോർഡിനേറ്ററായി ബ്രദർ സ്റ്റാൻലി സഖറിയായെയും തിരഞ്ഞെടുത്തു. ബെന്നി സാമുവേൽ (സെക്രട്ടറി), ജിമ്മി ചാക്കോ (ട്രഷറാർ), ഇവ. ബിനു പെനിയേൽ (യൂത്ത് കോർഡിനേറ്റർ), സിസ്റ്റർ ജൂലി ഉമ്മൻ, സിസ്റ്റർ സിനി ടോം (ലേഡീസ് കോർഡിനേറ്റേഴ്സ്), സാമുവേൽ മാതൂസ് (പ്രയർ), ലോയസ് ജോർജ്ജ് (മൂസിക്), ഷൈജു വർഗീസ്, ഡിനു മാത്യു, അനു ചാക്കോ, ജാൻസി സാമുവേൽ, കൃപാ ജെയിംസ്, റ്റിജിൻ തോമസ്, (രജിസ്ട്രേഷൻ), ആഷാ സ്റ്റാൻലി, ജിജി വർഗീസ് (ചിൽഡ്രൻസ്), സാമുവേൽ മാത്യൂസ്(സെക്യൂരിറ്റി), തോമസ് ജോൺ (ട്രാൻസ്പോർട്ടേഷൻ),ജെയിംസ് കെ. ജോൺ (ഫുഡ്), ലിജി ഉമ്മൻ, സുജ ജെയിംസ് (ഹോസ്പിറ്റാലിറ്റി), ബേസിൽ ജേക്കബ് (സ്പോർട്ട്സ്), ഏബ്രഹാം കുളത്തുങ്കൽ, കൃപാ ജെയിംസ്, റ്റിജിൻ തോമസ്, അനു ചാക്കോ, ജാൻസി സാമുവേൽ (അഷറിംഗ്), സിസ്റ്റർ ജയാ തോമസ് (പബ്ലിസിറ്റി), ഡോ. വിൽസൺ വർഗീസ് (മെഡിക്കൽ), സിസ്റ്റർ ജോയിസ് ടോമി (യൂത്ത് റെപ്പ് ഒഹായോ), ബെൻസൺ സാമുവേൽ (മ്യൂസിക് യൂത്ത്), സിസ്റ്റർ ലീലാ ഉമ്മൻ, സിസ്റ്റർ അന്നമ്മ ഫിലിപ്പ് (ലോക്കൽ ലേഡീസ് അഡ്വൈസർ) എന്നിവരായിരിക്കും ലോക്കൽ കമ്മറ്റി ഭാരവാഹികൾ.

കോൺഫറൻസിന്റെ ചിന്താവിഷയം "കുഞ്ഞാടേ നീ യോഗ്യൻ" വെളിപ്പാട് 5:12 എന്നതാണ്. കൺവൻഷൻ സെന്ററിനോട് ചേർന്നുള്ള ഹയാത്ത് റീജിയൻ ഹോട്ടലിൽ നാഷണൽ - ലോക്കൽ കമ്മറ്റികൾ സംയുക്തമായി സമ്മേളിക്കുകയും കോൺഫറൻസിന്റെ വിജയത്തിനായുള്ള പ്രവർത്തന പദ്ധതികൾ തയ്യാറാക്കുകയും ചെയ്തു. ഏകദേശം അയ്യായിരത്തിലധികം പേർ ഈ സമ്മേളനത്തിൽ പങ്കെടുക്കുമെന്ന് സംഘാടകർ പ്രതീക്ഷിക്കുന്നു. പരിചയ സമ്പന്നരായ സംഘാടകരാണ് ഈ സമ്മേളനത്തിന് നേതൃത്വം നൽകുന്നത്.

കൂടുതൽ വിവരങ്ങൾക്ക്: പാസ്റ്റർ ടോമി ജോസഫ് ( നാഷണൽ കൺവീനർ), ബ്രദർ ജെയിംസ് ഏബ്രഹാം (നാഷണൽ സെക്രട്ടറി), ബ്രദർ സാക്ക് ചെറിയാൻ (നാഷണൽ ട്രഷറാർ), ബ്രദർ ജോഷിൻ ഡാനിയേൽ (യൂത്ത് കോർഡിനേറ്റർ), ഡോ. റെനി ജോസഫ് (ലേഡീസ് കോർഡിനേറ്റർ), സിസ്റ്റർ മിനി ജോൺ (ചിൽഡ്രൻസ് കോർഡിനേറ്റർ) എന്നിവരുമായി ബന്ധപ്പെടുക. കോൺഫറൻസ് വെബ് സൈറ്റ്: www.pcnak2017.org.




# നവാപൂർ കൺവൻഷന് അനുഗ്രഹസമാപ്തി



**നവാപൂർ:** ഉത്തരേന്ത്യയിലെ ഏറ്റവും വലിയ ആത്മീയ സംഗമമായ 36-ാ മത് നവാപൂർ കൺവൻഷൻ സമാപിച്ചു. നവംബർ 8 ന് വൈകിട്ട് 6 ന് നാഷണൽ ഓവർസിയർ റവ. ജോയി പുന്നൂസ് കൺവൻഷൻ ഉത്ഘാടനം ചെയ്തു. സുവി. സുരേഷ് ബാബു യോഗങ്ങളിൽ മുഖ്യ പ്രഭാഷണം നടത്തി. കൂടാതെ പാസ്റ്റർമാരായ എം.എസ്. ശാമുവേൽ, സി. സി. തോമസ്, ഡോ. ജേക്കബ് ചെറിയാൻ, ഡോ. പോൾ മാത്യു എന്നിവർ വിവിധ യോഗങ്ങളിൽ പ്രസംഗിച്ചു.

കൺവൻഷനോടനുബന്ധിച്ച് ശുശ്രൂഷക സമ്മേളനം വിദ്യാർത്ഥി-യുവജന സമ്മേളനം, സഹോദരി സമ്മേളനം, മെഡിക്കൽ ക്യാമ്പ് എന്നിവ നടന്നു. 12 ന് ശനിയാഴ്ച രാവിലെ ഫിലദൽഫിയ ബൈബിൾ കോളേജിൽ നിന്നും പഠനം പൂർത്തിയാക്കിയ 25 വിദ്യാർത്ഥികൾക്ക് പ്രിൻസിപ്പാൾ ഡോ. ഫിന്നി ഫിലിപ്പ് ബിരുദങ്ങൾ നൽകി. ഡോ. ജേക്കബ് ചെറിയാൻ മുഖ്യ അതിഥിയായിരുന്നു. സിസ്റ്റർ സംഗീതയുടെ നേതൃത്വത്തിലുള്ള ഫിലദൽഫിയ ക്വയർ ഗാനശുശ്രൂഷ നിർവഹിച്ചു.

13 ന് ഞായറാഴ്ച പതിനായിരങ്ങൾ പങ്കെടുത്ത സംയുക്ത സഭായോഗത്തോടും പൊതുയോഗത്തോടും കൂടി കൺവൻഷൻ സമാപിക്കും. പാസ്റ്റർ കെ.വി. ഏബ്രഹാം കർത്തൃമേശക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. ജനറൽ സെക്രട്ടറി പാസ്റ്റർ കെ.ഒ. വർഗീസിന്റെ നേതൃത്വത്തിലുള്ള വിവിധ കമ്മിറ്റികൾ കൺവൻഷന് നേതൃത്വം നൽകി.

# ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാ കേരളാ സ്റ്റേറ്റ് ജനറൽ കൺവൻഷൻ

## ഉപവാസ പ്രാർത്ഥനയും ചെയിൻ പ്രെയറും

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാ 94-ാമത് ജനറൽ കൺവൻഷന്റെ അനുഗ്രഹത്തിനായി ഉപവാസപ്രാർത്ഥനയും ചെയിൻ പ്രെയറും നടക്കും. ജനുവരി 2 മുതൽ 7 വരെ മുളക്കുഴ സീയോൻകുന്നിൽ നടക്കുന്ന ഉപവാസപ്രാർത്ഥനയിൽ അഭിഷിക്തരും കൃപാവരപ്രാപ്തരുമായ ദൈവദാസന്മാർ ശുശ്രൂഷകൾ നിർവ്വഹിക്കും. സ്റ്റേറ്റ് ഓവർസീയർ റവ. സി. സി. തോമസ് നേതൃത്വം നൽകും. അസിസ്റ്റന്റ് ഓവർസീയർ പാസ്റ്റർ പി. ജി. മാത്യൂസ്, സെക്രട്ടറി പാസ്റ്റർ ജെ. ജോസഫ്, ട്രഷറാർ പാസ്റ്റർ വൈ. ജോസ്, കൗൺസിൽ അംഗങ്ങൾ, സീനിയർ ശുശ്രൂഷകർ തുടങ്ങിയവർ വിവിധ സെക്ഷനുകളിൽ ശുശ്രൂഷിക്കും.

ജനുവരി 2 മുതൽ 22 വരെ നടക്കുന്ന ചെയിൻ പ്രെയറിന് വിവിധ ഡിസ്ട്രിക്ടുകൾ നേതൃത്വം നൽകും. ഓരോ ദിവസവും ഡിസ്ട്രിക്ടുകളിൽ നടക്കുന്ന ചെയിൻ പ്രെയറിന്റെ ലിസ്റ്റ് പ്രെയർ ഡിപ്പാർട്ടുമെന്റിന്റെ ചുമതലയിൽ ക്രമീകരിച്ചിട്ടുണ്ട്.

"എഴുന്നേറ്റു പണിയുക" (നെഹ: 2:20) എന്നതാണ് ഈ വർഷത്തെ കൺവൻഷന്റെ ചിന്താവിഷയം. 2017 ജനുവരി 23 മുതൽ 29 വരെ തിരുവല്ല ചർച്ച് ഓഫ് ഗോഡ് സ്റ്റേഡിയത്തിലാണ് കൺവൻഷൻ നടക്കുന്നത്.

# ഷിബു മുള്ളുംകാട്ടിൽ യു.എ.ഇ. റീജിയൻ പി. വൈ. പി. എ. സെക്രട്ടറി



**ഷാർജ:** പി. വൈ. പി. എ. യു.എ.ഇ. റീജിയൻ ഭാരവാഹികളെ തെരഞ്ഞെടുത്തു. പാസ്റ്റർ പി. എം. സാമുവേൽ(പ്രസിഡന്റ്), പാസ്റ്റർ സൈമൺ ചാക്കോ(വൈസ് പ്രസിഡന്റ്), ഷിബു മുള്ളുംകാട്ടിൽ(സെക്രട്ടറി), ജോബിൻ സി. ജോൺ(ജോ. സെക്രട്ടറി), പാസ്റ്റർ സാമുവേൽ സി. ജോൺസൺ(ട്രഷറാർ), ജെൻസൻ മാമ്മൻ(ജോ. ട്രഷറാർ), ബ്ലസൻ തോണിപാറയിൽ(പബ്ലിസിറ്റി), റോബിൻ സാം മാത്യു(റീജിയൻ റപ്പ്), ടോജോ തോമസ്(ഓഡിറ്റർ) എന്നിവരാണ് പുതിയ ഭാരവാഹികൾ. പ്രവാസിയുവജനങ്ങളുടെ സർഗാത്മക കഴിവുകൾ കർത്തൃനാമമഹത്വത്തിനും സുവിശേഷത്തിന്റെ വ്യാപനത്തിനുമായി വളർത്തിയെടുക്കുവാനുള്ള വിവിധ പദ്ധതികൾ ആവിഷ്കരിക്കുമെന്ന് സെക്രട്ടറി ഷിബു മുള്ളംകാട്ടിൽ പറഞ്ഞു.



ലേഖനം

# ഫലവും വർദ്ധനവും



ജോൺസൺ കണ്ണൂർ

നാം ഫലം കായിക്കുന്നവരായിരിക്കണം എന്ന് ദൈവം ആഗ്രഹിക്കുന്ന "നിങ്ങൾ ദൈവകൃപയെ യഥാർത്ഥമായി കേട്ടറിഞ്ഞ നാൾ മുതൽ നിങ്ങളുടെ ഇടയിൽ എന്നെപോലെ സർവ്വലോകത്തിലും ഫലം കായിച്ചും വർദ്ധിച്ചും വരുന്നു". (കൊലോ:1:16).

ഇവിടെ പറയുന്നതിന്റെ അർത്ഥം എന്താണ്. ഫലം കായിക്കുന്നവരുടെ കൂട്ടം പെരുകിവരുന്നമല്ലേ? ഫലം കായിക്കുക എന്നു പറഞ്ഞാൽ വർദ്ധനവ് ആണെന്നും അതുകൊണ്ട് എത്രയും ആളുകൾ കൂടുന്നതാണ് ഫലം പുറപ്പെടുവിക്കുന്നതിന്റെ തെളിവെന്നും പഠിപ്പിക്കുന്ന ജനപ്രിയ പ്രസംഗകരുടെ കാലമാണിത്.

അത് സ്ഥാപിക്കുവാൻ കൊണ്ടുവരുന്ന ഉദാഹരണം കേൾക്കണം "ഒരു മാങ്ങ എന്ന് പറയുന്നത് കേവലം ഒരു മാങ്ങയല്ല. മറിച്ച് അതിൽ ഒരു മാവ് ഉണ്ട്. ആ മാവിൽ നിന്ന് ആയിരകണക്കിന് മാങ്ങ പുറത്ത് വരണം. എന്നൊക്കെ പറഞ്ഞിട്ട് എവിടെ വർദ്ധനവ് എന്നാണ് ചോദിക്കുന്നത്.

ആത്മീയമായി ഫലം എന്ന് ഉദ്ദേശിക്കുന്നത് കുറെ ആൾക്കൂട്ടമാണോ? അതോ ആത്മാവിന്റെ ഫലം ഓരോരുത്തരിൽ നിന്നും പുറപ്പെടണം എന്നാണോ? ഒരു ന്യായമായ സംശയം: ഒരു വ്യക്തി ഏതെങ്കിലും ദേശത്ത് ചെന്ന് പ്രവർത്തനം തുടങ്ങി: കുറെ വർഷങ്ങൾ ആരും വിശ്വാസത്തിലേക്ക് വന്നില്ല. അതിന് ശേഷം സാവധാനം ആളുകൾ വന്നു തുടങ്ങി. അപ്പോൾ പിന്നിട്ട വർഷങ്ങളിൽ ആ വ്യക്തിയിൽ ഒരു ഫലം ഉണ്ടായിരുന്നില്ല എന്നാണോ? 10-ാം വാക്യം നോക്കുക നിങ്ങൾ പൂർണ്ണ പ്രസാദത്തിനായി കർത്താവിന് യോഗ്യമാകും വണ്ണം നടക്കണം. ആത്മീകമായ സകല ജ്ഞാനത്തിലും വിവേകത്തിലും അവന്റെ ഇഷ്ടത്തിന്റെ പരിജ്ഞാനം കൊണ്ട് നിറയണം. സകല സൽപ്രവർത്തിയിലും ഫലം കായിക്കണം". ഇപ്രകാരം ഉള്ളവരുടെ കൂട്ടം വർദ്ധിക്കണം. അതിനുപകരം സ്തോത്രകാഴ്ച ലഭിക്കുവാൻ സകല അവിയലിനേയും കൂട്ടി വർദ്ധനവ് കാണിക്കുന്നതല്ല ഫലം. എല്ലാവിധ ജഢീക പ്രവർത്തികളും യാതൊരു ശങ്കയും കൂടാതെ ചെയ്യുന്ന പ്രാകൃതന്മാരെ തൊട്ടും തലോടിയും പലതിനും കണ്ണടച്ചും അവരുടെ ദശാംശം പറ്റിയും തിളങ്ങി നില്ക്കുന്നതാണ് ഫലം എന്ന ചിന്താഗതി തിരുത്തണം.

ക്വാളിറ്റി അഥവാ ഗുണം നോക്കിയിട്ട് ക്വാണ്ടിറ്റി അഥവാ അളവിൽ ഏതുമില്ലല്ലോ എന്നാണ് ജനപ്രിയൻ ചോദിക്കുന്നത്. വിശുദ്ധിക്കും വേർപാടും ആത്മീയ നിലവാരവും നോക്കുന്ന് രീതി ഇല്ലായിരുന്നുവെങ്കിൽ നമ്മുടെ പിതാക്കന്മാരുടെ കാലത്ത് ലക്ഷകണക്കിന് ആൾക്കാർ വരുമായിരുന്നു.

"ഞാൻ എന്നിലും ഞാൻ അവനിലും വസിക്കുന്നുവെങ്കിൽ അവൻ വളരെ ഫലം കായിക്കും"(യോഹ:15:5).

കർത്താവിൽ വസിക്കാത്തവന് ഫലം നൽകുവാൻ കഴിയില്ല. യഥാർത്ഥമായി ക്രിസ്തുവിൽ വസിക്കുന്നവൻ സുവിശേഷം അറിയിച്ചിരിക്കും. തനിക്ക് ലഭിച്ച് കൃപയ്ക്കൊത്തവണ്ണം എന്നു മാത്രം. എന്നാൽ ആളുകൾ സഭയിൽ വർദ്ധിക്കുന്നതാണ് ഫലം എന്ന് വ്യാഖ്യാനിച്ചാൽ വീണ്ടും സംശയം ഉദിക്കുന്നു. "അവരുടെ ഫലങ്ങളാൽ നിങ്ങൾക്ക് അവരെ തിരിച്ചറിയാം. മുള്ളുകളിൽ നിന്ന് മുന്തിരിപഴവും ഞെരിഞ്ഞിലുകളിൽ നിന്ന് അത്തിപ്പഴവും പറിക്കുവാറുണ്ടോ? നല്ല വൃക്ഷം ഒക്കെയും നല്ല ഫലം കായ്ക്കുന്നു. ആകാത്ത വൃക്ഷമോ ആകാത്ത ഫലം കായ്ക്കുന്നു. നല്ല ഫലം കായ്ക്കാത്ത വൃക്ഷം ഒക്കെയും വെട്ടി തിയീൽ ഇടുന്നു. ആകയാൽ അവരുടെ ഫലത്താൽ നിങ്ങൾ അവരെ തിരിച്ചറിയുക. (മത്തായി7:16-20)

തുടർന്നു രോഗശാന്തിയും ഭൂതശാന്തിയും ഹോൾസെയിൽ വിടുതലും നടത്തി വലിയ ജനത്തെ കൂട്ടിയ വിരുതന്മാർ കർത്താവേ കർത്താവേ എന്ന് പറഞ്ഞ് ചെന്നപ്പോൾ അധർമ്മം പ്രവർത്തിക്കുന്നവരേ എന്നാണ് അവരെ വിശേഷിപ്പിക്കുന്നത്. (7:23) നല്ലഫലം, ആകാത്ത ഫലം ഇങ്ങനെ രണ്ടുവിധമുണ്ട്. ഇനിയും വായനക്കാർ തീരുമാനിക്കുക എന്താണ് ഫലം.

ടി. വി. ചാനലിൽ വിടുതലിന്റെ പരസ്യം കണ്ടിട്ട് ഫോൺ വിളിച്ചവരോട് എല്ലാ സ്ഥിതിവിവരങ്ങളും ചോദിച്ചു മനസ്സിലാക്കിയശേഷം നിശ്ചിത ദിവസം ആരാധനയ്ക്ക് വരുവാൻ പറയുന്നു. നേരത്തെ ലഭിച്ച വിവരങ്ങളുടെ പിൻബലത്തിൽ അവരുടെ പേരും സ്ഥലവും രോഗവും വിളിച്ച് പറയുന്നു. സാധുക്കൾ പെട്ടെന്ന് കേൾക്കുമ്പോൾ അന്തംവിടും. തുടർന്ന് രഹസ്യ ക്യാമറ വച്ചിരിക്കുന്ന മുറിയിൽ കയറ്റി യേശു സൗഖ്യമാക്കി വിശ്വസിക്കുവാൻ പറയുന്നു. ഇത് അതുപോലെ ചാനലിൽ കൊടുക്കുന്നു. ഇവരെ അധർമ്മികളേ എന്ന് കർത്താവു വിളിച്ചതാണോ അതിശയം. ഈ സഹോദരങ്ങൾ ഇപ്പോഴും തിരുവനന്തപുരം ആർസിസിയിൽ ചികിത്സയിലാണ്. ആളുകളെ കൂട്ടുന്നതാണ് ഫലം എന്ന് പറയുന്ന ജനപ്രിയൻ ഇതൊക്കെ അറിയാതെ പോകരുത്.

സങ്കീ:92:14ൽ വാർദ്ധക്യത്തിലും ഫലം കായിച്ച് കൊണ്ടിരിക്കുന്നവരെ കാണുന്നു. നടക്കുവാനും, ഓടാനും, പ്രസംഗിക്കാനും ശരീരത്തിന് ആരോഗ്യമില്ലെങ്കിലും ആത്മാവിന്റെ ഫലങ്ങൾ അവരിൽ നിന്ന് പുറപ്പെടുന്നു. ഒന്നാം സങ്കീർത്തനത്തിൽ തക്കസമയത്ത് ഫലം കായിക്കുന്ന വ്യക്തിയെ കാണാം. തക്കസമയത്ത് നമ്മിൽ ഓരോരുത്തരിലും വെളിപ്പെട്ടുവരേണ്ട ആത്മാവിന്റെ ഫലങ്ങൾ. ഉല്പ:49:22-ൽ യോസഫ് ഫലപ്രദമായ വൃക്ഷമാണെന്ന് പറയുന്നു. ഫൊത്തിഫേറിന്റെ വീട്ടിൽ ഇന്ദ്രജയമെന്ന ഫലവും ഫറവോന്റെ കൊട്ടാരത്തിൽ വിശ്വസ്തത എന്ന ഫലവും, തന്റെ സഹോദരന്മാരോടുള്ള ബന്ധത്തിൽ ദീർഘക്ഷമ, ദയ, സ്നേഹം, പരോപകാരം തുടങ്ങിയ ഫലങ്ങളും, ജയിലിൽ സന്തോഷം, സമാധാനം തുടങ്ങിയ ഫലങ്ങളും പുറപ്പെടുവന്ന നമ്മുടെ ജീവിതത്തിലും ഇതുപോലെ ചില മേഖലകൾ വന്നേക്കാം. അവിടെയെല്ലാം ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടണം.

"സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിച്ച് കൊൾവീൻ" (എഫേ: 4:24).

ക്രിസ്തുവിൽ പുതുമനുഷ്യനായി മാറിയവർക്കേ സത്യത്തിന്റെ ഫലങ്ങളായ നീതിയും വിശുദ്ധിയും പുറപ്പെടുവിക്കാൻ കഴിയൂ. മേല്പറഞ്ഞവ ഇല്ലാതെ കുറേജനം കൂടുന്നതാണ് ഫലമെന്ന് പറഞ്ഞാൽ ഉൾക്കൊള്ളുവാൻ കഴിയില്ല. എന്തെങ്കിലും ഒരു ഉദാഹരണം അ സ്ഥാനത്ത് ഉപയോഗിച്ച് വിഷയം സ്ഥാപിക്കുവാൻ ശ്രമിക്കരുത്.

അപ്പോൾ പുതുതായി ആൾക്കാർ വിശ്വാസത്തിൽ വരേണ്ടേ? തീർച്ചയായും ജീവിതങ്ങൾ വിടുവിക്കപ്പെടേണം. സുവിശേഷീകരണം നമ്മുടെ ദൗത്യമാണല്ലോ! എന്റെ പഠനത്തിൽ വലിയ ആൾക്കൂട്ടമില്ലാത്ത ചെറിയ ഗ്രൂപ്പുകൾ നന്നായി പ്രവർത്തിക്കുന്നുണ്ട്. അവിടെ വരുന്നവർ വചനം പഠിക്കുന്നുണ്ട്. വചനത്തിൽ നിലനില്ക്കുന്നുമുണ്ട്. പിന്നെ നിർമ്മല വചനം പറഞ്ഞാൽ വലിയ ജനാവലി വരികയില്ലെന്ന് ആർക്കുമറിയാം. മത്തായി 7:14 നോക്കുക.

"ജീവങ്കലേക്കു പോകുന്ന വാതിൽ ഇടുക്കവും ഞെരുക്കവുമുള്ളത്; അത് കണ്ടെത്തുന്നവർ ചുരുക്കമത്രെ". ഈ വലിയ ജനാവലി കൂട്ടുന്നത് എല്ലാം ശിഷ്യന്മാരല്ല. കേവലം ക്ലബ്ബാണ്.

"നിങ്ങൾ പാപത്തിനു ദാസന്മാരായിരുന്നപ്പോൾ നീതിയെ സംബന്ധിച്ച് സ്വതന്ത്രരായിരുന്നുവല്ലോ. നിങ്ങൾക്ക് അന്ന് എന്തൊരു ഫലം ഉണ്ടായിരുന്നു? ഇപ്പോൾ നിങ്ങൾക്ക് ലജ്ജ തോന്നുന്നതു തന്നെ. അതിന്റെ അവസാനം മരണമല്ലോ" (റോമർ6:21). ഇവിടെ ഫലം എന്ന് ഉദ്ദേശിക്കുന്നത് ഗുണമാണ്. നാം ദൈവത്തിനു ദാസന്മാരായി കഴിയുമ്പോൾ ലഭിക്കുന്ന ഫലം വിശുദ്ധീകരണവും അതിന്റെ അന്തം നിത്യജീവനുമാണ്. വിശുദ്ധ ജീവിതത്തിന് പ്രാധാന്യം കൊടുക്കാത്ത കുറെപേരെ കൂട്ടി ആട്ടി പാടുന്നതല്ല ഫലം പുറപ്പെടുവിക്കൽ എന്ന് ഇനിയെങ്കിലും ഗ്രഹിക്കണം കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ!

## ഐ.പി.സി ആയൂർ ഡിസ്ട്രിക്ട് ഭാരവാഹികൾ

**ആയൂർ:** ഇന്ത്യ പെന്തക്കോസ്തു ദൈവസഭ ആയൂർ ഡിസ്ട്രിക്ട് ജനറൽ ബോഡി യോഗം ഡിസ്ട്രിക് ശുശ്രൂഷകൻ പാസ്റ്റർ വർഗീസ് മത്തായിയുടെ അദ്ധ്യക്ഷതയിൽ നടന്നു. ഭാരവാഹികളായി പാസ്റ്റർ വർഗീസ് മത്തായി (പ്രസിഡന്റ്), പാസ്റ്റർ ജോസഫ് മാത്യു (വൈസ് പ്രസിഡന്റ്), പാസ്റ്റർ പി.ഐ. ഏബ്രഹാം (സെക്രട്ടറി), പാസ്റ്റർ ആന്റണി ചാക്കോ (ജോ. സെക്രട്ടറി), ബ്രദർ ജോൺസൺ ജോയി (ട്രഷറർ), സബ് കമ്മിറ്റി കൺവീനർമാരായി പാസ്റ്റർ ജോർജ് രാജൻ (പബ്ലിസിറ്റി), പാസ്റ്റർ കെ.റ്റി ഫിലിപ്പ് (പ്രയർ) പാസ്റ്റർ പി. സി.റജി(ഇവാഞ്ചലിസം), പാസ്റ്റർ റ്റി. സി. പാപ്പച്ചൻ (ചാരിറ്റി), പാസ്റ്റർ എൽ. സൈമൺ (പ്രസിദ്ധീകരണം) എന്നിവരെ തെരഞ്ഞെടുത്തു.

ക്രിസ്മസ് കാലയളവിൽ വിതരണം ചെയ്യാൻ ഒരു ലഘുലേഖ
യഹൂദിയായിലെ ഒരു ഗ്രാമത്തിൽ
മൾട്ടി കളർ കാർട്ടൂൺ ട്രാക്റ്റ്


ഫോൺ: 9567759748



# നിത്യതയിൽ



**പാസ്റ്റർ വി. ശാമുവേൽ (64)**

**വെള്ളറട:** കുന്നത്തുകാൽ ബെഥേൽ കുടുംബാംഗവും ശാരോൺ ഫെലോഷിപ്പ് ചർച്ച് കാട്ടാക്കട പട്ടകുളം സഭയിലെ ശുശ്രൂഷകനായിരുന്ന പാസ്റ്റർ വി. ശാമുവേൽ(64) നിത്യതയിൽ. സംസ്കാരം നടത്തി.

ഭാര്യ: സാറാമ്മ, മക്കൾ: സാംരാജ്, ഷീബാ, മരുമക്കൾ: കോമള, ബാലു.



**പൊടിയമ്മ പാപ്പച്ചൻ (70)**

**വാളകം:** ഐ. പി. സി. വാളകം ഈസ്റ്റ് ഹെബ്രോൻ സഭാംഗം തടത്തിവിള വീട്ടിൽ വൈ പാപ്പച്ചൻ ഭാര്യ പൊടിയമ്മ(70) നിത്യതയിൽ ചേർക്കപ്പെട്ടു. സംസ്കാരം സഭാ സെമിത്തേരിയിൽ നടത്തി. ഓടനാവട്ടം പരുത്തിയറ കണ്ണോട്ട് നിരപ്പിൽ കുടുംബാംഗമാണ്.

മക്കൾ: മോളമ്മ, ലീലാമ്മ, ജോസ്, പരേതനായ ബാബു. മരുമക്കൾ: ലീലാമ്മ, തോമസ് കുട്ടി, പരേതനായ ജോയി.

# മരണത്തിലും അവർ ഒന്നിച്ചു





**തിരുവല്ല:** സഹോദരിമാർ ഒരാഴ്ചത്തെ വ്യത്യാസത്തിൽ മരിച്ചു. ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭ മുൻ രാജ്യാന്തര അദ്ധ്യക്ഷൻ കുമ്പനാട് ഹെബ്രോൻ ബംഗ്ലാവിൻ പാസ്റ്റർ റ്റി. എസ്. ഏബ്രഹാമിന്റെ ഭാര്യ മേരി ഏബ്രഹാമിന്റെ ഭാര്യ മേരി ഏബ്രഹാം (92). സംസ്കാരദിവസമാണ് സഹോദരി സൂസി സാമുവേൽ (തങ്കമ്മ–71) യു.എസ്. എയിലെ ന്യൂയോർക്കിൽ മരിച്ചത്. ഐ. പി. സി. തമിഴ്നാട് സ്റ്റേറ്റ് മുൻ പ്രസിഡന്റ് കുഴിക്കാല ചക്കാലയിൽ മേലേതിൽ റവ. ഡോ. എം. എസ്. സാമുവേലിന്റെ ഭാര്യയാണ് സൂസി. മേരി ഏബ്രഹാമിന്റെ സംസ്കാരം ശനിയാഴ്ച്ചയായിരുന്നു. അന്നു രാത്രിയിലാണ് സഹോദരി സൂസി മരിച്ചത്. കുമ്പനാട് പുഴിക്കാലായിൽ കുടുംബാംഗമാണ്. സംസ്കാരം നടത്തി.

മക്കൾ: പാസ്റ്റർ സ്റ്റീഫൻ സാമുവേൽ, ഷാരോൻ (ഇരുവരും യുസ്.എ). മരുമക്കൾ: എൽസൻ (യു.എസ്.എ)

# കൺവൻഷൻ

**പത്തനാപുരം:** ഐ. പി. സി. പത്തനാപുരം സെന്ററിന്റെ ആഭിമുഖ്യത്തിൽ ഡിസംബർ 21 മുതൽ 25 വരെ പത്തനാപുരം കൺവൻഷൻ ഐ. പി. സി. ശാലേം ഗ്രൗണ്ടിൽ വച്ച് വൈകിട്ട് 5.30 മുതൽ 8.30 വരെ നടത്തപ്പെടുന്നു. സെന്റർ പ്രസിഡന്റ് പാസ്റ്റർ ഇ. സി. ജോർജ് ഉദ്ഘാടനം ചെയ്യുന്ന കൺവൻഷനിൽ പാസ്റ്റർമാരായ സാം ജോർജ്, ജേക്കബ് ജോർഡ്ജ്, ഫിലിപ്പ് പി. തോമസ്, ബാബു ചെറിയാൻ, രാജു മേത്ര, എബി ഏബ്രഹാം, വി. വൈ. തോമസ് എന്നിവർ ദൈവവചനം സംസാരിക്കുന്നു. സെന്റർ ക്വയർ ഗാനശുശ്രൂഷ നിർവ്വഹിക്കുന്നു.

**ആറ്റിങ്ങൾ:** ആറ്റിങ്ങൽ സെന്റർ വാർഷിക കൺവെൻഷൻ ദൈവഹിതമായാൽ 2017 ഫെബ്രുവരി 8 മുതൽ 12 വരെ മംഗലാപുരം തോന്നയ്ക്കൽ കല്ലൂർ റോഡിലുള്ള ഐ. പി. സി. സീയോൻ ഗ്രൗണ്ടിൽ നടക്കും. സെന്റർ ശുശ്രൂഷകൻ പാസ്റ്റർ എച്ച്. അഗസ്റ്റിൻ കൺവൻഷൻ ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ രാജു പൂവക്കാല, ബെന്നി പി. ജോൺ, രാജു ആനിക്കാട്, സാം ജോസഫ്, സാജു ജോസഫ് എന്നിവർ പ്രസംഗിക്കും. സെന്റർ പി. വൈ. പി. എ ഗാന ശുശ്രൂഷ നിർവ്വഹിക്കും, സണ്ടേസ്കൂൾ, പി.വൈ.പി.എ വാർഷിക സമ്മേളനം, സഹോദരി സമാജം വാർഷികം, സംയുക്ത ആരാധന എന്നിവ ഉണ്ടായിരിക്കുന്നതാണ്. പാസ്റ്റർമരായ വിൽസൺ ഹെൻട്രി, മാത്യു ആന്റോ എന്നിവർ നേതൃത്വം നൽകും.

# 45–ാമത് ആലപ്പുഴ കൺവൻഷൻ

ഐ. പി. സി. ആലപ്പുഴ വെസ്റ്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ 45–ാമത് ആലപ്പുഴ കൺവൻഷനും സംഗീത സായാഹ്നവും 2017 ജനുവരി 4 മുതൽ 8 വരെ നങ്ങ്യാർകുളങ്ങര സബ്സ്റ്റേഷനു സമീപം ചിറയിറമ്പിൽ പുരയിടത്തിൽ വെച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. സെന്റർ ശുശ്രൂഷകൻ, പാസ്റ്റർ ഏബ്രഹാം ജോർജ്ജ് ഉത്ഘാടനം നിർവ്വഹിക്കും.

ഡോ. ബ്ലസൻ മേമന, സിസ്റ്റർ ആശ ജോബ്, ബിനോയ് ചെറിയാൻ എന്നിവർ പത്തനാംപുരം ശാലേം വോയ്സിനോട് ചേർന്ന് ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്നു.

6–ാം തീയതി വെള്ളിയാഴ്ച രാവിലെ 10 മുതൽ 1 വരെ സംയുക്ത ഉപവാസപ്രാർത്ഥന ഉച്ചയ്ക്ക് 2.30 മുതൽ 5 വരെ സോദരി സമാജം വാർഷികം, 7–ാം തീയതി ശനിയാഴ്ച ഉച്ചയ്ക്ക് 2 മണി മുതൽ 5.30 വരെ സൺഡേ സ്കൂൾ, പി. വൈ. പി. എ. സംയുക്ത വാർഷികവും, 8–ാം തീയതി ഞായർ രാവിലെ 8.30 മുതൽ സംയുക്താരാധന, തിരുവത്താഴശുശ്രൂഷ, സമാപന സമ്മേളനം എന്നിവ നടത്തപ്പെടും.

പാസ്റ്റർ എൻ. സ്റ്റീഫൻ, പാസ്റ്റർ ഷിജു സാമുവേൽ, ബ്രദർ കെ. ജോയ്, ബ്രദർ കെ. കെ. തോമസ് എന്നിവർ നേതൃത്വം നൽകും.

സഹോദരന്മാരായ വെസ്ലി പി. ഏബ്രഹാം, കെ. ബെന്നി, മാത്യു വർഗീസ് എന്നിവർ പബ്ലിസിറ്റി കൺവീനേഴ്സായി പ്രവർത്തിക്കുന്നു.

# ഐ. പി. സി സൺഡേസ്കൂൾ ഭരണഘടന പരിഷ്കരിക്കുന്നു

**കുമ്പനാട്:** ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭ സൺഡേസ്കൂൾസ് അസോസിയേഷൻ ഭരണഘടനാ പരിഷ്കരിക്കാനുള്ള നടപടികൾ തുടങ്ങി. ഭേദഗതിയ്ക്കുള്ള നിർദ്ദേശങ്ങൾ 2016 ഡിസംബർ 31 ന് മുൻപ് നൽകണം. ഒക്ടോബർ 5 ന് കൂടിയ ഐ.പി.സി ജനറൽ കൗൺസിൽ ഇതിനുള്ള സബ്കമ്മറ്റിയെ ചുമതലപ്പെടുത്തി. ഐ.പി.സി ജനറൽ ജോയിന്റ് സെക്രട്ടറി പാസ്റ്റർ തോമസ് ഫിലിപ്പ്, കുര്യൻ ജോസഫ് (സബ് കമ്മിറ്റി ചെയർമാൻ), അഡ്വ. ജോൺസൻ കെ.സാമുവൽ, കെ.പി.തോമസ്, എം.വി.ഫിലിപ്പ് (അംഗങ്ങൾ) എന്നിവരുടെ നേതൃത്വത്തിലാണ് സബ് കമ്മിറ്റി.

ചുരുക്കം സൺഡേസ്കൂളുകൾ മാത്രമുണ്ടായിരുന്ന കാലത്ത് 1978 –ൽ രൂപപ്പെടുത്തിയ നിയമാവലിയിൽ മാറ്റങ്ങൾ വരുത്തണമെന്ന ആവശ്യം ദീർഘകാലങ്ങളായി നിലനിൽക്കുന്നതാണ്. 2014 ൽ ഇതിനായി ശ്രമങ്ങൾ തുടങ്ങിയെങ്കിലും പൂർത്തിയാക്കാനായില്ല. നിലവിലുള്ള നിയമാവലി അപര്യാപ്തമാണെന്നും സംസ്ഥാന, മേഖലാ ഘടകങ്ങൾ വിശദീകരിക്കപ്പെട്ടിട്ടില്ലെന്നും, പ്രവർത്തകരെ സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതാണെന്നുമുള്ള ആവശ്യങ്ങൾ നിലനിൽക്കുകയാണ്. ഐ.പി.സി യുടെ എല്ലാ സ്റ്റേറ്റ്/റീജയനുകളെയും അറിയിച്ച് നിർദ്ദേശങ്ങൾ സ്വീകരിച്ച് നിയമപ്രകാരമുള്ള നടപടികൾ പൂർത്തിയാക്കാനാണ് ശ്രമിക്കുന്നത്. സ്റ്റേറ്റ്/ റീജയനുകൾ കീഴ്ഘടകങ്ങളെയും പ്രാദേശിക സൺഡേസ്കൂളുകളെയും അറിയിക്കുകയും 2016 ഡിസംബർ 31 ന് മുൻപ് നിർദ്ദേശങ്ങൾ ചെയർമാന് സമർപ്പിക്കുകയും വേണം. വിലാസം: കുര്യൻ ജോസഫ് (സബ് കമ്മിറ്റി ചെയർമാൻ), ഐ.പി.സി സൺഡേസ്കൂൾസ് അസോസിയേഷൻ, ഹെബ്രോൻ, കുമ്പനാട്, തിരുവല്ല–689547. Email: jeffrybethel@gmail.com Ph: 9447156399

2017 ലെ കുമ്പനാട് കൺവൻഷനോടനുബന്ധിച്ച് നിയമാവലി പരിഷ്കരിക്കാനുള്ള കരട് തയ്യാറാക്കാൻ ആലോചനായോഗം നടത്തും. ഇതിനായി എല്ലാ സൺഡേസ്കൂൾ പ്രവർത്തകരുടെയും സഹകരണവും പ്രാർത്ഥനയും അഭ്യർത്ഥിക്കുന്നു.

# ഐ. പി. സി സൺഡേസ്കൂൾ പാഠപുസ്തകങ്ങൾ ജനുവരിയിൽ പുറത്തിറങ്ങും

**കുമ്പനാട്:** ഐ.പി.സി സൺഡേസ്കൂൾ ആറാം ക്ലാസിലെ പാഠപുസ്തകം പരിഷ്കരിക്കുന്നു. ഇതോടെ നഴ്സറി മുതൽ ആറാം ക്ലാസ് വരെ പരിഷ്കരിച്ച പുസ്തകങ്ങൾ ആകും. ഇവ മലയാളവും ഇംഗ്ലീഷും ചേർന്ന പാഠപുസ്തകങ്ങളാണ്. ഏഴ് മുതൽ 15 വരെ ക്ലാസുകളിലെ പുസ്തകം അടുത്ത വർഷം പരിഷ്കരിക്കും. ഏഴാം ക്ലാസ് മുതലുള്ള ക്ലാസുകളിലെ പരിഷ്കരണ നിർദ്ദേശങ്ങൾ അസോസിയേറ്റ് സെക്രട്ടറിയെ അറിയിക്കുക. വിലാസം: ജോജി ഐപ്പ് മാത്യൂസ്, അസോസിയേറ്റ് സെക്രട്ടറി, ഐ.പി.സി സൺഡേസ്കൂൾസ് അസോസിയേഷൻ, ഹെബ്രോൻ, കുമ്പനാട്– 689547. Email:jojiiype@yahoo.com Ph: 9446392303.

ഏഴാം ക്ലാസ് മുതൽ 12–ാം ക്ലാസുവരെയുള്ള ഇംഗ്ലീഷ് പാഠപുസ്തകങ്ങളും 2017 ജനുവരിയിൽ നടക്കുന്ന കുമ്പനാട് കൺവൻഷനിൽ ലഭ്യമാക്കുമെന്ന് പ്രസിദ്ധീകരണ വിഭാഗം അസോസിയേറ്റ് സെക്രട്ടറി ജോജി ഐപ്പ് മാത്യൂസ്, ഡെപ്യൂട്ടി ഡയറക്ടർ പാസ്റ്റർ ജെയിംസ് ഏബ്രഹാം മാവേലിക്കര എന്നിവർ അറിയിച്ചു. ഡയറക്ടർ കുര്യൻ ജോസഫ്, ജനറൽ സെക്രട്ടറി പാസ്റ്റർ ജോസ് തോമസ് ജേക്കബ്, ട്രഷറർ അജി കല്ലുങ്കൽ എന്നിവർ പരിഷ്കരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

# ഐ. പി. സി ആയൂർ ഡിസ്ട്രിക്ട് കൺവൻഷൻ

**ആയൂർ:** ഇന്ത്യൻ പെന്തക്കോസ്തു ദൈവസഭ ആയൂർ ഡിസ്ട്രിക്ട് വാർഷിക കൺവൻഷൻ വചനോത്സവം 2016 ഡിസംബർ 15 മുതൽ 18 വരെ ചെങ്കുളം മരുതമൺ പള്ളി ജംഗ്ഷനിൽ നടക്കും. ഡിസ്ട്രിക്ട് ശുശ്രൂഷകൻ പാസ്റ്റർ വർഗീസ് മത്തായി ഉദ്ഘാടനം ചെയ്യും. പ്രസിദ്ധ രോഗശാന്തി വരപ്രാപ്തനും ഉണർവ്വ് പ്രസംഗികനുമായ പാസ്റ്റർ ഒ. ഇ. വർഗീസ് ( കാഞ്ചീപുരം) ഡോ. നെൽസൺ സാമുവൽ തുടങ്ങിയവർ വചനം പ്രസംഗിക്കും. ക്രൈസ്റ്റ് സിംഗേഴ്സ്, ചെങ്ങന്നൂർ ഗാനങ്ങൾ ആലപിക്കും.

## 10 വില്ല്യം ജെ. സെയ്മൂർ; നൂറ്റാണ്ടിന്റെ......

യാണ് ഈ ചെറുപ്രായത്തിൽ തന്നെ എബ്രായ ഭാഷയിൽ സംസാരിക്കാൻ പഠിച്ചത് എന്ന് ആരാഞ്ഞു. ആ പെൺകുട്ടിപോലും അപ്പോൾ മാത്രമാണ് താൻ സംസാരിച്ചത് എബ്രായ ഭാഷയിലാണ് എന്ന് മനസ്സിലാക്കിയത്. തുടർന്ന് ആ മനുഷ്യൻ തന്നെക്കുറിച്ച് വെളിപ്പെടുത്തിയ കാര്യങ്ങൾ അനേകരെ ആശ്ചര്യപ്പെടുത്തി.

അമേരിക്കയിലെ തന്നെ അതിപ്രശസ്തമായ ഒരു സർവ്വകലാശാലയിൽ ദൈവശാസ്ത്രം പഠിപ്പിക്കുന്ന ഒരു യഹൂദനായ പ്രഫസറായിരുന്നു അദ്ദേഹം. ഉണർവ്വിനെ എതിർത്തുകൊണ്ട് ഒരു പുസ്തകം പ്രസിദ്ധീകരിക്കുന്നതിന്റെ ഭാഗമായി, അവിടെ നടക്കുന്ന പല സംഭവങ്ങളും നേരിട്ട് മനസ്സിലാക്കാനും പരിഹസിക്കാനുമായി ഗൂഢോദ്ദേശ്യത്തോടെ എത്തിയതായിരുന്നു അദ്ദേഹം. അപ്പോളാണ് ദൈവാത്മാവ് ഒരു ബാലികയിലൂടെ അദ്ദേഹത്തിന്റെ മാതൃഭാഷയിൽ തന്നെ പ്രഫസറുടെ ദുരുപദേശങ്ങളും ജീവിതത്തിലെ കുറവുകളുമൊക്കെ പരസ്യമായി സംസാരിച്ചത്. ഏതിനെ എതിർക്കാനായി അദ്ദേഹം വന്നോ, അതിന്റെ തന്നെ ഒരു ശക്തമായ വക്താവായി മാറുകയും മാനസാന്തരപ്പെടുകയും ചെയ്തു. ഇതുപോലെ സമാനമായ മറ്റ് അനേകം സംഭവങ്ങൾ അവിടെ അരങ്ങേറുകയുണ്ടായി.

ഉണർവ്വു നിമിത്തം സംഭവിച്ച ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങളിലൊന്ന് ആയിരങ്ങൾ സുവിശേഷവേലയ്ക്കായി സമർപ്പിച്ചു എന്നതാണ്. സെയ്മൂറിന്റെ നേതൃത്വത്തിൽ അനേകരെ ഒറ്റക്കും കൂട്ടമായും ഒക്കെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് സുവിശേഷകന്മാരായി 04



ലേഖനം

# ആത്മവീര്യം വിട്ട് കളയാതെ....



ഷാജി സേവ്യർ

വെള്ളാരം കല്ലിന്റെ തിളക്കമുള്ളതാണ് യുവമനസ്സിന്റെ ചിന്തകൾ. എന്നാൽ ഇത് തിളക്കമുള്ളതും, കൗതുകകരമാകയാൽ അതിൽ അടങ്ങിയിരിക്കുന്ന ജ്വലനശക്തി അപക്വമായ മനസ്സിനുടമയായവരിൽ തീഷ്ണത വർദ്ധിപ്പിക്കും. അവർ വേഗത്തിൽ മറ്റൊന്നിലേക്ക് പടർന്ന് കേറാൻ ശക്തിപ്രാപിക്കും. അവിടെയാണ് കർമ്മബോധത്തിന്റെ ദൈവീകസാന്നിധ്യം ഉള്ളിൽ സ്ഥിരമാക്കപ്പെട്ട ദൈവപൈതൽ സാത്താന്യ തത്വശാസ്ത്രങ്ങളെ അനിവാര്യമായ തോതുകൊണ്ട് ഇന്ന് കേവലം ദൈവീകമായ ഉൾക്കാഴ്ചയാൽ അടിസ്ഥാന ഉപദേശത്തിന്റെ ഉൾക്കരുത്തിൽ മാനസാന്തരത്തിന്റെ ഫലഭൂയിഷ്ടമായ നല്ല മണ്ണിൽ വീണ വിശ്വാസത്തിന്റെ വിത്ത് പരിശുദ്ധാത്മാവാകുന്ന പരിചയായി അവനെ നിയന്ത്രിക്കുന്നത്.

നമ്മുടെ ദൈവം കരുതുന്നവനാണ്, ഭൂമിയിൽ താൻ സൃഷ്ടിച്ച സകല സൃഷ്ടികളെക്കാളുപരി എത്ര അത്ഭുതകരമായിട്ടാണ് തന്റെ കരത്തിൽ സൂക്ഷിക്കുന്നത്. ദൈവസഭയിലെ യുവാക്കൾ, ദാവീദാകുന്ന ക്രിസ്തുവിന്റെ പൂണിയിലെ തിളക്കമുള്ള കല്ലുകളാണ്, അവയെ ഉപയോഗിക്കേണ്ട സമയത്ത് പുറത്തെടുത്ത് ഉപയോഗിക്കണം. കൂടാതെ ഇന്നത്തെ ചുരുക്കം ചില നേതാക്കളെപ്പോലെ അവയെ സഭയുടെ ചട്ടകൂടിനകത്ത് ഉപദേശമെന്ന അടിസ്ഥാനചക്രത്തിൽ കറങ്ങാൻ മാത്രം അനുവദിക്കുന്നു. ഇങ്ങനെ കിടന്ന് വട്ടം കറങ്ങി തീരാനുള്ളതല്ല ക്രിസ്തീയ ജീവിതം ഇവയിൽ നിന്ന് മുകളിലേക്ക് വളരണം. ക്രിസ്തുവിൽ അവന്റെ വചനത്തിന്റെ പരിജ്ഞാന പൂർത്തി പ്രാപിക്കേണം (എബ്രാ:6:1,2). അങ്ങനെ ക്രിസ്തു നമ്മെക്കുറിച്ച് ആഗ്രഹിക്കുന്ന പ്രായപൂർത്തിയുടെ അളവിലെത്തണം. അപ്പോഴും ഓർക്കേണ്ട ഒരു കാര്യം, ഇന്ന് നമ്മുടെ സഭകളിൽ വിശ്വാസികളിലും, ശുശ്രൂഷകരിലും ചില യുക്തിവാദികൾ കടന്ന് കൂടിയതായി മനസ്സിലാക്കുന്നു. അവർ സകല സീമകളും തകർത്ത് ശുഷ്ക സമുദായ നീതിക്കും അപ്പുറം കടന്ന് പോകുന്നത് ഹൃദയഭേദകമായ കാഴ്ടയാണ് ഒരു പക്ഷേ, ഈ വാക്കുകൾ നിഷ്ഫലമെങ്കിലും അത്യന്തം വ്യസനത്തോടെ ഓർപ്പിക്കുന്നു.

ഒരിക്കൽ ശിഷ്യന്മാരിൽ പലരും യേശുവിനെ വിട്ട് പിൻവാങ്ങിപോയി, പിന്നെ അവനോട് കൂടെ സഞ്ചരിച്ചില്ല, ഇന്നും ഒരുമിച്ചു നിന്നവർ അവസരങ്ങൾക്ക് മുൻതൂക്കം കൊടുത്ത് പിൻവാങ്ങുന്നത് നിത്യസംഭവമായി കൊണ്ടിരിക്കുന്നു. വിട്ട് നടക്കാൻ ത്വരതയുള്ളവർ കൂട്ട് കൂട്ടാൻ കൂട്ടാക്കിയില്ല. അവൻ അകന്ന് പോകാൻ വഴികളും, വകകളും സ്വയം സൃഷ്ടിക്കും അതിൽ മനസ്സ് ഉറപ്പിക്കും. എന്നാൽ യെരുശലേമിൽ കാലങ്ങളായ് കാത്തിരുന്ന വന്ധ്യവയോധികനായ ഒരു മനുഷ്യൻ ഉണ്ടായിരുന്നു അവന്റെ പേര് 'ശിമ്യോൻ' എന്നായിരുന്നു. ഈ മനുഷ്യൻ നീതിമാനും, യിസ്രായേലിന്റെ ആശ്വാസത്തിനായ് കാത്തിരിക്കുന്നവനും ആയിരുന്നു. പരിശുദ്ധാത്മാവും അവന്റെമേൽ ഉണ്ടായിരുന്നു (ലൂക്കോസ് 2:25). അരുളപ്പാട് കിട്ടിയവൻ ആയിരുന്നു, ആത്മനിയോഗം ലഭിച്ചവനുമാകയാൽ ദേവാലയത്തിൽ എത്തപ്പെട്ടു അതുകൊണ്ട് തന്നെ യേശു എന്ന ദൈവപൈതലിന് വേണ്ടി പ്രമാണത്തിലധിഷ്ടിതമായും, ചട്ടപ്രകാരവും അവനെ കൈയ്യിലേന്തി ദൈവത്തെ പുക്ഴത്തി അഥവാ ശരിയായ ശുശ്രൂഷകനായി.

അങ്ങനെയുള്ള ഒരു യഥാർത്ഥ ശുശ്രൂഷകന് മാത്രമേ "ഇപ്പോൾ നാഥാ തിരുവചനം പോലെ നീ അടിയനെ സമാധാനത്തോടെ വിട്ടയക്കുന്നു" എന്ന് ആത്മാർത്ഥമായി പറയാൻ കഴിയു(യോഹ:2:29) നാം മറന്ന് പോകുന്ന ചില ഗൗരവമേറിയ വിഷയങ്ങളുമുണ്ട്, നമ്മുടെ അഭിമാനം; അത് ലോകത്തിന്റെ മുന്നിൽ ഓരോ ദിവസവും നാം ഉയർത്തി കാട്ടേണ്ടതാണ് എന്നാൽ സകല ജാതികളുടെയും മുമ്പിൽ ഒരിക്കിയിരിക്കുന്ന മഹാരക്ഷയായ ക്രിസ്തുവാണ്. നമ്മിൽ ഉള്ളത് എന്ന സത്യം. പകരം നമ്മൾ നമ്മുടെ 'സ്വയം' പുറത്തെടുക്കുന്നു. ജാതികൾക്ക് ദൂഷ്യം പറവാൻ അവസരം കൊടുക്കാതെ "നിന്റെ രക്ഷയെ എന്റെ കണ്ണ് കണ്ടുവല്ലോ" എന്ന് ശിമോനെ പോലെ പറവാൻ സാഹചര്യങ്ങളെ അനുകൂലമാക്കാം. അതിനായ് സഭയുടെ സമ്മൂല ശുദ്ധീകരണത്തിനും, വികസനത്തിനും യുവരക്തം ചുമൽ കൊടുക്കണം. തത്വത്തിലധിഷ്ഠിതമായ മൂല്യബോധമുള്ളതും, അത്മനിയന്ത്രണരായ അഭിഷേകത്തിന്റെ മണമുള്ളവൻ നിയോഗിക്കപ്പെടണം. അവൻ കലക്കമുണ്ടാക്കുന്നവർ ഒപ്പമല്ല നിശ്ചിത ജ്ഞാനം പ്രാപിച്ച പത്രോസിനെ പോലെ സ്വയം ചോദിക്കും. കർത്താവേ ഞങ്ങൾ ആരുടെ അടുക്കൽ പോകും? ലക്ഷ്യബോധം നഷ്ടപ്പെട്ട വരും, കലഹമുണ്ടാക്കുന്നവരും പക്ഷെ " നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കൽ ഉണ്ട്" (യോഹ:6:68) എന്ന തിരിച്ചറിവ് പ്രാപിച്ച് സത്യത്തിന്റെ പക്ഷം ചേർന്ന് സഭയെ കെട്ടറുപ്പുള്ളതാക്കാൻ ക്രിസ്തു ചെയ്യുന്ന പ്രവൃത്തികളെ സകല സഭാജനങ്ങളും, മറ്റുള്ളവരും കാണേണ്ടതിന് വിട്ടുകളയേണ്ടതിനെയും, കളയേണ്ടവരെയും മറികടന്ന് ഇവിടെ വിട്ട് യഹൂദ്യയിലെ ചെറിയ നഗരമായ നസ്രേത്തിലേക്ക് പോകാം... ഒരു പക്ഷെ അവിടെ നിന്ന് വല്ല നന്മയും വരുമോ എന്ന് ഉറ്റ് നോക്കാം!

കവിത



പാസ്റ്റർ സജിമത്തായി

## തേങ്ങൽ

ഊഷരമായോരു ജീവിതപാതയെ
വേലികെട്ടിവഴിയടച്ചു പിന്നെ,
ഉർവ്വരതയുടെ ഊഷ്മള ഛായയിൽ
തലയെടുപ്പോടെ നടന്നു നീയും,
നീയിരുൾ താഴ്‌വര തന്നിൽ
വിരിഞ്ഞൊരു സൗഗന്ധിക പുഷ്പമായി നിന്നി
തേനും, സുഗന്ധവും, മണവും മധുരവും
ആത്മഫലങ്ങളിലമ്പമ്പോ നീ വമ്പൻ
ആ നാട്ടിലാത്മീകർ ഒന്നിച്ചു നിൻ കൂര
പൂമുറ്റമേതോ ഉണർവ്വിന്റെ പൂരം പോൽ
കേടായപാഴ്മര ചോട്ടിലിതാ മുള
മൊട്ടിട്ടുയരുന്നു കുളിർനാമ്പുകൾ
ചൊട്ടയാലലംകൃതം നിൻ ചുവടെത്രയോ
നയന മനോഹര രമ്യം തന്നെ
നീ വിട്ടുവന്നോരു തെറ്റായ കൂട്ടം
നീ ഇട്ടുപോന്നോരുകൂട്ടം കുലങ്ങൾ
കട്ടായം നിൻ മനമൊട്ടുമേ ആ
കെട്ടിന്റെയുള്ളിൽ കുടുങ്ങിയില്ലാ
നിൻ സ്വരതാളത്തിൽ പാട്ടുവന്നു
പാട്ടിനു പാട്ടായി കണ്ണിരുതിർന്നു
ആ കണ്ണീരൊപ്പുവാനാരുമാരും
അടുത്തുമങ്ങകലയും വന്നുമില്ല
തിരിതെളിച്ചാരുമേ നയിച്ചില്ല നിന്നെ
വഴിവെട്ടിയാരുമേ പോകാനുമുരച്ചില്ല
പുറം കാട്ടിയെല്ലാരും അഗണ്യനാക്കി
നിന്നേമറന്നവർ യോഗ്യരായി
കർമ്മപഥത്തിലെ കൃത്യാന്തരങ്ങളിൽ
ദിക്കുകളേറി നാം അകന്നലഞ്ഞു
കേമത്തമേറുന്ന ലോകത്തിൽ നാമെന്നേ
പൂർവ്വസ്മരണകൾ കുഴിച്ചുമൂടി.
കുളിരിന്റെ ഋതുക്കൾ എൻ മനസ്സിലങ്ങാലസ്യം
കോരിച്ചൊരിയുന്ന നേരവും ഞാൻ
കവിതകളുണരുന്ന മനസ്സിന്റെ മിത്രമായ്
നീയൊരു കണിയായ് നിന്നിരുന്നു
ഗാത്രം തകർക്കുന്ന രോഗത്തിൻകാര്യവും-
പുറകാലെ നിൻ മൃത്യവാർത്തയും കിട്ടി
ആ നാട്ടിലാളുകൾ ഒന്നിച്ചു നിൻ കൂര-
പൂമുറ്റമേതോപൂരപ്പറമ്പു പോൽ
"അകവാളു" വെട്ടിഞാൻ മിത്രമേ കണ്ടു
പാർട്ടിപ്പതാകയിലലംകൃതംനിൻ മേനി.
കൊടിയെന്തി അവർ ഉരചെയ്ത കാര്യം
"പാർട്ടിയ്ക്ക് നീ ചെയ്ത നന്മകൾ എത്രയോ"
സ്നേഹക്കൊടിക്കീഴിൽ ചരിച്ച നീയെങ്ങനെ
പാർട്ടിപ്പതാകയെ ഗാഢം പുണർന്നു
വീഞ്ഞിന്റെ വീട്ടിലെ അംഗമതാകിലും
വിരുതർക്കൂട്ടത്തിലും വിരുന്നുണ്ടു നീ മാറി
വന്നമനോഞ്ജമാം ജീവിത സരണിയിൽ
കണ്ടു നീ ദൈവത്തിൻ സ്നേഹം കണ്ടു
കൊണ്ടുനടക്കേണ്ട കാതലാം സത്യങ്ങൾ
അപ്പാടെ നീ തട്ടിത്തെറിപ്പിച്ചു കാലാൽ
കേമത്തമേറിയ ലോകത്തിൽ നീ കണ്ട
ആളത്തരരാഷ്ട്രീയം കേറി നിന്നിൽ
കേടായ പാഴ്മരം വൻമരമാകിലും
കെൽപ്പോടെ നിൽപ്പാൻ കഴിവില്ലാതായാൽ
മറ്റൊരു തേങ്ങലിനുയിരുമ്പോൾ
തൽക്കാലം ഞാൻ വിടചൊല്ലുന്നു നിന്നെ.

11

## വില്ല്യം ജെ. സെയ്മൂർ; നൂറ്റാണ്ടിന്റെ......

പത്രമായ ലോസ് ഏഞ്ചൽസ് ടൈംസ് പോലും ഈ സംഭ വങ്ങ ളെക്കുറിച്ച് വാർത്തകൾ പ്രസിദ്ധീകരിച്ചു. ലീയുടെ ഭവനത്തിലെ പ്രാ ർത്ഥനാക്കൂട്ടം വളർന്നുകൊണ്ടേയിരുന്നു. ഒടുവിൽ വർദ്ധിച്ചുവന്ന ജന ക്കൂട്ടം നിമിത്തം ആ വീടിന്റെ മേൽത്തട്ട് പൊളിഞ്ഞു വീഴുന്ന സാഹചര്യം പോലുമുണ്ടായി. അങ്ങനെ 1906 ഏപ്രിൽ മാസത്തിൽ യോഗത്തിന്റെ സംഘാടകർ മറ്റൊരു സ്ഥലം കണ്ടു പിടിക്കാൻ നിർബന്ധിതരായി. ലോസ് ഏഞ്ചൽസിൽ തന്റെ ആഫ്രിക്കൻ മെതഡിസ്റ്റ് എപ്പിക്കോപ്പൽ ചർച്ചിന്റെ ഒഴിഞ്ഞുകിടന്നിരുന്ന 312 അസൂസാ സ്ട്രീറ്റ് എന്ന വിലാസമുള്ള ഹാൾ 8 ഡോളർ പ്രതിമാസവാടകക്ക് ലഭിച്ചു. 350 പേർക്ക് കഷ്ടിച്ച് ഇരിക്കാവുന്ന ആ സ്ഥലത്ത് പല ദിവസങ്ങളിലും 1000 ലധികം ആൾക്കാർ രാപകൽ ഭേദമെന്യേ പ്രാർത്ഥനയ്ക്കായി വന്നുകൊണ്ടിരുന്നു. ആ ഇരുനിലകെട്ടിടത്തിന്റെ മുകൾ നിലയിൽ 24 മണിക്കൂറും, സംഘാടകരുടെ നിർദ്ദേശമനുസരിച്ച് ജനം കണ്ണുനീരോടെ പ്രാർത്ഥനയിലാണ്ടു പല ദിവസങ്ങളിലും 150 പേർ വരെ പുതിയതായി ആത്മശക്തി പ്രാപിച്ചുവന്നു. ഉണർവ്വിനെക്കുറിച്ചുള്ള വാർത്ത അമേരിക്കയുടെ മറ്റ് സംസ്ഥാനങ്ങളിലേക്കും പിന്നീട് യൂറോപ്പിലേക്കും ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും പരന്നു. ചരിത്രം പറയുന്നത്. ചൈനയിൽ സുവിശേഷവേല ചെയ്തിരുന്ന ഒരു അമേരിക്കൻ സുവിശേഷകൻ ഈ വിവരം അറിഞ്ഞ് ലോസ് ഏഞ്ചൽസിൽ എത്തി എന്നാണ്. അക്കാലത്ത് സെയ്മൂർ ദ് അപ്പോസ്തലിക്ക് ഫെയ്ത്ത് എന്ന പേരിൽ ഒരു വാർത്താപത്രിക പ്രസിദ്ധീകരിച്ചു. 1906-ൽ സെപ്റ്റംബറിൽ ആദ്യ എഡിഷൻ 5000 പ്രതികൾ ഇറങ്ങിയെങ്കിൽ 1907 അവസാനം 40,000 പ്രതികളാക്കി വർദ്ധിപ്പിക്കേണ്ടിവന്നു. എങ്കിലും ആവശ്യക്കാരിൽ ഒരു ചെറിയ ശതമാനത്തിനുപോലും ഈ പ്രസിദ്ധീകരണം ലഭിച്ചില്ല. ലോസ് ഏഞ്ചൽസിൽ നിന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് ഈ പത്രിക അയച്ചുകൊടുത്തു. തുടർന്ന് ചരിത്രം പറയുന്നത്, അമേരിക്കയിലെ അന്യസംസ്ഥാനങ്ങളിൽ മാത്രമല്ല, കാനഡ, നോർവേ, സ്വീഡൻ, ഡെൻമാർക്ക്, ഇംഗ്ലണ്ട്, ജർമ്മനി, ഫ്രാൻസ്, ചിലി, ബ്രസീൽ, യുക്രെയിൻ, റഷ്യ എന്നീ രാജ്യങ്ങളിലേക്ക് വാർത്തകൾ പ രക്കുകയും, ലോസ് ഏഞ്ചൽസിലെ 312 അസൂസാ സ്ട്രീറ്റ് എന്ന വിലാസം അന്വേഷിച്ച് ഈ രാജ്യങ്ങളിൽ നിന്നൊക്കെ അനേകർ എത്തുകയും ചെയ്തു എന്നാണ്. അസൂസാ തെരുവിലെത്തിയ വലിയ പങ്കും പരിശുദ്ധാത്മ സ്നാനം പ്രാപിച്ചു. വലിയകൂട്ടം ജനം അന്യഭാഷാ അടയാളത്തോടെ ദൈവത്തെ സ്തുതിച്ചു. പല ദിവസങ്ങളിലും അതിരാവിലെ ആരംഭിച്ച മീറ്റിംഗുകൾ വൈകുന്നേരങ്ങളിലും അവസാനിപ്പിക്കാൻ സാധിക്കാതെ തുടർച്ചയായി രണ്ടുംമൂന്നും ദിവസങ്ങൾ നടത്തപ്പെട്ടു. ജനം വീടുകളിൽ മടങ്ങിപ്പോകാതെ പല ദിവസങ്ങളിലും ആരാധനാലയത്തിൽ ദൈവസാന്നിദ്ധ്യം അനുഭവിച്ചുകൊണ്ടും പാർത്തു. അസൂസാ സ്ട്രീറ്റ് മിഷന്റെ പാസ്റ്റർ സെയ്മൂർ ആയിരുന്നെങ്കിലും പലപ്പോഴും മീറ്റിംഗുകൾ നിയന്ത്രിച്ചിരുന്നത് അദ്ദേഹമായിരുന്നില്ല. പല ദിവസങ്ങളിലും പരിശുദ്ധാത്മാവ് തന്നെ യോഗങ്ങളുടെ പൂർണ്ണ നിയന്ത്രണം ഏറ്റെടുത്തു. ആറു വയസ്സുകാരും അറുപതുകാരും പാട്ടുകൾ പാടി, സ്ത്രീ പുരുഷഭേദമെന്യേ ആരാധിച്ചു. വർഗ്ഗ വർണ്ണ വ്യത്യാസമില്ലാതെ പലരും ദൈവവചനം ശുശ്രൂഷിച്ചു. പരിശുദ്ധാത്മ പ്രേരിതമായ ശുശ്രൂഷകൾക്ക് ജനം സാക്ഷ്യം വഹിച്ചു. എന്നാൽ മിക്ക ദിവസങ്ങളിലും സെയ്മൂർ കണ്ണുനീരോടെ മുട്ടിൻമേൽ ആ ഹാളിന്റെ ഒരു മൂലയ്ക്ക് പ്രാർത്ഥനയിൽ വ്യാപൃതനാകുന്നത് കാണമായിരുന്നു. എന്നാൽ ഇതൊടൊപ്പം തന്നെ കൗതുകപരമായ മറ്റുപല സംഭവങ്ങളും അ രങ്ങേറി. ഒരു കറുത്തവർഗ്ഗക്കാരന്റെ നേതൃത്വത്തിൽ സംഭവിച്ച ഉണർവ്വിനെ വെള്ളക്കാരുടെ വലിയ ഒരു കൂട്ടം ശക്തിയുക്തം എതിർക്കുകയും നിശിതമായി വിമർശിക്കുകയും ചെയ്തു. എതിർചേരിയുടെയും വിമർശകരുടെയും സ്വാധീനത്തിൽപ്പെട്ടതുകൊണ്ടോ എന്തോ, ലോസ് ഏഞ്ചൽസ് റ്റൈംസ് ദിനപ്പത്രംപോലും പിന്നീട് ഉണർവ്വിനെ വിമർശിച്ചുകൊണ്ട് വാർത്തകൾ പ്രസിദ്ധീകരിച്ചു. എന്നാൽ ദുരുദ്ദേശ്യത്തോടെ ഉണർവ്വിനെ നിഷേധിക്കാനും തളർത്താനുമായി മാത്രം ചില മീറ്റിങ്ങുകളിൽ സംബന്ധിച്ച പല ആത്മീയനേതാക്കന്മാരും പിന്നീട് ആത്മാഭിഷേകം പ്രാപിക്കുകയും അന്യഭാഷയിൽ സംസാരിക്കുകയും ചെയ്തത് ഒരു വൈരുദ്ധമായിരുന്നു. ഉണർവ്വിനെ ചോദ്യം ചെയ്തവരിൽ വെള്ളക്കാർ മാത്രമല്ലായിരുന്നു. യഹൂദന്മാരുടെ പ്രബലമായ ഒരു കൂട്ടവും ഉണ്ടായിരുന്നു. എന്നിരുന്നാലും ആത്മപ്രേരിതമായ ഒരു കൂട്ടവും ഉണ്ടായിരുന്നു. എന്നിരുന്നാലും ആത്മപ്രേ രിതമായ കൂട്ടിവരവുകൾ സെയ്മൂറിന്റെ നേതൃത്വത്തിൽ നടന്നുകൊണ്ടേയിരിക്കുന്നു.

ഒരു ദിവസം യോഗത്തിൽ 15 വയസ്സിൽ താഴെ മാത്രം പ്രായമുള്ള ഒരു ബാലിക എഴുന്നേറ്റ് ഒരു മധ്യവയസ്കന്റെ നേരെ വിരൽചൂണ്ടി ആർക്കും പരിചയമില്ലാത്തതും മനസ്സിലാകാത്തതുമായ ഒരു ഭാഷയിൽ എന്തൊക്കെയോ സംഭാഷിച്ചു. ആ പെൺകുട്ടി തന്റെ സംഭാഷണം അവസാനിപ്പിച്ചപ്പോൾ ഈ മധ്യവയസ്ക്കൻ മുന്നോട്ട് വന്ന് കണ്ണുനീരോടെ ആ പെൺകുട്ടി എങ്ങനെ

09

കാലികം

# മാതൃക കാട്ടേണ്ടവർ മലക്കം മറിയുന്നു



സജി നെടുങ്കണ്ടം
9495669391

ലോകമയത്വം അടിഞ്ഞു കൂടിയ ഒരു ദ്വീപായി നമ്മുടെ സഭകൾ മാറിയിരിക്കുന്നു എന്ന് വിലയിരുത്തിയാൽ തെല്ലൊരു ആശങ്ക തോന്നിയാലും തെറ്റുപറയാൻ ആകില്ല. ഏതൊരു കാലത്തേക്കാളും അപ്പുറമായി ഭൗതീകവാദികളായ ഒരു കൂട്ടം ആളുകൾ ദൈവസഭയിൽ വളർന്നു കഴിഞ്ഞിരിക്കുന്നു. ഒരുപരിധിവരെ പറഞ്ഞാൽ ഈ സമീപകാലത്ത് രംഗപ്രവേശം ചെയ്തതും ഇന്ന് വേണ്ടതുപോലെ വേര് പിടിക്കാൻ കഴിയാതെ രംഗം വിട്ടതുമായ സമൃദ്ധിയുടെ സുവിശേഷം മുഖ്യാധാരാ സഭകളിലും അതിന്റേതായ നിലയിൽ സ്വാധീനം ചെലുത്തി എന്നത് വസ്തുതാപരമായ കാര്യമാണ്. അയൽക്കാരന്റെ ഭൗതീക ഉയർച്ചയും നേട്ടവും എല്ലാം സമീപത്ത് കൊട്ടി പാടികഴിയുന്ന അച്ചായനെയും അല്പം ആശയങ്കയിലാക്കിയിട്ടുണ്ട്. കാരണം ദൈവവിശ്വാസം ലവലേശം പോലും ഇല്ലാത്ത അയൽക്കാരൻ ഓട് ഇട്ട വീട് പൊളിച്ചുമാറ്റി കൂരയ്ക്കു മേൽകൂര പണിയുന്നു. ലക്ഷങ്ങൾ വിലയുള്ള കാറുകൾ വീടിന്റെ ഉമ്മറത്ത് നിരത്തി ഇട്ടിരിക്കുന്നു. ഇവിടെയാണെങ്കിലോ കാലങ്ങളായി കുടുംബപ്രാർത്ഥനയും കൂട്ടപ്രാർത്ഥനയും ഉണ്ടായിരുന്നിട്ടും ഭൗതീകമണ്ഡലം പാടെ പരാജയപ്പെട്ടു കിടക്കുന്നു. സമൃദ്ധിയുടെ സുവിശേഷം പ്രസംഗിക്കുന്നിടത്തേയ്ക്ക് ആര് ചാഞ്ഞാലും അത് അത്യാഗ്രഹത്തിന്റെ മുടിചൂടാ മന്നന്മാർ ആയിരിക്കും എന്നതിന് സംശയം വേണ്ട. സത്യവചനത്തോട് കൂട്ട് ചേർത്ത് ശാപം മുറിച്ചും കുരച്ചും കേരളത്തിലെ ഗ്രൗണ്ടുകളിൽ കൂട്ടപ്രാർത്ഥന നടത്തുന്ന ന്യൂജനറേഷൻകാരുടെ ലക്ഷ്യം ഇവിടെ പത്ത് പണം ഉണ്ടാക്കുക എന്നു മാത്രമാണ്. എന്നാൽ യേശുവിന്റെ വഴി ത്യാഗത്തിന്റെ സ്വയം തകർക്കലിന്റെയും മാർഗ്ഗമാണ്. ആഡംബരം മോഹിക്കുന്ന അച്ചായന്മാർക്ക് ആ പാതയിൽ ചരിക്കുക പ്രയാസമാണ്. സഹനത്തിന്റെ വഴിയെ യാത്രചെയ്യാൻ ഇന്ന് ആളുകൾ കുറയുന്നു. ഇവിടെ സമൃദ്ധിയുടെ കൊടുമുടി സ്വപ്നം കാണുന്നവർ പുറകോട്ടുതന്നെ പോകുന്നതാണ് ഏറെനല്ലത്.

സഭാ നേതൃത്വം എപ്പോഴും അണികളുടെ ക്ഷേമം മുന്നിൽ കണ്ട് പ്രവർത്തിക്കുവാൻ തയ്യാറാകണം. പരമ്പരാഗത ആക്ഷേപം പാടെ തുടച്ചു നീക്കാൻ മുൻനിരക്കാർക്ക് കഴിയണം. അധികാര കൊതിയന്മാർ എന്ന് പഴി സമസ്ത മണ്ഡലത്തിൽ നിന്നും നീങ്ങിപോകുവാൻ ദൈവനിയോഗം തങ്ങളുടെ ജീവിതം കൊണ്ട് സാക്ഷാത്കരിക്കണം. സോഷ്യൽ മീഡിയ അതിന്റെ ഉന്നതിയിൽ നിൽക്കുമ്പോൾ പൊതുസമൂഹത്തിന്റെ മുമ്പിൽ തലകുനിക്കുന്നതു തരം താണ പ്രവർത്തികൾ ആരിൽ നിന്നും ഉണ്ടാകരുത്. പുതുതായി ഒരാൾ വിശ്വാസത്തിൽ വന്നാൽ വിട്ടുപോന്ന സഭതന്നെയാണ് ഇതിലും മെച്ചം എന്ന തരത്തിൽ തിരിഞ്ഞു ചിന്തിക്കാൻ ആ വ്യക്തിക്കു നാം അവസരം കൊടുക്കരുത്. സകല പ്രശ്നത്തിനും പരിഹാരം കാണാൻ സഭയിൽ എത്തുന്ന വ്യക്തി പിന്നീട് സഭയിലെ മുഴുപ്രശ്നം കണ്ട് തലകറങ്ങി വീഴുന്നു. കുത്തുപ്രസംഗവും വിശ്വാസിവക മറുപടി പ്രബോധനവും കുറിക്കു കൊള്ളുന്ന പാട്ടും കൂട്ടുവിശ്വാസിയെ മുറിക്കുന്ന സാക്ഷ്യവും എല്ലാം ഒത്തുചേരുന്ന സഭായോഗം ആശീർവാദം പറയുമ്പോഴേയ്ക്കും സഭാ ജനങ്ങൾ രണ്ടുചേരിയിൽ നിന്ന് പോർവിളി ആരംഭിച്ചു കഴിയും. ഈ ശൈലി എല്ലാം സുബോധത്തോടെ മാറ്റാൻ ദൈവസഭ തയ്യാറായില്ലെങ്കിൽ ദൈവസഭകളുടെ തകർച്ചയ്ക്കേ അത് കാരണമാകൂ. പ്രശ്ന കലുഷിതമാണ് ലോകം . എവിടെയും അസമാധാനം, ലോകർ നിലവിളിയോടെ നെട്ടോട്ടം ഓടുന്നു. മാരകരോഗവും, മദ്യപാനവും പീഡനങ്ങളും വർഗ്ഗീയ കലാപങ്ങളു മതനിരപേക്ഷതയെ തകർന്ന മതതീവ്രവാദ സംഘടനകളും രാഷ്ട്രങ്ങളെയും പട്ടണങ്ങളെയും കൈപ്പിടിയിൽ ഒതുക്കയിരിക്കുന്നു. കുറ്റകൃത്യങ്ങൾ വർദ്ധിക്കുന്നു. സ്ത്രീ ഗുണ്ടകൾ തെരുവ് വാഴുന്ന തരത്തിലലേക്ക് നമ്മുടെ ലോകം അധഃപതിച്ചിരിക്കുന്നു. ലോകമനുഷ്യരിൽ ബഹുഭൂരിപക്ഷവും ധാർമ്മിക നിലവാരം തച്ച് ഉടച്ച് മുന്നേറുകയാണ്. ഇവിടെയാണ് ഒരു ക്രിസ്തു ശിഷ്യൻ ദൈവീക നിലവാരത്തിലേയ്ക്ക് ഉണർന്ന് ചിന്തിക്കേണ്ടത്. കാലത്തിനൊത്ത് കോലം കെട്ടാനല്ല പിന്നെയോ ഈ കാലഘട്ടം നേരിടുന്ന പ്രശ്നങ്ങളിലേയ്ക്ക് ക്രിയാത്മകമായി ഇറങ്ങി ചെയ്യാൻ നമുക്ക് കഴിയണം. ജന്മനാ മുടന്തൻ ജീവിതകാലം മുഴുവൻ ദേവാലയ ഗോപുരത്തിന്റെ വാതിലിൽ യാചകനായി ജീവിക്കാനാണ് ലോകത്തിന് ഇഷ്ടം. എന്നാൽ പെന്തെക്കോസ്തിന്റെ ശക്തിപ്രാപിച്ച പത്രോസിന്റെയും യോഹന്നാന്റെയും ഇടപെടൽ തികച്ചും വ്യത്യസ്ഥമാണ്. നാണയതുട്ട് ലഭിച്ചാൽ മുടന്തന്റെ പ്രശ്നത്തിന് തെല്ലൊരു ആശ്വാസം ഉണ്ട്. എന്നാൽ നസ്രായനായ യേശുവിന്റെ നാമം തെല്ല് പരിഹാരമല്ല മുടന്തന് നൽകിയത്. അവന്റെ ശാരീരിക വൈകല്യം പാടെ മാറ്റി നിത്യേന ജീവിതത്തിലേക്ക് ആരോഗ്യവാനാക്കി തിരികെ കൊണ്ട് വരുന്നു (അപ്പോ:3:1). ഇവിടെ ലോകത്തിന് മാതൃക കാട്ടേണ്ടത് ദൈവജനമാണ്. സഭാനേതൃത്വമാണ്. നാം മലക്കം മറിഞ്ഞാൽ ഈ നാടിന്റെ അവസ്ഥ എന്താകും. നമ്മുടെ ഇടയിലെ മുറിവുകളും വൃണങ്ങളും ഇനിയും പഴുത്ത് ചീയാൻ അനുവദിക്കരുത്. എണ്ണപുരട്ടി ശമിപ്പിക്കണം. ശിരസ് മുതൽ പാദം വരെ സുഖമില്ലാത്ത ഈ അവസ്ഥയിൽ ഇനിയും തുടരരുത്. മനുഷ്യർക്ക് മാതൃകയാകുന്ന വിധം ഒരു മാനസാന്തരത്തിലേയ്ക്ക് ജനറൽ മുതൽ ലോക്കൽ വരെ ദൈവസഭ മാറ്റങ്ങൾക്ക് വിധേയമാകട്ടെ. മാതൃകയുള്ള ദൈവസഭ മശിഹയുടെ വരവിന് മുന്നേടിയായി ഒരുങ്ങട്ടെ, ഉണരട്ടെ.

## സൺഡേസ്കൂൾ ഫെസ്റ്റ് ഡിസം. 29 ന്

**തിരുവല്ല:** ഐ.പി.സി സൺഡേസ്കൂൾസ് അസോസിയേഷൻ സൺഡേസ്കൂൾ ഫെസ്റ്റ് 2016 ഡിസംബർ 29 വ്യാഴാഴ്ച രാവിലെ 8.30 മുതൽ മഞ്ഞാടി ഐ.പി.സി പ്രെയർ സെന്റർ ഗ്രൗണ്ടിൽ നടക്കും. ഐ.പി.സി ജനറൽ സെക്രട്ടറി പാസ്റ്റർ ഡോ.കെ.സി.ജോൺ ഉദ്ഘാടനം ചെയ്യും. സൂപ്രണ്ട് പാസ്റ്റർ എം. മാത്യു അദ്ധ്യക്ഷത വഹിക്കും. കുട്ടികൾക്കും ടീൻസിനും അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കുമായി വിവിധ സെക്ഷനുകൾ ഉണ്ടാകും. ടീച്ചേഴ്സ് ട്രെയിനിംഗ്, പപ്പറ്റ് ഷോ, ഗെയിമുകൾ, മാജിക്, കൗൺസിലിംഗ് തുടങ്ങിയവ ഉണ്ടാകും. രജിസ്ട്രേഷൻ 20 രൂപ മാത്രമാണ്. വിവരങ്ങൾക്ക് ഫോൺ:9446392303, 8606200759.

## എക്സൽ മിനിസ്ട്രീസ് സംഗീത സന്ധ്യകൾ

**തിരുവല്ല:** എക്സൽ മിനിസ്ട്രീസിന്റെ 10-ാം വാർഷികത്തോടനുബന്ധിച്ച് ഇരവിപേരൂർ, കുമളി, ഏലപ്പാറ എന്നിവിടങ്ങളിൽ സംഗീത സന്ധ്യകൾ നടന്നു. പാസ്റ്റർ തോമസ് എം. പുളിവേലിൽ, പാസ്റ്റർ ഡേവിഡ്, പാസ്റ്റർ ഷിബു വർഗീസ് എന്നിവർ ഉദ്ഘാടനം ചെയ്തു. പാസ്റ്റർ ബിനു വടശ്ശേരിക്കര, അനിൽ ഇലന്തൂർ, ഷിബു കെ ജോൺ എന്നിവർ പ്രസംഗിച്ചു. എക്സൽ റിഥംസ് ടീം അംഗങ്ങളും ബാലഗായകരും ഗാനങ്ങൾ ആലപിച്ചു.

## 01 വരുന്നു കറൻസി രഹിത ലോകം.....

രുകിയത്. ഒട്ടു മിക്കവയ്ക്കും സുരക്ഷാ സംവിധാനങ്ങളില്ല. ഓരോ എ.ടി.എമ്മിനും സുരക്ഷാഭടൻമാരെ നിയോഗിക്കാൻ കഴിയുകയില്ല. അക്രമികളുടെയോ മോഷ്ടാക്കളുടെയോ ചിത്രം പകർത്താനുള്ള ക്യാമറാ സംവിധാനമാണ് ഏക സുരക്ഷാ സംവിധാനം. എന്നാൽ, കാമറക്കണ്ണിൽപ്പെടാതെ കൃത്യങ്ങൾ നിർവഹിക്കാൻ സാധിക്കുമെന്നു മോഷ്ടാക്കൾ തെളിയിച്ചു. അഥവാ ക്യാമറയിൽ വന്നാലും പ്രതിയെ പിടികൂടാൻ കഴിയുമെന്ന് ഉറപ്പുമില്ല. ചിലയിടങ്ങളിൽ ക്യാമറകളാകട്ടെ പ്രവർത്തനരഹിതവും. മിക്കയിടത്തും കവർച്ച പോലീസിൽ അറിയിക്കുന്നത് എ.ടി.എമ്മിൽ അലാറം പോലുള്ള സംവിധാനങ്ങളും ഇല്ല. അടുത്തിടെ നടത്തിയ എടിഎം പണാപഹരണത്തിൽ എ.ടി.എമ്മിനു പോറൽപോലുമുണ്ടാകാതെയായിരുന്നു സംഘം നടത്തിയത്. എ.ടി.എം. കവർച്ചകൾ വ്യാപകമാകുമ്പോൾ കുടുതൽ ജാഗ്രത പുലർത്തേണ്ടതിന്റെ ആവശ്യകതയാണ് ചൂണ്ടിക്കാണിക്കുന്നത്. അതിനാൽ എടിഎമ്മുകൾ ഇന്ന് കറൻസി രഹിത പണക്കൈമാറ്റമെന്ന അടുത്തഘട്ടത്തിലേക്ക് അതിവേഗം കടക്കുകയാണ്. ദൂരയാത്രക്കും പണമായി കൊണ്ടുപോകാതെ എടിഎം കാർഡ് മതി എന്ന സ്ഥിതി ഇന്ത്യയിൽതന്നെ വ്യാപകമായി കഴിഞ്ഞു. അതോടൊപ്പം നോട്ടുകെട്ടുകൾ കൈമാറുന്നതിനുള്ള അസൗകര്യം വ്യാജകറൻസിയെക്കുറിച്ചുള്ള പേടി പണം മോഷ്ടിക്കപ്പെടുമോ എന്നുള്ള ഭയം എന്നിവയെല്ലാം കറൻസി രഹിത സമൂഹത്തിന് മുറ വിളിയുയർത്തുന്നു. എടിഎം കാർഡുകൾ നഷ്ടപ്പെടുകയോ മോഷ്ടിക്കുകയോ ചെയ്താൽ രഹസ്യ കോഡ് അറിയാമെങ്കിൽ ആർക്കും പണം പിൻ വലിക്കാൻ കഴിയുമെന്നത് സുരക്ഷാ വീഴ്ചയായി സാമ്പത്തീക വിദഗ്ദർ ചൂണ്ടിക്കാണിക്കുന്നു. ഓൺലൈൻ വ്യാപരവും പ്രധാനപ്പെട്ട സൂപ്പർ മാർക്കറ്റുകളിലെല്ലാം കറൻസിയേക്കാളും സ്വീകാര്യം ക്രെഡിറ്റ് കാർഡാണെന്നതുള്ളത് ഇപ്പോൾ തന്നെ ഏവർക്കും അറിവുള്ളതാണ്. ലോകത്തിലെ വികസിത രാജ്യങ്ങളിൽ ഇപ്പോൾതന്നെ കറൻസിനോട്ടിന്റെ ഉപയോഗം കുറച്ചുകഴിഞ്ഞിരിക്കുന്നു. എയ്ഡ്സ്, സാർസ് മുതലായ രോഗങ്ങൾ കറൻസി വഴി അതിവേഗം പകരാം എന്നതും കറൻസിരഹിത പണക്കൈമാറ്റത്തിന്റെ വ്യാപനത്തിന് അനുകൂലഘടകമായി മാറിയിരിക്കുന്നു. ഗവൺമെന്റിന്റെ നികുതി വെട്ടിക്കുന്ന അഴിമതിക്കാരുടെയും കള്ളപ്പണക്കാരുടെയും മേൽ നിയന്ത്രണം ഏർപ്പെടുത്താനായി കറൻസിയുടെ ഉപയോഗം വലിയതോതിൽ കുറയ്ക്കാൻ ഭാവിയിലെ ഭരണകൂടങ്ങളെ പ്രാപ്തമാക്കുന്ന ഒന്നാണ് കറൻസി രഹിത പണക്കൈമാറ്റത്തിന്റെ വ്യാപനം എന്നതും വ്യക്തമാണ്. കാരണം അച്ചടിച്ച കറൻസി ഇല്ലായെങ്കിൽ പണം മുഴുവൻ കണക്കിൽ കാണിക്കേണ്ടതായി വരുന്നു അതിനാൽ കള്ളപ്പണ വ്യാപനം തടയുന്നതിന് സഹായകരമാകും. അതാണിപ്പോൾ ലോകത്തിലെ കള്ളപ്പണ നിക്ഷേപമുള്ളവരുടെയും അത്തരം പണം സ്വീകരിക്കുന്ന ബാങ്കുകളുടെയും ഉറക്കം കെടുത്തുന്നത്. പരിസ്ഥിതി മലിനീകരണം മറ്റൊരു കാരണമാണ് ദിവസേന അന്തരീക്ഷത്തിലെത്തിച്ചേരുന്ന കാർബൺഡൈഓക്സൈഡ്, മീഥേൻ, നൈട്രസ് ഓക്സൈഡ്, ക്ലോറോഫ്ലൂറോ കാർബണുകൾ എന്നീ വാതകങ്ങളുടെ അളവ് അനുദിനം കൂടിക്കൊണ്ടിരിക്കുന്നു. ഇവ ഓസോൺ പാളികളുടെ തകർച്ചയ്ക്കു കാരണമാകുകയും തന്മൂലം ആഗോളതാപനം ഉണ്ടാകുകയും ചെയ്യുന്നു. മരങ്ങളും കാടുകളും സംരക്ഷിക്കുക, വനപ്രദേശങ്ങൾ വിസ്തൃതമാക്കുക എന്നതാണ് ഇത് തടയുന്നതിനുള്ള ഏക പോംവഴി. മരങ്ങൾ നിലനിർത്തിയാൽ അതു വഴി കാർബൺ ന്യൂട്രാലിറ്റി' കൈവരിക്കുക എന്ന ലക്ഷ്യം സാധിക്കും. പേപ്പറിനായി ഉപയോഗിക്കുന്ന മരങ്ങൾ വെട്ടുന്നത് തടയുവാൻ കഴിയുന്നതിനാൽ പേപ്പർ മുക്തമായ കറൻസി രഹിത സമൂഹത്തിനായി പരിസ്ഥിതി പ്രവർത്തകർ മറവിളി കൂട്ടുന്നു. ഉപ്പുതൊട്ട് കർപ്പൂരം വരെയും, മൊട്ടുസൂചി മുതൽമോട്ടോർകാർവരെയും ഉള്ള സർവ്വവിധ നിത്യോപയോഗവസ്തുക്കളും കാർഡ് വഴിമാത്രം വാങ്ങുന്ന, കറൻസി നോട്ടുകളും നാണയങ്ങളും ഉപയോഗിക്കാത്ത ഒരു സാമ്പത്തിക വ്യവസ്ഥ സകല വില്പനയേയും വാങ്ങലുകളെയും ബാധിക്കും. ആവശ്യക്കാരുടെ കയ്യിൽ കറൻസിയോ, പ്രവർത്തനക്ഷമമായ കാർഡോ ഇല്ലായെങ്കിൽ അതുകൊണ്ട് ഒന്നും വാങ്ങുവാൻ കഴിയാതെ വരുന്ന അവസ്ഥ. ആധുനിക സാങ്കേതികവിദ്യകളുടെ അതിദ്രുതവ്യാപനം വഴി ഉണ്ടാകുന്ന സാമൂഹ്യശക്തികൾ ഉല്പാദനവും വിതരണവും അടക്കമുള്ള അടിസ്ഥാനസാമ്പത്തിക പ്രവർത്തനങ്ങളിൽ ഉണ്ടാക്കികൊണ്ടിരിക്കുന്ന മാറ്റങ്ങളാണ് ഈ സ്ഥിതി ഉണ്ടാക്കുന്നത്. ഈ മാറ്റങ്ങൾ വഴി നടക്കുന്ന സമൂഹത്തിന്റെ അടിത്തറയുടെ സാമൂഹ്യവൽക്കരണം അധികം ഇപ്പോൾ തന്നെ മുന്നോട്ടുപോയി കഴിഞ്ഞിരിക്കുന്നു. അതേസമയം ആധുനിക സാങ്കേതികവിദ്യകളുടെ വ്യാപനത്തിന്റെ ശൈശവം മാത്രമേ നാം കണ്ടിട്ടുള്ളു. പാചകവാതക സബ്സിഡിയും കാർഷിക സബ്സിഡിയും പെൻഷനും ശമ്പളവും എല്ലാം തന്നെ ബാങ്കുകളിലേക്കു മാറ്റിക്കഴിഞ്ഞു. ഇത് ഇനി വരുവാൻ പോകുന്ന നോട്ടുകളുടെ കൈമാറ്റമില്ലാതെയുള്ള പണം വാങ്ങലും കൊടുക്കലുമാകും. കറൻസി രഹിത കാലം അധികം അകലെയല്ലെന്നാണ് ബാങ്കിങ് വിദഗ്ധർ നൽകുന്ന സൂചനകൾ. ഇപ്പോൾ തന്നെ ഡെബിറ്റ് കാർഡുകളും ക്രെഡിറ്റ് കാർഡുകളും ഉപയോഗിച്ചുകൊണ്ടുള്ള വാങ്ങലുകൾ യഥേഷ്ടം നടക്കുന്നു. ഓൺലൈൻ വ്യാപാരത്തിൽ ക്രെഡിറ്റ്, ഡെബിറ്റ് കാർഡുകൾ നിർണായക പങ്കാണ് വഹിക്കുന്നത്. ഇതെല്ലാ ബൈബിളിലെ പ്രവചനനിവൃത്തിയായേ കാണുവാൻ കഴിയൂ. വെളിപ്പാട് 13:17-ൽ പറയുന്നത് മൃഗത്തിന്റെ പേരോ പേരിന്റെ സംഖ്യയോ ആയ മുദ്രയുള്ളവനല്ലാതെ വാങ്ങുകയോ വില്ക്കുകയോ ചെയ്‌വാൻ വഹിയാതെയും ആക്കുന്നു. കറൻസി രഹിത സമൂഹം എന്ന ആശയം 1974 ആണ് ലോകത്ത് ആദ്യമായി അവതരിപ്പിച്ചത്. ഇതിനെ Electronic Funds Transfer System" (EFTS) എന്നാണ് വിളിക്കുന്നത്. എടിഎം, ചെക്കുകൾ തുടങ്ങി എല്ലാ പണമിടപാടുകളും കുറ്റമറ്റ രീതിയിൽ ആക്കുന്നതിനുള്ള ശ്രമമായിട്ടാണ് ലോകത്തിൽ ഈ പദ്ധതിയെ അവതരിപ്പിച്ചത്. ഇപ്പോൾ ലോകത്തിൽ നടക്കുന്ന എല്ലാം ബാങ്ക് ഇടപാടുകളും 100% കുറ്റമറ്റതാണ് എന്ന് പറയുവാൻ കഴിയില്ല. അതിനാൽ കുറ്റമറ്റ ഒരു സംവിധാനത്തിന്റെ വ്യാപനമാണ് കറൻസി രഹിത സമൂഹം. ഒരു വ്യക്തിക്ക് കണ്ണിന്റെ റെറ്റിനയുടെയോ, വിരൽ അടയാളത്താലോ ബാങ്ക് അക്കൗണ്ട് തുടങ്ങി ആ അക്കൗണ്ടിനെ മൊബൈൽ ആപ്പ് വഴി വ്യക്തിയുമായി ബന്ധിപ്പിക്കുന്നു. സൂപ്പർ മാർക്കറ്റുകളിലെയും മറ്റു വ്യാപര സ്ഥാപനങ്ങളിലേയും ഇടപാടുകൾക്ക് അവിടെ ഉള്ള സെൻസറിന്റെ സഹായത്താൽ കണ്ണിന്റെ റെറ്റിനായുടെ ചിത്രം വഴിയോ വിരലടയാളം വഴിയോ ആളിനെ തിരിച്ചറിയുന്നു അങ്ങനെ ഇടപാടുകൾ സുതാര്യമാകുന്നു. ഇത് കറൻസി രഹിതമായി ബയോമെട്രിക് വിവരങ്ങൾ വഴിയാണ് നടപ്പിലാക്കപ്പെടുന്നത്. അതിനായി ഓരോ മനുഷ്യനും ഒരു 18 അക്ക രഹസ്യ കോഡും അതു പതിപ്പിച്ച ചിപ്പും ശരീരത്തിൽ പതിക്കുകയോ അല്ലാതെ കാർഡിൽ പതിപ്പിച്ചോ നല്കപ്പെടും. ആദ്യം കാർഡിൽ പതിപ്പിച്ചാണ് നല്കുന്നതെങ്കിലും പിന്നീട് കാർഡുകൾ നഷ്ടമാകുന്നതിനാൽ ശരീരത്തിൽ ആ ചിപ്പ് പതിപ്പിക്കുവാൻ നിർബന്ധിതരായി തീരും. അങ്ങനെ കറൻസി രഹിത സമൂഹം നടപ്പിലാകുമ്പോൾ ഈ ചിപ്പും അതിലെ രഹസ്യ കോഡും വഴിയല്ലാതെ യാതൊരു വിധ പണ ഇടപാടുകളും ഭൂമിയിൽ നടത്താൻ കഴിയാതെ വരുന്നു കാരണം ആരുടെ കയ്യിലും കറൻസിയോ നാണയങ്ങളോ ഇല്ല എന്നതു തന്നെ. അതു തന്നെയാണ് വിശുദ്ധ വേദപുസ്തകം വെളിപ്പാട് പുസ്തകത്തിൽ പറഞ്ഞതു ഇപ്പോൾ നിവൃത്തിയായികൊണ്ടിരിക്കുന്നതും. ഇതിന്റെയെല്ലാം അർത്ഥം ദൈവം ഈ ലോകത്തെ യേശുക്രിസ്തുവിന്റെ മേഘപ്രത്യക്ഷതയ്ക്കും പിന്നീടുള്ള മഹത്വപ്രത്യക്ഷതയ്ക്കുമായി ഒരുക്കുന്നു എന്നാണ്. ആകായാൽ നമുക്ക് ഉണരാം കർത്താവിനെ എതിരേല്പാൻ.

## 12 വില്യം ജെ. സെയ്മൂർ...

ജനം പരിശുദ്ധാത്മ പ്രവൃത്തികൾ എന്തെന്ന് മനസ്സിലാക്കാൻ തുടങ്ങി. ആദ്യനൂറ്റാണ്ടിലെ അനുഭവങ്ങളെ അനുസ്മരിപ്പിക്കുന്ന സംഭവങ്ങൾ അവിടെ നടക്കാൻ തുടങ്ങി. അനേകർ സെയ്മൂറിന്റെയും മറ്റ് സുവിശേഷകരുടേയും പ്രഭാഷണങ്ങൾ കേട്ട് മാനസാന്തരപ്പെട്ടു. നിരവധി രോഗികൾ സൗഖ്യം പ്രാപിച്ചു. ജനം ദൈവത്തെ അന്വേഷിക്കാൻ ആരംഭിച്ചു. ലോസ് ഏഞ്ചൽസ് പട്ടണത്തിൽ ഉണർവ്വിനാൽ വലയം ചെയ്യപ്പെട്ടു. അക്കാലത്തെ പ്രസിദ്ധ

10

MOB: 9447368795
beljourn@gmail.com
beljourn.com/ www.bjournal.org
VOL 09, ISSUE 23

BELIEVERS JOURNAL

PUBLISHED ON 10/12/2016

BELIEVERS JOURNAL
P. O. Box: 31, Manjadi P.O.,
Thiruvalla - 689 105

Posted at RMS Thiruvalla

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2015-17 | Price: ₹10

ലേഖനം

# വരുന്നു കറൻസി രഹിത ലോകം

**2015 ഒക്ടോബർ 25 ലക്കം ബിലീവേഴ്സ് ജേണലിൽ ഈ ലേഖനം പ്രസിദ്ധീകരിച്ചിരുന്നു. അതിനെത്തുടർന്ന് പ്രധാനമന്ത്രിയുടെ ധനകാര്യ ഉപദേഷ്ടാവ് അനിൽ ബോഗാനിയുടെ ഫോണിൽ വിളിക്കുകയും കറൻസിരഹിത സമൂഹത്തെ സംബന്ധമായി വിശദമായി ലേഖകനുമായി വിശദമായി സംസാരിക്കുകയും ചെയ്തു. 2016 നവം8ന് 1000,500 നോട്ടുകൾ പിൻവലിക്കുക വഴി കറൻസിരഹിത സമൂഹത്തിലേക്ക് ഭാരതവും ചുവട് വെയ്ക്കുന്നതിനാൽ ലേഖം പുനഃപ്രസിദ്ധീകരിക്കുന്നു.**



പാസ്റ്റർ ഷൈജു തോമസ്
ഞാറയ്ക്കൽ

**നാം** ആഗ്രഹിച്ചാലും ഇല്ലെങ്കിലും ഇന്ന് ലോകമെങ്ങും സാമ്പത്തിക തകർച്ചയെ നേരിടുകയാണ്. സാമ്പത്തീക മാന്ദ്യം ശക്തിപ്പെട്ടുതുടങ്ങിയതോടെ, സാമ്പത്തിക പ്രതിസന്ധികൾ എല്ലാവരിലേക്കും എത്തിത്തുടങ്ങി. വാണിജ്യ കുത്തക മേധാവികളും പൊതു മേഖലാ സംവിധാനത്തിൽ വിമർശനവിധേയരായി മാറുന്നു. ലോകം ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വ സംവിധാനത്തിന് സമാനമായാണ് പെരുമാറുന്നതെന്നും, അവരുടെ നിരുത്തരവാദപരമായ നടപടികളാണ് രൂക്ഷമാകുന്ന സാമ്പത്തികപ്രതിസന്ധിക്ക് പ്രധാനകാരണമെന്നും ആരോപണം ശക്തമാകുന്നു. ഇതോടെ പൊതുമേഖലയിലും സർക്കാർ സംവിധാനങ്ങളിലെന്ന പോലെ സ്വകാര്യ കുത്തകകളുടെയും ഉദ്യോഗസ്ഥ സംവിധാനങ്ങളുടെ മേലും ശക്തമായ സാമ്പത്തീക സാമൂഹ്യ മേൽനോട്ടം വേണമെന്ന ആവശ്യം ശക്തമായിരിക്കുകയാണ്. സാമൂഹ്യമേൽനോട്ടം എന്ന ആശയത്തെ പിൻവാതിൽ സോഷ്യലിസമെന്നു വിളിക്കുവാൻ ചില സ്ഥാപിത താല്പര്യക്കാർ ശ്രമിക്കുന്നുണ്ടെങ്കിലും സാമ്പത്തീക മാന്ദ്യം ഉളവാക്കിയ പ്രതിസന്ധിയുടെ മുന്നിൽ അത്തരം വിതണ്ഡവാദങ്ങൾ എങ്ങും വിലപ്പോവുന്നില്ല. അതേസമയം സാമൂഹ്യമേൽനോട്ടം ശക്തവും ഫലപ്രദവും ആക്കണമെന്ന ആവശ്യം ഉയർന്നു തുടങ്ങിയ അതേ അവസരത്തിൽ തന്നെ അതു നടപ്പാക്കാനുള്ള നിയമനിർമ്മാണവും നടന്നു കഴിഞ്ഞു എന്നതാണ് ഇന്നത്തെ പ്രതിസന്ധിയെ സവിശേഷമാക്കുന്നത്.



ഇന്റർനെറ്റിന്റെ വ്യാപനം വഴി അതിരുകളില്ലാത്ത സാങ്കേതികവിദ്യയുടെ വളർച്ച ഇപ്പോൾ തന്നെ കള്ളപ്പണക്കാരുടെയും അവർ പണം നിക്ഷേപിക്കുന്ന സ്വിസ് ബാങ്കുകളുടെയും ഉറക്കം കെടുത്തിത്തുടങ്ങി. മറ്റൊരു തരത്തിൽ പറഞ്ഞാൽ സാങ്കേതികവിദ്യ ലോകത്തിൽ സൃഷ്ടിക്കുവാൻ പോകുന്ന അപകടങ്ങളെക്കുറിച്ചുള്ള ഭയാശങ്കകൾ എല്ലാം തന്നെ സമകാലിക ചിന്തകളെ വികലമാക്കിയിരിക്കുന്നു എന്നും പറയാം. കാരണം കറൻസി രഹിത ലോകം സംജാതമായാൽ ഒരോ വ്യക്തിയുടെയും പണത്തിന്റെ കണക്ക് ഗവൺമെന്റിന് കൊടുക്കേണ്ടതായി വരുന്നു. ഇടപാടുകൾ എല്ലാം ബാങ്ക് വഴി മാത്രമാകുന്നു. എല്ലാ വ്യക്തികൾക്കും ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കേണം. ആരുടെയും കയ്യിൽ അച്ചടിച്ച കറൻസി ഇല്ല വില്ക്കുകയോ വാങ്ങുകയോ എന്തിടപാട് നടത്തിയാലും ഉപഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ നിന്നും സേവന ദാതാവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് പണം താനെ മാറുന്നു. ഡച്ച് സെൻട്രൽ ബാങ്ക് കറൻസി രഹിത ഇടപാടുകൾ എങ്ങനെ ഫലപ്രദമായി നടപ്പിലാക്കാം എന്ന് അവരുടെ ഇടപാടുകാരിലൂടെ ലോകത്തിന് കാണിച്ച് തന്നു. റിസർവ് ബാങ്ക് ഓഫ് ഓസ്ട്രേലിയ പണം കൊടുക്കലും ഇടപാടുകളും വർഷത്തിൽ 365 ദിവസം ഒരു മിനിറ്റ് പോലും മുടങ്ങാതെ തത്ക്ഷണമായി നടത്താൻ Australian Payments Clearing Association (APCA) നുമായി ചേർന്ന് സാങ്കേതികവിദ്യയുടെ ഈ വളർച്ചാ പദ്ധതികൾ രൂപവത്കരിച്ച് കഴിഞ്ഞു. അതിന് അവർ കൊടുത്തിരിക്കുന്ന പേര് 'New Payments Platform' (NPN) എന്നാണ്. 2016ലോ അല്ലെങ്കിൽ 2017 ലെ അത് പൂർണ്ണ രൂപത്തിൽ ഉപഭോക്താവിന് ലഭ്യമാകും. അങ്ങനെ വന്നാൽ ഒരു ഇടപാടുകളും ഗവൺമെന്റ് അറിയാതെ നടത്തുവാൻ കഴിയാതെ വരുന്നു. അതിന് മുന്നോടിയായിരുന്നു ബാങ്കുകളിലെ കമ്പ്യൂട്ടൽവൽക്കരണം. അതിനെ കൂടുതൽ ജനപ്രിയമാക്കിയത് എടിഎമ്മുകളാണ് കണ്ണടച്ചു തുറക്കും മുമ്പേയാണ് എടിഎമ്മുകൾ രാജ്യമെങ്ങും പ്രചാരത്തിലായത്. അതോടെ എടിഎമ്മും കമ്പ്യൂട്ടർവൽക്കരണവും ഇല്ലാതെ ബാങ്കുകൾക്ക് പിടിച്ചുനിൽക്കാനാവില്ല എന്ന സ്ഥിതിയായി. ഇവയുടെ സുരക്ഷ ഇന്ന് ഒരു സാമൂഹിക പ്രശ്നമായി വളരുകയാണ്. നാടിന്റെ മുക്കിലും മൂലയിലും മത്സരബുദ്ധിയോടെ ബാങ്കുകൾ എ.ടി.എമ്മുകൾ സ്ഥാപിച്ചതോടെയാണ് പ്രശ്നങ്ങൾ പെ

11

# വില്ല്യം ജെ. സെയ്മൂർ; നൂറ്റാണ്ടിന്റെ അഗ്നിനക്ഷത്രം

–തുടർച്ച–



രെഞ്ചു ഏബ്രഹാം
അരിസോണ

**കാ**ലം കടന്നുപൊയ്ക്കൊണ്ടേയിരുന്നു. 1905 മുതൽ വെൽഷ് റിവൈവലിനെക്കുറിച്ചു കേട്ട ജനം പലയിടങ്ങളിൽ ഉണർവ്വിനായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. വിദ്യാർത്ഥിയായ സെയ്മൂർ ആ സമയത്ത് ഹൂസ്റ്റണിലെ ഒരു പള്ളിയിൽ ഒരു സായാഹ്നകൂട്ടായ്മയിൽ പരിശുദ്ധാത്മാവിനെക്കുറിച്ച് വളരെ ആധികാരികമായി പ്രസംഗിച്ചു. തികച്ചും അപ്രതീക്ഷിതമായി ലോസ് എയ്ഞ്ചലിലെ സെക്കന്റ് ബാപ്റ്റിസ്റ്റ് ചർച്ചിലെ ഒരു വിശ്വാസിനി മിസ്, ടെറി ആ പ്രസംഗം കേട്ടു. സെയ്മൂറിന്റെ പ്രഭാഷണത്തിലും പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള അദ്ധ്വാനത്തിലും ആകൃഷ്ടയായ ആ സഹോദരി, ലോസ് ആഞ്ചൽസിൽ തന്റെ മാതൃസഭയിൽ സെയ്മൂറിനെക്കുറിച്ച് വളരെ നല്ല അഭിപ്രായം അറിയിച്ചു. അത്ഭുതമെന്നു പറയട്ടെ, ആ സഭ ആ സമയത്ത് ഒരു പൂർണ്ണസമയ ശുശ്രൂഷകനെ അന്വേഷിച്ചുവരികയായിരുന്നു!.

സഭാകമ്മിറ്റി സെയ്മുറുമായി കത്തിടപാട് നടത്തുകയും, സഭാശുശ്രൂഷ ഏറ്റെടുക്കാനായ് അദ്ദേഹത്തോട് അഭ്യർത്ഥിക്കുകയും ലോസ് ഏഞ്ചൽസിലേക്ക് ക്ഷണിക്കുകയും ചെയ്തു. ദരിദ്രനായ സെയ്മൂറിന് യാത്രാക്കൂലിപോലും കയ്യിലില്ലാഞ്ഞതിനാൽ മറ്റ് പലരുടേയും സാമ്പത്തിക സഹായത്തോടെയായിരുന്നു ടെക്സാസിലെ ഹൂസ്റ്റൺ പട്ടണത്തിൽ നിന്ന് കാലിഫോർണിയയിലെ ലോസ് ഏഞ്ചൽ സിലേക്ക് ട്രെയിൻ കയറിയത്. അ വിടെയെത്തി. സഭാശുശ്രൂഷ ഏറ്റെടുത്ത സെയ്മൂർ തന്റെ ആദ്യപ്രഭാഷണത്തിൽ തന്നെ പലരുടേയും അപ്രീതിക്കു പാത്രീഭവിച്ചു. പരിശുദ്ധാത്മ അഭിഷേകത്തിന്റെ പ്രത്യക്ഷ അടയാളം അന്യഭാഷാ ഭാഷണം ആണെന്ന് സെയ്മൂർ പ്രസംഗിച്ചത് ബാപ്റ്റിസ്റ്റ് സഭാ നേതാക്കൾക്ക് അംഗീകരിക്കാൻ സാധിച്ചില്ല. അടുത്ത ഞായറാഴ്ച സഭായോഗം നടത്താൻ ആരാധനാലയത്തിൽ എത്തിയ സെയ്മൂറിനെ ഞെട്ടിച്ച് കൊണ്ട് സഭാ തീരുമാനം വന്നു-ഉപദേശപരമായി സെയ്മുറിനോട് യോജിക്കാൻ കഴിയാത്തതിനാൽ സഭയ്ക്ക് സെയ്മുറിന്റെ ശുശ്രൂഷ ആവശ്യമില്ല മടങ്ങിപ്പോകണം.




സെയ്മൂറിന്റെ മാനസികാവസ്ഥ ഊഹിക്കാവുന്നതേയുള്ളൂ. സഭാ തീരുമാനത്തിന് മുന്നിൽ നിന്ദിതനായി. തിരസ്കരിക്കപ്പെട്ടവനായി സഹായിക്കാൻ ആരുമില്ലാതെ സ്വദേശത്തേക്ക് മടങ്ങിപ്പോകാൻ സാമ്പത്തികശേഷിപോലും ഇല്ലാതെ പരിക്ഷീണിതനായി നിന്ന സെയ്മറിനെ പക്ഷേ ദൈവം കൈവിട്ടില്ല.

ആ സഭയിലെ തന്നെ ചില വിശ്വാസികൾക്ക് സെയ്മൂറിനോട് അനുകമ്പ തോന്നി. എഡ്വാർഡ്. എസ്. ലീ എന്ന ഒരു വിശ്വാസി തന്റെ ഭവനത്തിലേയ്ക്ക് സെയ്മൂറിനെ താമസത്തിനായ് ക്ഷണിച്ചു. ലീ യുടെ ഭവനത്തിലെത്തിയ സെയ്മൂർ നിരാശനാകാതെ കഠിനമായ ഉപവാസത്തിലും പ്രാർത്ഥനയിലും വ്യാപൃതനായിത്തീർന്നു. കൂടാതെ ആ ഭവനത്തിൽ ഒരു സായാഹ്ന ബൈബിൾ ക്ലാസ്സും ആരംഭിച്ചു. തുടർന്നുള്ള ദിനങ്ങൾ വേദപഠനത്തിനും പ്രാർത്ഥനയ്ക്കുമായ് മാറ്റിവെച്ചു. ഒരു ചെറിയ കൂട്ടം ആളുകൾ പ്രാർത്ഥനക്കായ് നിത്യവും വന്നുചേരുകയും ചെയ്തു. അഞ്ചാമത്തെ ആഴ്ചയിൽ തികച്ചു അപ്രതീക്ഷിതമായി പതിവുപോലെയുള്ള പ്രാർത്ഥനായോഗത്തിൽ എഡ്വാർഡ്. എസ്. ലീ. പരിശുദ്ധാത്മ ശക്തിയുടെ നിറവ് പ്രാപിച്ച് അന്യഭാഷയിൽ ദൈവ ത്തെമ ഹത്വപ്പെടുത്തി.



വലിയ ഒരു തീയ്ക്ക് മുഖാന്തിരമാകുന്ന തീപ്പൊരി മാത്രമായിരുന്നു. ആ സംഭവം. തുടർന്നുള്ള ദിവസങ്ങളിൽ ലീ യുടെ സാക്ഷ്യം കേട്ട മറ്റ പലരും ആത്മാഭിഷേകം പ്രാപിച്ചു. എന്നു മാത്രമല്ല ഈ വാർത്ത കാട്ടുതീപോലെ പരക്കുകയും ചെയ്തു. അനേക മാസങ്ങളായ് പരിശുദ്ധാത്മ ഉണർവ്വിനായി പ്രാർത്ഥിച്ചു കൊണ്ടിരുന്ന ജനങ്ങളുടെ പ്രാർത്ഥനയ്ക്കു ദൈവം മറുപടി നൽകാൻ തുടങ്ങി. വർഗ്ഗവർണ്ണ ഭേദമെന്യേ അനേകർ ആ ഭവനത്തിൽ എന്താണ് സംഭവിക്കുന്നത് എന്ന് കാണാനായി വന്നുകൊണ്ടിരുന്നു. പ്രാർത്ഥനയോടെ വന്ന പലരും ആത്മാഭിഷേകം പ്രാപിച്ച് മടങ്ങിപ്പോയി. ആ കൂട്ടത്തിൽ സെയ്മൂറിനെ പുറത്താക്കിയ സെക്കന്റ് ബാപ്റ്റിസ്റ്റ് ചർച്ചിലെ അംഗങ്ങളും അധികാരികളും ഉണ്ടായിരുന്നു പോലും!

ദിനംപ്രതി പ്രാർത്ഥനകൾക്ക് സംബന്ധിക്കുന്ന ജനങ്ങളുടെ എണ്ണം ക്രമാതീതമായി കുടിക്കൊണ്ടേയിരുന്നു.

11

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.